വാല്യം 83

വടക്കാഞ്ചേരി ബ്ലോക്ക്

(തൃശ്ശൂർ ജില്ല)

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി



ജനകീയാസൂത്രണപ്രസ്ഥാനം
വികസന റിപ്പോർട്ട്

ദേശമംഗലം ഗ്രാമപഞ്ചായത്ത്

1996

കെ. രാധാകൃഷ്ണൻ
പട്ടികജാതി, പട്ടികവർഗ്ഗ,
യുവജന ക്ഷേമ വകുപ്പ് മന്ത്രി

തിരുവനന്തപുരം
18–11–1996

ഭരണത്തിന്റെ എല്ലാ തലങ്ങളിലും പരമാവധി ജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. പ്രാദേശികമായ ആവശ്യങ്ങൾ മനസ്സിലാക്കിയും വിഭവങ്ങൾ കണ്ടെത്തി സമാഹരിച്ചും സംസ്ഥാനത്ത് പുതിയൊരു വികസന സംസ്ക്കാരം വളർത്തിയെടുക്കുകയാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി ദേശമംഗലം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വികസന റിപ്പോർട്ടിനും, ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കും സർവ്വ വിധ ആശംസകളും നേരുന്നു. ദേശമംഗലത്തിന്റെ സമഗ്ര വികസനത്തിന് ഈ പ്രവർത്തനങ്ങൾ, വഴിതുറക്കട്ടെ എന്നാശംസിക്കുന്നു.

കെ. രാധാകൃഷ്ണൻ

കെ. രാധാകൃഷ്ണൻ
പട്ടികജാതി, പട്ടികവർഗ്ഗ,
യുവജന ക്ഷേമ വകുപ്പ് മന്ത്രി

തിരുവനന്തപുരം
18–11–1996

ഭരണത്തിന്റെ എല്ലാ തലങ്ങളിലും പരമാവധി ജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. പ്രാദേശികമായ ആവശ്യങ്ങൾ മനസ്സിലാക്കിയും വിഭവങ്ങൾ കണ്ടെത്തി സമാഹരിച്ചും സംസ്ഥാനത്ത് പുതിയൊരു വികസന സംസ്ക്കാരം വളർത്തിയെടുക്കുകയാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി ദേശമംഗലം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വികസന റിപ്പോർട്ടിനും, ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കും സർവ്വ വിധ ആശംസകളും നേരുന്നു. ദേശമംഗലത്തിന്റെ സമഗ്ര വികസനത്തിന് ഈ പ്രവർത്തനങ്ങൾ, വഴിതുറക്കട്ടെ എന്നാശംസിക്കുന്നു.

കെ. രാധാകൃഷ്ണൻ

എസ്. അജയകുമാർ എം. പി.
ഒറ്റപ്പാലം

ഒറ്റപ്പാലം
18–11–1996

9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്നതോടെ കേരളത്തിന്റെ മുഖഛായ മാറും എന്നാണ് പ്രതീക്ഷിക്കുന്നത്. 9-ാം പദ്ധതിയുടെ അടങ്കൽ തുകയുടെ 35-40 ശതമാനം പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ ചിലവഴിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ദേശമംഗലം ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ വികസന റിപ്പോർട്ടിനും ജനകീയാസൂത്രണ - വികസന പ്രവർത്തനങ്ങൾക്കും എന്റെ ആശംസകളും, ഒരു ജനപ്രതിനിധി എന്ന നിലക്ക് പദ്ധതി വിജയത്തിനായി പ്രയത്നിക്കുമെന്ന് ഉറപ്പും നൽകുന്നു.

എസ്. അജയകുമാർ

വികസന റിപ്പോർട്ട്

ഐക്യം ശക്തിപ്പെടുത്തി നമുക്ക് മുന്നേറാം

സങ്കുചിതമായ കക്ഷി രാഷ്ട്രീയത്തിന്നതീതമായ ഒരു വികസനപ്രസ്ഥാനം രൂപംകൊണ്ടുവരികയാണ്. വികസനമേഖലകളിൽ വിശാലമായ ജനകീയൈക്യം സാധ്യമാണ്. പുരോഗതിക്ക് ഇത്തരമൊരു സമീപനം കൂടിയേ തീരൂ.

നമ്മുടെ രാജ്യത്ത് ആദ്യമായി ജനകീയാസൂത്രണം ഒരു യാഥാർത്ഥ്യമാകാൻ പോകുന്നു. അനുകരിക്കുവാൻ മറ്റു മാതൃകകളൊന്നുമില്ല. നമ്മുടെ പാത നാം തന്നെ തെളിയിക്കേണ്ടിയിരിക്കുന്നു. ആരെയെങ്കിലും ഒഴിച്ചുനിർത്തുക ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ശൈലിയല്ല. എല്ലാവരെയും പങ്കാളികളാക്കുക തന്നെയാണ് ലക്ഷ്യം. ഒൻപതാം പദ്ധതി അടങ്കലിന്റെ 35-40% തുകയ്ക്ക് വരുന്ന സ്കീമുകൾ ത്രിതല പഞ്ചായത്തുസമിതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്. ഒരു പുതിയ വികസന സംസ്ക്കാരം വളർത്തിയെടുക്കാൻ നമുക്കു ശ്രമിക്കാം.

പ്രാദേശിക അസന്തുലിതാവസ്ഥ ഇല്ലാതാക്കി വികസനനേട്ടങ്ങളെ നീതിപൂർവ്വകമായി വിതരണം ചെയ്യുകയും, സമഗ്രമായ അപഗ്രഥനത്തിലൂടെ മണ്ണും ജലവും ജൈവസമ്പത്തും മനുഷ്യശക്തിയും ബുദ്ധിയും സമന്വയിപ്പിച്ച് പുതിയൊരു ഉല്പാദന സംസ്ക്കാരം വളർത്തിയെടുക്കുകയുമാണ് നമുക്കു ചെയ്യാനുള്ള പ്രധാന കർത്തവ്യം. ഈ മഹത്തായ യത്നത്തിലേക്കുള്ള എളിയ കാൽവെപ്പാണ് ഈ വികസന റിപ്പോർട്ട്. ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിൽ അത്യന്തം ഉത്സുകരായ ഒരു ചെറിയ പ്രവർത്തകസംഘത്തിന്റെ സംഭാവനയാണിത്.

റിപ്പോർട്ട് തയ്യാറാക്കാൻ തുടങ്ങിയപ്പോൾ പല പുതിയ അറിവുകളും ലഭിച്ചു. നമ്മുടെ പരിമിതികൾ, പോരായ്മകൾ, വിദഗ്ധരുടെ ആവശ്യകത, കൂട്ടായ്മയുടെ ശക്തി എല്ലാം ബോദ്ധ്യപ്പെട്ടു.

ഇതൊരു സമഗ്രറിപ്പോർട്ടാണെന്ന് അവകാശപ്പെടുന്നില്ല. പക്ഷെ, ഉറച്ചൊരു കാൽവെപ്പാണ്. ഈ ഐക്യവും ശക്തിയും കൂടുതൽ ഊട്ടിയുറപ്പിച്ചുകൊണ്ട് നമുക്കു മുന്നേറണം. വികസന റിപ്പോർട്ട് ചർച്ച ഗൗരവതരമാക്കണം; ഈ റിപ്പോർട്ട് സമ്പുഷ്ടമാക്കാൻ അതുപകരിക്കും. ഈ പരീക്ഷണം സമ്പൂർണ വിജയമാക്കാൻ എല്ലാവരും സഹകരിക്കുമല്ലൊ.

കെ.കെ.മുരളീധരൻ
പ്രസിഡന്റ്, ദേശമംഗലം ഗ്രാമപഞ്ചായത്ത്

ഉള്ളടക്കം

ആമുഖം 7

ചരിത്ര പശ്ചാത്തലം 8

പഞ്ചായത്തിന്റെ പൊതുവിവരണം 11

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം 12

മാപ്പുകൾ 13

പ്രകൃതിയും വിഭവങ്ങളും 19

വികസന മേഖലകൾ

കൃഷി ജലസേചനം 21

മത്സ്യബന്ധനം, മൃഗപരിപാലനം 33

വിദ്യാഭ്യാസം 36

കുടിവെള്ളം, പൊതു ജനാരോഗ്യം 42

വ്യവസായം 50

ഗതാഗതം, ഊർജ്ജം 55

പാർപ്പിടം, സാമൂഹ്യക്ഷേമം 62

സംസ്ക്കാരം 65

വനിത 68

സഹകരണ മേഖല 71

പട്ടികജാതി, പട്ടിക വർഗ്ഗക്ഷേമം 74

വിഭവസമാഹരണം 78

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

ഡോ. ദേശമംഗലം രാമകൃഷ്ണൻ

കെ.സത്യനാഥൻ

സി.കെ. ബാലൻ മാസ്റ്റർ

പി. രാധാകൃഷ്ണൻ മാസ്റ്റർ

ടി.എം. ഹംസ മാസ്റ്റർ

കെ.കെ. മുഹമ്മദ് കുട്ടി മാസ്റ്റർ

കെ. ആർ. ശശീധരൻ

പി.പി. നന്ദകുമാർ

യു. ശ്രീകുമാർ

എം. ഭാസ്കരൻ

ഗണേശൻ പിള്ള

ടി.വി. മോഹനൻ

എൻ. രാജുലക്ഷ്മി

കെ. പ്രേമൻ

എം. ഗോപാലകൃഷ്ണൻ

ദേശമംഗലം ഗ്രാമപഞ്ചായത്ത്

ഭരണസമിതി അംഗങ്ങൾ




കെ.കെ. മുരളീധരൻ
പ്രസിഡന്റ്




പി.കെ. റുക്കിയ അബ്ദുള്ള
വൈസ് പ്രസിഡന്റ്



പി.കെ. ബാലകൃഷ്ണൻ
സ്റ്റാൻഡിങ്ങ് കമ്മറ്റി
ചെയർമാൻ




സി.വി. രാധാകൃഷ്ണൻ
സെക്രട്ടറി



ടി.എസ്. മമ്മി
മെമ്പർ



ടി.എ. ശാന്ത
മെമ്പർ



എം. മുഹമ്മദ്
മെമ്പർ



എം.എസ്. സുകുമാരൻ
മെമ്പർ



സി. ശോഭന കുമാരി
മെമ്പർ



പി.എം. അബ്ദുൾഖാദർ
മെമ്പർ

ദേശമംഗലം ഗ്രാമപഞ്ചായത്ത്

മുൻ പ്രസിഡന്റ്മാർ



കെ.ജി. മേനോൻ
പ്രഥമ പ്രസിഡന്റ്



കെ.പി. നാരായണൻ
മുൻ പ്രസിഡന്റ്



എൻ.എ. രഘുനാഥ്
മുൻ പ്രസിഡന്റ്



കെ.വി. നീലകണ്ഠൻ നമ്പൂതിരി
മുൻ പ്രസിഡന്റ്

ആമുഖം

സ്വാതന്ത്ര്യം നേടിയശേഷം രാജ്യത്തിന്റെ വികസന പദ്ധതികൾ 'പഞ്ചവത്സര പദ്ധതികൾ' എന്ന പേരിൽ നാം നടപ്പാക്കിവന്നു. എന്നാൽ ഈ പദ്ധതികളുടെ ആസൂത്രണം ഉദ്യോഗസ്ഥതലത്തിലും മുകൾത ട്ടിൽനിന്ന് താഴോട്ട് എന്ന രീതിയിലുമായിരുന്നു. ജനാഭിലാഷങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെട്ടിരുന്നില്ല.

ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ ഈ സ്ഥിതിക്ക് മാറ്റം വന്നു. ആസൂത്രണം താഴെ തലത്തിൽ നിന്ന് എന്ന ആശയം അംഗീക രിക്കപ്പെട്ടു.

പഞ്ചായത്ത് തലത്തിലെ ഗ്രാമസഭകൾ പ്രത്യക്ഷ ജനാധിപത്യ ത്തിന്റെ പര്യായമായിത്തീർന്നു. പദ്ധതി ആസൂത്രണം സാധാരണക്കാ രിലേക്ക് മുഖം തിരിച്ചു. 9-ാം പദ്ധതി അടങ്കലിന്റെ 35-40% തുക ഇപ്ര കാരം ഗ്രാമസഭകളുടെ അഭിലാഷമനുസരിച്ച് വീനിയോഗിക്കപ്പെ ടാൻപോവുകയാണ്.

ഇതൊരു ആദ്യ പരീക്ഷണമാണ്. മുൻപരിചയം ആർക്കുമില്ല. ഓരോ വാർഡിലേയും വിശേഷാൽ ഗ്രാമസഭകൾ അതാത് വാർഡിലെ വിക സന പ്രശ്നങ്ങൾ ചർച്ചചെയ്ത് പുതിയ ആവേശവും പുതിയ അറിവും പ്രകടിപ്പിച്ചു കഴിഞ്ഞു. ഇവയെ പദ്ധതിയാക്കി മാറ്റുന്നതിനു നമുക്കി നിയും കൂട്ടായി പ്രയത്നിക്കേണ്ടതുണ്ട്.

ചരിത്ര പശ്ചാത്തലം

ഒരു കാലത്തെ ജൈന സംസ്കാരകേന്ദ്രം എന്ന നില യ്ക്കാണ് തലപ്പിള്ളി(- പള്ളി)യുടെ സ്ഥലനാമോൽപത്തി. ഇന്നത്തെ തലപ്പിള്ളി താലൂക്കും, പൊന്നാനിമുതൽ ചേറ്റു വാവരെയുള്ള തീരപ്രദേശവും ഉൾപ്പെട്ടതായിരുന്നു പണ്ടത്തെ തലപ്പിള്ളി നാടുകൾ. അരനൂറ്റാണ്ട് മുൻപ് താലൂക്കിൽപ്പെട്ട വില്ലേജുകളുടെ എണ്ണം 74 ആണ്. മുന്നി ലൊരു ഭാഗം മുഴുവനും ഘോരവനമായിരുന്നു. ചെറു തുരുത്തി, മുള്ളൂർക്കര, വടക്കഞ്ചേരി കുന്നംകുളം, ഗുര വായൂർ, പാലയൂർ തുടങ്ങിയ സ്ഥലങ്ങൾ തലപ്പിള്ളി താലൂക്കിലെ മുഖ്യ ഘടകങ്ങളാണ്. താലൂക്കിന്റെ പടി ഞ്ഞാറെ അതൃത്തിയിലായി സ്ഥിതി ചെയ്യുന്ന വൂടതല, കണ്ടാണിശ്ശേരി, ആർത്താറ്റ്, അഞ്ഞൂർ കാട്ടകാമ്പാൽ, കട വല്ലൂർ, കൊരട്ടിക്കര എന്നീ സ്ഥലങ്ങൾക്ക് പൊതുവേ തലപ്പിള്ളി മേൽവട്ടം എന്നു പേരുണ്ടായിരുന്നു. (കേരള ത്തിലെ സ്ഥലനാമ ചരിത്രങ്ങൾ - വി.വി.കെ വാലത്ത്)

തലപ്പിള്ളി കീഴ് വട്ടത്തിലെ പേരാറ്റുവീഥി എന്നറിയ പ്പെടുന്ന മേഖലയിലെ ഗ്രാമമാണ് ദേശമംഗലം. മുള്ളൂർക്കര നാടുവാഴിയായിരുന്ന മനക്കോട്ടച്ചന്റെ അധീ നതയിലായിരുന്നു ഈ ഗ്രാമമെന്നു പറയാം.

ചരിത്രം ചികഞ്ഞുനോക്കുമ്പോൾ ദേശമംഗലം എന്ന ഗ്രാമത്തെപ്പറ്റി അതതിടങ്ങളിൽ ചില്ലറ പരാമർശ ങ്ങൾകാണാം. എന്നാൽ കേരള ചരിത്രത്തിൽ വലിയ പ്രാധാന്യമൊന്നും കാണുന്നില്ല. പ്രധാന പാത ത്തിൽനിന്നും അകത്തേക്കുമാറി കിടക്കുന്ന ഈ ഗ്രാമ ത്തിലൂടെ പടയോട്ടങ്ങളോ കച്ചവടയാത്രകളോ ഉണ്ടാ യിട്ടില്ല. ചരിത്രം ഊടുവഴികളിലൂടെയല്ലല്ലോ രൂപപ്പെടു ന്നത്. നമ്പൂതിരി - ബ്രാഹ്മണ കുടിയേറ്റമുള്ള സ്ഥലങ്ങളു ടെപേരിൽ 'മംഗലം' എന്നു പൊതുവായി ചേർത്തുകാ ണാറുണ്ട്. ഒരു പ്രധാന നമ്പൂതിരി ഗ്രാമമെന്ന നില യ്ക്കാണ് 'ദേശമംഗലം' എന്ന പേര്


തൃശൂർ ജില്ലയിൽപ്പെട്ട പ്രദേശമാണെങ്കിലും തൊട്ട ടുത്തുള്ള വള്ളുവനാടൻ സംസ്കാരവുമായി ഇഴുകി ചേർന്ന നാടൻ തനിമയാണ് ദേശമംഗലത്തിന്റെ സംസ്ക്കാരം. ഈ ഗ്രാമത്തിലെ സ്വംസാരരീതിയും ആചാ രവും കലകളും വേലയുത്സവങ്ങളും വള്ളുവനാടനാണ്. തൃശൂർ ജില്ലയുടെ വടക്കുഭാഗത്ത് ഭാരതപ്പുഴയുടെ കര യിലുള്ള ഈ ഗ്രാമം പ്രകൃതിഭംഗിക്കു കേൾവികേട്ട താണ്. ചലച്ചിത്ര കലായാഗ്രഹകർക്ക് പ്രിയപ്പെട്ട ഭൂമി. അതി പ്രശസ്തരായ ഭാഗവതർമാരും വാരിയർമാരായ പണ്ഡി തന്മാരും ദേശമംഗലം ഏ.കെ.ടി.കെ.എം മനയും ഇവിടെ ഉണ്ടായിരുന്നു. ദേശമംഗലം വാരിയത്തെ പണ്ഡിതന്മാ രുടെ സംഭാവനകളും ദേശമംഗലം മനയുടെ പ്രതാപവും എന്നും ഓർമ്മിക്കപ്പെടും. ലീലാതിലകം എന്ന പ്രാചീന മണിപ്രവാള ലക്ഷണഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി ദേശമംഗലം വാരിയത്തുനിന്നാണ് കണ്ടുകിട്ടിയത്. തിരു വനന്തപുരം സർവ്വകലാശാല മാനുസ്ക്രിപ്റ്റ് ലൈബ്ര റിയിലെ വലിയൊരു ശേഖരം ദേശമംഗലം വാരിയത്തെ താളിയോല കെട്ടുകളാണ്. കേരളത്തിലെ സാഹിത്യകാ രന്മാർ ദേശമംഗലം മനയുടെ മംഗളോദയം (തൃശൂർ) മാസികയിലൂടെയും പബ്ലിക്കേഷൻ കമ്പനിയിലൂടെയും മംഗളോദയം നഴ്സിംഗ് ഹോമിലൂടെയും ആണ് സാഹിത്യ ജീവിതത്തെ വളർത്തിയെടുത്തത് എന്നകാര്യം തകഴിയെപ്പോലുള്ളർ ഇന്നും ഓർക്കുന്നു. "മംഗളോദയം" ദേശമംഗലത്തുനിന്ന് ഉദയം ചെയ്തത് എന്നർത്ഥം. മാസി കയും അതിന്റെ കേരള കല്പദ്രുമം പ്രസ്സും ആരംഭിച്ചത് ദേശമംഗലത്തുനിന്നുതന്നെയാണ്. ശ്രീ.ഏ.കെ.ടി.കെ.എം

തമ്പുരാന്റെ സേവനം ഈ ഗ്രാമത്തിന്റെ പേര് പ്രകാശിപ്പിക്കുന്നതായിരുന്നു. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഒരു ഭഗവദ് ഗീതയും കുറെ മൂലകളും' എന്ന സമാഹാരത്തിലെ അതേപേരുള്ള ചെറുകഥ അക്കാലത്തെ ദേശമംഗലത്തിന്റെ ആനച്ചന്തവും പെൺചന്തവും ജന്മിത്തവും വെളിപ്പെടുത്തുന്നു. മനകൊണ്ട് ദേശമംഗലം നിവാസികൾക്ക് കാര്യമായ ഭൗതിക നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ലെങ്കിലും സ്ഥലപ്രശസ്തിക്കു അവരുടെ ആനകളും മംഗളോദയം പ്രവർത്തനങ്ങളും ഇടയാക്കിയിട്ടുണ്ട്. ഈ ഗ്രാമത്തിലെ കൊച്ചി സർക്കാർ ഗ്രാമീണവായനശാലക്ക് ഡി.എച്ച്. നമ്പൂതിരിപ്പാടും മറ്റും ചെയ്ത സേവനങ്ങൾ ചെറിയ തോതിലാണെങ്കിലും ഓർക്കത്തക്കതാണ്.

1957 ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ വരുന്നതുവരെ ഈ ഗ്രാമം മനയുടെ ചൊൽപ്പടിക്കു നിന്നിരുന്നു. മനയുടെ പാടശേഖരങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്തു പോന്നവർ അനുഭവിച്ചിരുന്ന കഷ്ടനഷ്ടങ്ങൾ ഏറെയാണ്. കീഴ്ജാതിക്കാർ പല ദുരിതങ്ങളും അനുഭവിച്ചുപോന്നു.

ജനകീയ ജനാധിപത്യ പ്രക്രിയയുടെ ത്വരിതഗതിയിൽ അതൊക്കെ ഇല്ലാതാക്കികൊണ്ടിരിക്കുകയാണ്. അയിത്തം, സഞ്ചാരസ്വാതന്ത്ര്യമില്ലായ്മ തുടങ്ങിയവ അതിവേഗം അപ്രത്യക്ഷപ്പെടാൻ പുരോഗമന വിപ്ലവബോധമുള്ള പ്രസ്ഥാനങ്ങളുടെ സംഘടിത പ്രവർത്തനം സഹായിച്ചിട്ടുണ്ട്.

സാഹിത്യ അക്കാദമി അവാർഡ് നേടിയ പുലാക്കാട്ടു രവീന്ദ്രൻ,. പാർളിമെന്റേറിയനും നിയമസഭാംഗവുമായിരുന്ന സി.കെ.ചക്രപാണി, മുൻമന്ത്രി.കെ.കൊച്ചുകുട്ടൻ, എ.എസ്.എൻ.നമ്പീശൻ, കെ.എസ്.ശങ്കരൻ, സി.ശിവരാമമേനോൻ, ഏ.സി.ജോസഫ് എന്നിവരുടെ നാമധേയങ്ങൽ ദേശമംഗലത്തിന്റെ പുരോഗതിയിൽ ഓർക്കപ്പെടേണ്ടവയാണ്. ദേശമംഗലം വാരിയർമാരുടെ നിരയിൽ അവസാനത്തെ കണ്ണിയായിരുന്ന പണ്ഡിതശിരോമണി പ്രൊഫ. ദേശമംഗലത്ത് രാമവാര്യർ നമ്മുടെ ഗ്രാമപ്രശസ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രശസ്തമഹാകവി ഒ.എൻ.വി. കുറുപ്പ് ദേശമംഗലം ഗ്രാമവുമായി നിരന്തരബന്ധമുള്ള വ്യക്തിയാണെന്നതും പ്രത്യേകം പറയേണ്ടതുണ്ട്.



പഞ്ചായത്ത് പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്		:	ദേശമംഗലം
ഉൾപ്പെടുന്ന വില്ലേജുകൾ		:	ദേശമംഗലം, പല്ലൂർ, തലശ്ശേരി, ആറംങ്ങോട്ടുകര
ബ്ലോക്ക് പഞ്ചായത്ത്		:	വടക്കാഞ്ചേരി
താലൂക്ക്		:	തലപ്പിള്ളി
ജില്ല		:	തൃശൂർ
നിയമസഭാ മണ്ഡലം		:	ചേലക്കര(പട്ടികജാതിസംവരണം)
ലോകസഭാണ്ഡലം		:	ഒറ്റപ്പാലം(പട്ടികജാതിസംവരണം)
വിസ്തീർണ്ണം		:	23.35 ച.കി.മീറ്റർ
അതിരുകൾ		:	
	കിഴക്ക്	:	വള്ളത്തോൾ നഗർ പഞ്ചായത്ത്, ഭരതപ്പുഴ
	പടിഞ്ഞാറ്	:	തിരുമിറ്റക്കോട് പഞ്ചായത്ത്
	തെക്ക്	:	വരവൂർ പഞ്ചായത്ത്
	വടക്ക്	:	ഭാരതപ്പുഴ
ജനസംഖ്യ		:	18237
	സ്ത്രീകൾ	:	9421
	പുരുഷന്മാർ	:	8816
സാക്ഷരതാനിരക്ക്		:	95.8%
വാർഡുകളുടെ എണ്ണം		:	9
	സ്ത്രീ സംവരണം	:	3
	പട്ടികജാതി സംവരണം	:	1
	ജനറൽ	:	5
പ്രസിഡണ്ട്		:	ശ്രീ.കെ.കെ.മുരളീധരൻ
വൈസ് പ്രസിഡന്റ്		:	ശ്രീമതി.പി.കെ. റുക്കിയ അബ്ദുള്ള.
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ		:	ശ്രി.പി.കെ.ബാലകൃഷ്ണൻ
ജില്ലാ പഞ്ചായത്ത് മെമ്പർ		:	ശ്രീമതി. പി. ഭാഗ്യലക്ഷ്മിഅമ്മ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ		:	1. ശ്രീ. വി.ബാബുരാജ്
			2. ശ്രീമതി. കെ.വി.നബീസ

സാമൂഹിക സാംസ്കാരിക ചരിത്രം

ദേശമംഗലത്തിന്റെ ചരിത്രം ഇവിടത്തെ മുഖ്യ ജന്മി കുടുംബമായിരുന്ന ദേശമംഗലം മനയുടെ ചരിത്രവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. കേരളത്തിലെ പഴയ ജന്മി കുടുംബങ്ങളിൽ അതി പ്രധാനവും സമ്പന്നവുമായിരുന്നു അവണാവ് എന്നും കാഞ്ഞിയൂര് എന്നും കൂടി പ്പേരുള്ള തെക്കിനിയേടത്ത് കിരാങ്ങാട്ട് മന. പാലിയത്ത് വകയും മുണ്ടയൂർ തുടങ്ങിയ ചെറിയ മനകൾക്കും ഏതാനും നായർ കുടുംബങ്ങൾക്കും ദേവസ്വങ്ങൾക്കും പഞ്ചായത്ത് പ്രദേശത്ത് ജന്മം ഭൂമിഉണ്ടായിരുന്നുവെങ്കിലും 70 % ഭൂമിയും ദേശമംഗലം മന വകയായിരുന്നു. 1,70,000 ൽപരം പറനെല്ലും 20,000 ൽപരം ഉറുപ്പികയും പാട്ടം വരവുള്ള ഭൂമി മനക്ക് ഉണ്ടായിരുന്നു. തലപ്പിള്ളി താലൂക്കിനു പറമെ പാലക്കാട് ജില്ലയിലും മലപ്പുറം ജില്ലയിലെ കാളിക്കാവ് - നിലമ്പൂർ ഭാഗങ്ങളിലും മനവക ഭൂമി ഉണ്ടായിരുന്നു. എടുത്തു പറയത്തക്ക കർഷക മുന്നേറ്റമോ ചെറുത്തുനിൽപ്പോ ഉണ്ടായിരുന്നില്ല. ദേശമംഗലത്ത് ആദ്യമായി ഒരു വിദ്യാലയം സ്ഥാപിച്ചത് മനയാണ്. പിന്നീട് ഇന്റ്രീയൽ സ്കൂളും ആശുപത്രിയും സ്ഥാപിക്കപ്പെട്ടു. 'ഒന്നാം തമ്പുരാന്റെ' ശ്രമഫലമായിട്ടാണ് കൊച്ചി ദിവാനായിരുന്ന ഡിക്സൺ ഒലിച്ചിയിൽ ചിറപണിതത്.


മുണ്ടശ്ശേരി, സർദാർ കെ.എം.പണിക്കർ എന്നിവരുടെ നിത്യ സന്ദർശന കേന്ദ്രമായിരുന്നു ദേശമംഗലത്തെ മംഗളോദയം പ്രസ്സ്. ആദ്യകാലത്ത് സ്ഥാപിക്കപ്പെട്ട ദേശമംഗലം സർവ്വീസ് സഹകരണ സംഘം പ്രസിഡണ്ടും ഒന്നാം തമ്പുരാൻ എന്നറിയപ്പെട്ട നാരായണൻ നമ്പൂതിരിപ്പാട് ആയിരുന്നു.

മേല്പറഞ്ഞ സ്ഥാപനങ്ങളും ആധുനിക കാലങ്ങളിൽ സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളും ഗ്രാമത്തിന്റെ വികസനത്തിന് കാര്യമായ സംഭാവനകൾ നൽകിയിട്ടില്ല. എന്നാൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ അവയുടെ മുഖഛായ തന്നെ മാറ്റുമെന്നു പ്രത്യാശിക്കാം.




ദേശമംഗലം മന (പഴയ ഫോട്ടോ)


ദേശമംഗലം ഗ്രാമപഞ്ചായത്ത് വാർഡുകൾ



ദേശമംഗലം ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങൾ



ദേശമംഗലം ഗ്രാമപഞ്ചായത്ത് റോഡുകൾ



ഭൂപ്രകൃതിയും വിഭവങ്ങളും

വടക്കേ അതൃത്തി നിളാനദിയാണ്. വള്ളത്തോൾന ഗർ പഞ്ചായത്തിന്റെ പടിഞ്ഞാറ് പള്ളം മുതൽ ദേശമംഗലം കറ്റവട്ടൂർ പ്രദേശങ്ങളിൽകൂടി വടക്കോട്ടു ഒഴുകി പല്ലൂരിൽവെച്ച് വീണ്ടും പടിഞ്ഞാറോട്ടു തിരിഞ്ഞ് കൊണ്ടയൂർ വറവട്ടൂർ, ചെറുകാടുകൂടി തിരുമിറ്റക്കോട് പഞ്ചായത്തിലേക്കു പ്രവേശിക്കുന്നു നിളാനദി. പള്ളത്തെ കളിമണ്ണിൽ മണലിന്റെ അംശം കുറവായതിനാൽ അവിടം നാടൻ ഇഷ്ടിക നിർമ്മാണത്തിന്റെ കേന്ദ്രമാണ്. പടിഞ്ഞാറോട്ടു നീങ്ങുംതോറും ഈ തോതിൽ കുറവു കാണുന്നുണ്ട്. കൊണ്ടയൂരിലെ കൊടപ്പാറ ഭാഗത്ത് മണലിന്റെ ആധിക്യം കാണാം. വീണ്ടും പടിഞ്ഞാറോട്ടു നീങ്ങിയാൽ മണൽരാശി കുറഞ്ഞ കളിമണ്ണാണ്.

പഞ്ചായത്തിലെ നെൽകൃഷിമേഖലയിൽ കൂടുതലും ഭാരതപ്പുഴയുടെ തീരത്താണ്. കിഴക്ക് വള്ളത്തോൾ നഗർ പഞ്ചായത്തിൽപ്പെട്ട പാടശേഖരങ്ങളും തെക്കുകിഴക്ക് കുന്നുകളുമാണ്. മുഖ്യമായും വരവൂർ പഞ്ചായത്തിനോടുചേർന്ന തെക്കേ അതിർത്തി കുന്നുകളുടെ ഒരു നിരയാണ്. കുണ്ടുകാട്കുന്ന്, കാരക്കുന്ന്, കോട്ടക്കുന്ന്, കോന്നാൻകുന്ന്, ഉണിക്കുന്ന്, തച്ചുകുന്ന് എന്നിങ്ങനെ. പടിഞ്ഞാറെ അതൃത്തിയിൽ മുഖ്യമായി തച്ചുകുന്ന് മാത്രമെയുള്ളൂ. തെക്കുനിന്ന് വടക്കോട്ടുനീങ്ങുമ്പോൾ വീണ്ടും വലുതും ചെറുതുമായ കുന്നുകൾ വളർത്തുകാട്കുന്ന്, അമ്പാട്ടുകുന്ന്, ഓടുപാറകുന്നു, കള്ളിക്കുന്ന്, കൊടക്കാട്ടുകുന്ന്, തെയ്യൻകോടൻമല, പല്ലികുന്ന്, നീട്ടയത്ത്കുന്ന് തുടങ്ങിയവ. ഈ കുന്നുകൾകിടയിലെ ചെറിയ 'കുളമ്പുകൾ' നെൽപാടങ്ങൾ. തെയ്യൽകൊടൽമല ഏതാണ്ട് മുഴുവനും ഇപ്പോൾ ദേശമംഗലം റബ്ബർ എസ്റ്റേറ്റ് ആയി അറിയപ്പെടുന്നു. മറ്റു കുന്നിൻ ചെരിവുകളും ഇപ്പോൾ റബ്ബർ എസ്റ്റേറ്റുകളായി മാറിക്കൊണ്ടിരിക്കുന്നു. കുണ്ടുകാടും വളർത്തുകാടും റബ്ബർ തന്നെ. ദേശമംഗലം റബ്ബർ എസ്റ്റേറ്റിന്റെ വടക്കുപടിഞ്ഞാറു സുമാർ 15 ഹെക്ടർ തെങ്ങു കൃഷിയാണ്.

പഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ അധികവും കുന്നിൻപ്രദേശങ്ങളിലാണ്. പുറമ്പോക്കുമെച്ചിൽസ്ഥലങ്ങളായിരുന്ന ഈ കുന്നുകൾ രണ്ടാംലോകമഹായുദ്ധകാലത്ത് Grow More Food പരിപാടിയുടെ ഭാഗമായി താല്ക്കാലിക കൃഷിക്കു അനുവദിച്ചതോടെയാണ് ഇവിടങ്ങളിൽ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾ കുടിയേറിപാർത്തതും, ആസ്ഥലങ്ങൾ പതിച്ചുകൊടുത്തപ്പോൾ അവ കോളനികളായിമാറിയതും. റബ്ബറിനു പറമെ കുന്നിൻ ചെരുവകളിൽ തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും വയലുകളുടെ കരയ്ക്കുള്ള നിരപ്പു ഭൂമികളിൽ കവുങ്ങ്, വാഴ മുതലായവയും കൃഷി ചെയ്യുന്നു. താഴ്ന്ന ഭൂമികളിൽ നെൽകൃഷിതന്നെ. ഏക ജനലസേചനമാർഗ്ഗമായി ആശ്രയിക്കാവുന്നത് ചീരക്കുഴികനാൽ ആണ് കുന്നുകൾക്കിടയിൽ ചെറുകുളങ്ങളും തോടുകളും അപൂർവ്വമായി കാണാം. പൊതുവേ മഴ കുറവുള്ള പ്രദേശമാണ്. കുത്തനെ ചെരിവുള്ള പ്രദേശങ്ങളിൽനിന്ന് മഴവെള്ളം ഭൂമിയിലേക്കു താഴ്ന്നിറങ്ങാതെ വളരെ വേഗം ഒലിച്ചുപോകുന്നു. പുഴയോടുചേർന്നുകിടക്കുന്ന പ്രദേശങ്ങളൊഴികെ എല്ലായിടത്തും നെൽകൃഷിക്ക് വേണ്ടത്ര ജലം ലഭ്യമല്ല.

1953 ലാണ് ഇന്നത്തെ രൂപത്തിൽപഞ്ചായത്ത് രൂപീകൃതമായത്. ദേശമംഗലം, പല്ലൂർ, തലശ്ശേരി, ആറങ്ങോട്ടുകര എന്നീ റവന്യൂ വില്ലേജുകൾ ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് രൂപീകരിച്ചത്. പിന്നീട് പഞ്ചായത്തതൃത്തി


യിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. ആദ്യം 6 വാർഡുകളാണുണ്ടായിരുന്നത്. 1979 ൽ 9 ആയും വർദ്ധിച്ചു. എന്നാൽ പഞ്ചായത്ത് രാജ് നിയമം വന്നതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിന് മുന്നോടിയായി ആകെയുള്ള 9 വാർഡുകളുടേയും അതിർത്തിയിൽ പരക്കെ മാറ്റമുണ്ടായിട്ടുണ്ട്.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഒന്നാം ഘട്ട് പരിശീലനവും തുടർന്നുള്ള വിശേഷാൽ ഗ്രാമസഭകളും പൂർത്തിയായി. സെപ്തംബർ 13 മുതൽ ഒക്ടോബർ 2 വരെയായിരുന്നു ഗ്രാമസഭകൾ സമ്മേളിച്ചത്. ഇവയിലെ ബഹുജനപങ്കാളിത്തം അൽപം ഉയർന്നിട്ടുണ്ടെങ്കിലും തികച്ചും തൃപ്തികരമെന്ന് പറയാനാവില്ല. വികസനപങ്കാളിത്തത്തെകുറിച്ചുള്ള പുതിയൊരാവേശം ജനങ്ങളിൽ ദൃശ്യമാണ്.

ഇപ്പോൾ പഞ്ചായത്തിൽ 3 സർക്കാർ സ്കൂളുകളും ഒരു എയ്ഡഡ് L.P.സ്കൂളും ഒരു അൺ എയ്ഡഡ് ഹൈസ്കൂളുമുണ്ട്.

ഭൂമി തുണ്ടുകളാക്കപ്പെട്ടിരിക്കുന്നു. 5499 കൈവശക്കാരിൽ 217 മാത്രമാണ് അഞ്ചേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ. 10 സെന്റിൽ താഴെയുള്ളവർ 818. പത്ത്സെന്റ് മുതൽ 25 സെന്റ് വരെ കൈവശമുള്ളവർ 1043. ഭൂമി ഇത്രയും ചെറിയ തുണ്ടുകളാക്കപ്പെട്ടത് ശാസ്ത്രീയ കൃഷിരീതി നടപ്പാക്കാൻ തടസ്സം നിൽക്കുന്നു. 4361 കെട്ടിടങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 972 എണ്ണം ഓലപ്പുരകളാണ്. വാട്ടർ അതോറിറ്റി നിയന്ത്രണത്തിൽ കുടിവെള്ള വിതരണമുണ്ട്. 127 പൊതുടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നു. 9 കുഴൽ കിണർ, 40 പൊതുകിണർ എന്നിവയുമുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ സംവിധാനം ഉണ്ടാക്കണം.

30 ഫ്ളൂറസന്റ് ട്യൂബുകളും, 340 ബൾബുകളുമാണ് തെരുവ് വിളക്കുകളായി ഉള്ളത്. സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കാനുള്ള നടപടി പുരോഗമിക്കുന്നു.



വികസന മേഖലകൾ

1. കൃഷി ജലസേചനം

കൃഷി

നൂറ്റാണ്ടുകളായി ദേശമംഗലം പഞ്ചായത്തിൽ നിലനിന്നിരുന്നത് ജന്മികുടിയാൻ സമ്പ്രദായമായിരുന്നു. ദേശമംഗലം (AKTKM) മന, മുണ്ടയൂർ, മന , കപ്ലിങ്ങാട്ടു മന, ഒരുപുലാശ്ശേരി മന, കോഴിശ്ശേരി മന തുടങ്ങിയ ഏതാനും മനകളും പാലിയംവക, തിച്ചൂർ ദേവസ്വം, കൊണ്ടയൂർ ദേവസ്വം തുടങ്ങിയ 16 ഓളം ദേവസ്വങ്ങളും 120 ഓളം സ്വകാര്യ വ്യക്തികളുമായിരുന്നു. ഈ പ്രദേശത്തിന്റെ മുഴുവൻ ഭൂവുടമകൾ. ഭൂവുടമകളായ ജന്മിമാരിൽ നിന്നും കൃഷിഭൂമി പാട്ടത്തിനെടുത്ത് കുടിയാന്മാർ കൃഷി ചെയ്തുവന്നിരുന്നു.

ഭൂപ്രകൃതി

മലകളും, മലമടക്കുകളും, ചെങ്കുത്തായ ഇറക്കങ്ങളും, സമതലങ്ങളും, മലമുകളിൽ നിന്നൊഴുകുന്ന നീർചാലുകളും, താഴ്വരകളും ചേർന്ന പ്രകൃതി രമണീയ ഒരു ഭൂഭാഗമാണ് ദേശമംഗലം പഞ്ചായത്ത്. നീർച്ചാലുകൾ തോടുകളായി പരിണമിച്ച് നിളാ നദിയിൽ എത്തിച്ചേരുന്നു. കുന്നിൻപുറങ്ങൾ ചെമ്മണ്ണും, വെട്ടുകല്ലും കരിമ്പാറകളും നിറഞ്ഞതാണ്. താഴ്വരകളിൽ ഫലപൂയിഷ്ടമായ ചെമ്മണ്ണാണ്. സമതലങ്ങളിൽ എക്കൽമണ്ണും നിളാ നദിയുടെ തീരപ്രദേശത്തുള്ള സമതലങ്ങളിൽ മണൽ കലർന്ന പശിമരാശിമണ്ണും, കളിമണ്ണും കാണപ്പെടുന്നു.

പ്രാചീന കൃഷി രീതികൾ

നെല്ലായിരുന്നു അന്നത്തെ പ്രാധാന ധാന്യവിള കട്ടമോടൻ, തവളക്കണ്ണൻ ആര്യൻ, ചീര, നവര, വെള്ളക്കഴമ, വട്ടൻ ചിറ്റ്യാനി, വെട്ട്യേരി എന്നിവയായിരുന്ന പ്രധാന വിത്തിനങ്ങൾ . ജലസേചനത്തിന് മുഖ്യമായും ആശ്രയിച്ചിരുന്നത് മഴയെതന്നെ. ജലാശയങ്ങളിൽനിന്നും കാളത്തേക്ക്, കയറ്റുകൊട്ട, വേത്തി, കൊട്ടതുലാൻ എന്നിവയാണ് കൃഷിക്കാർ ജലസേചനത്തിനുള്ള ഉപാധികളായി സ്വീകരിച്ചിരുന്നത്. ഉഴവുയന്ത്രം കലപ്പയായിരുന്നു. കന്നുകാലികളെയാണ് ഉഴവുപണിക്കുപയോഗിച്ചിരുന്നത്. വെള്ളം വേണ്ടത്ര ലഭിക്കാത്ത സ്ഥലങ്ങളിൽ മോടൻ കൃഷി നടത്തിയിരുന്നു. ജൈവവളങ്ങളായ പച്ചിലകൾ, ചാണകം, വെണ്ണീറ്, ആട്ടിൻ കാഷ്ടം മുതലായവ അക്കാലത്ത് സമൃദ്ധമായി ലഭിച്ചിരുന്നു. അവയാണ് വളമായി ഉപയോഗിച്ചിരുന്നത്. കുടപ്പുഴു നിയന്ത്രണത്തിന് ഉപയോഗിച്ചിരുന്ന മാർഗ്ഗം ഒടുകിന്റെ ഇലചതച്ച് കൃഷിയിടങ്ങളിൽ ചവിട്ടി താഴ്ത്തലായിരുന്നു. ഓല ചുരുട്ടിപുഴുവിനെ നശിപ്പിക്കാൻ വെളുപ്പാൻ കാലത്ത് മുറംകൊണ്ടു വീശുകയും ചെയ്തുവന്നിരുന്നു. അന്നും ചാഴിയെ നശിപ്പിക്കാനായി മരുന്നു തളി ഉണ്ടായിരുന്നു. പുകയില, ചീനമുളക്, വെളുത്തുള്ളി എന്നിവ ചതച്ച് വെള്ളത്തിൽ കലക്കിയ നീരാണ് മരുന്നുതളിക്കാൻ ഉപയോഗിച്ചിരുന്നത്. കിളികൾ വിള നശിപ്പിക്കുന്നതു തടയാൻ തകരപ്പാട്ടകളിൽ കൊട്ടി ശബ്ദമുണ്ടാക്കിയിരുന്നു. ഇവയെല്ലാം ഇന്നു ഓർമ്മകളിൽ മാത്രം. ചാമ, മുതിര, ഉഴുന്ന്, എള്ള്, രായി എന്നിവയും ധാരാളമായി കൃഷി ചെയ്തിരുന്നു. മരച്ചീനി, മധുരക്കിഴങ്ങ്, കൂർക്ക, ചേമ്പ്, ചേന എന്നീ കിഴങ്ങുവർഗ്ഗങ്ങളും വെണ്ട, വഴുതിന, വെള്ളരി, മത്തൻ, കുമ്പളം,

പടവലം, തുടങ്ങിയ പച്ചക്കറികളും മുരിങ്ങ പപ്പായ ചീര എന്നിവയും പരമ്പരാഗതമായി ഈ പ്രദേശത്ത് കൃഷി ചെയ്തിരുന്നു. ഇതിൽ മരച്ചീനി മധുരക്കിഴങ്ങ് എന്നിവ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തിരുന്നവയാണ്. പലയിനങ്ങളിൽ പ്പെട്ട വാഴകളും കുടിയിരുപ്പുകളിൽ സർവ്വസാധാരണമായിരുന്നു. നേന്ത്രവാഴകൃഷി ക്കുണ്ടായിരുന്ന പ്രാധാന്യം എടുത്തു പറയേണ്ടതാണ്. എന്നാൽ മുൻപറഞ്ഞവയിൽ പലതും ഇന്നു നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. മുൻകാലങ്ങളിൽ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ പഞ്ചായത്തിലുടനീളം ഉണ്ടായിരുന്നു. ഇപ്പോൾ സങ്കരവർഗ്ഗത്തിൽ പ്പെട്ട ഫലവൃക്ഷങ്ങളാണ് കാണപ്പെടുന്നത്. വൻമരങ്ങളെല്ലാം കെട്ടിടനിർമ്മാണ പ്രവർത്തനത്തിനും ഗൃഹോപകരണനിർമ്മാണത്തിനുമായി മുറിച്ചു മാറ്റപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

മുഖ്യതോട്ടവിളകളായ കവുങ്ങും തെങ്ങും വാഴയും ഇടകലർത്തി കൃഷി ചെയ്യുന്നു.

ഭൂവിനിയോഗം

ആകെയുള്ള വിസ്തീർണ്ണത്തിന്റെ നാലിലൊന്നു ഭാഗം മാത്രമെ നെൽകൃഷിക്കായി ഉപയോഗിക്കുന്നുള്ളൂ. ഉദ്ദേശം പകുതിയോളം സ്ഥലം പുരയിടങ്ങളാണ്. ശേഷിച്ച ഭാഗങ്ങൾ കൃഷിയോഗ്യവും അല്ലാത്തതുമായ തരിശുഭൂമിയാണ്.

ദേശമംഗലം ഗ്രാമപഞ്ചായത്ത്

ഇനം	വിസ്തീർണ്ണം
കൃഷിനിലം	593 ഹെക്ടർ
പുരയിടം	1295 ഹെക്ടർ
പുറമ്പോക്ക്	113 ഹെക്ടർ
കൃഷിയോഗ്യതരിശ്	197.5 ഹെക്ടർ
കൃഷി യോഗ്യമല്ലാത്തതരിശ്	125.5 ഹെക്ടർ
ആകെ	2334 ഹെക്ടർ

(വില്ലേജ് ഓഫീസുകളിൽ നിന്ന് ശേഖരിച്ചത്)

നമ്പർ	വിള	വിസ്തീർണ്ണം	ഉല്പാദന ക്ഷമത
1	നെല്ല് (ഒന്നാംവിള)	535 ഹെക്ടർ	1.85 ടൺ/ഹെക്ടർ
2	നെല്ല് (രണ്ടാം വിള)	533 ,,	1.78 ,,
3.	നെല്ല് (മൂന്നാം വിള)	115 ,,	1.75 ,,
4	പയർ	128 ,,	2.57
5	എള്ള്	20 ,,	700 കിലോ/ഹെക്ടർ
6	പച്ചക്കറി	22 ,,	15 ടൺ/ഹെക്ടർ
7.	തെങ്ങ്	420 ,,	35തേങ്ങ/ തെങ്ങ്
8.	വാഴ	75 ,,	8 കിലോ/വാഴ
9	മരച്ചീനി	105 ,,	12. ടൺ/ ഹെക്ടർ
10	കുരുമുളക്	11 ,,	400 ഗ്രാം/ചെടി
11	പ്ലാവ്	52 ,,	100കിലോ/പ്ലാവ്
12	കശുമാവ്	60 ,,	2.4 ടൺ/ ഹെക്ടർ
13	മാവ്	72 ,,	1,8 ടൺ/ഹെക്ടർ
14.	റബ്ബർ	128 ,,	1.080 ടൺ/ഹെക്ടർ
15	കവുങ്ങ്	146 ,,	400 അടക്ക/കവുങ്ങ്

കൃഷിഭവനിൽനിന്നും ലഭിച്ചത്

കാർഷിക വിളകൾ

കുന്നിൻപുറങ്ങൾ, റബ്ബർതോട്ടങ്ങളും, തെങ്ങിൻ തോപ്പുകളും ആയി മാറികൊണ്ടിരിക്കുന്നു. കുടിയിരുപ്പുകളിൽ തെങ്ങ്, വാഴ, കുരുമുളക്, കശുമാവ്, ഇഞ്ചി, മുതലായവയും സമതലങ്ങളിൽ നെൽകൃഷിയുമാണ് പ്രധാനമായും ഉള്ളത്.

ദേശമംഗലം ഗ്രമാപഞ്ചായത്ത്
കൈവശഭൂമി വിസ്തീർണ്ണം

നാമമാത്ര കർഷകർ (ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
316	2065	104

ആധുനിക കൃഷിരീതികളും പ്രശ്നങ്ങളും

രണ്ടു പതിറ്റാണ്ടുകൾക്കുമുമ്പ് കൃഷിവികസനത്തിനായി എലാ വികസന ഓഫീസ് കൊണ്ടയൂരിൽ പ്രവർത്തനമാരംഭിച്ചു. തൻമൂലം നവീന കൃഷിരീതികൾ നാട്ടിൽ പ്രചാരത്തിൽ വന്നു. തൈനാൻ, അന്നപൂർണ്ണ, ഐ.ആർ.8, തുടങ്ങിയ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ സാർവ്വത്രികമായി കൃഷിചെയ്യുവാൻ തുടങ്ങി. അതോടൊപ്പം തന്നെ നിലങ്ങൾ ഉഴുന്നതിനു വേണ്ടി ട്രാക്ടർ, ട്രില്ലർ തുടങ്ങിയ യന്ത്രങ്ങൾ പ്രചാരത്തിൽ വന്നു. രാസവളം കീടനാശിനി മുതലായവ കൃഷിക്കാർ ഉപയോഗിക്കാൻ തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്.

കൃഷിഭവൻ

പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഏലാ ഓഫീസ് 31-8-1987ൽ കൃഷി ഭവനായി മാറി

കൃഷി ഭവനിലൂടെ നടപ്പാക്കുന്ന പദ്ധതികൾ

1. നെൽകൃഷി

a വിത്തുല്പാദക സംഘം (Registered seed farms)

b ഉല്പാദന ബോണസ് വിതരണം

c അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

ദേശമംഗലം ഗ്രമപഞ്ചായത്ത്
കാർഷികോപകരണങ്ങൾ
ഉഴവുപകരണങ്ങൾ മരുന്നുതളി ഉപകരണങ്ങൾ

ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സാക്ക് സ്പ്രെയർ	മറ്റുളളവ	മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്
6	3	45	8	37			1	65

ദേശമംഗലം ഗ്രമാപഞ്ചായത്ത്
രാസവള കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95	1995-96			
	രാസവളം കി.ഗ്രാം.	കീടനാശിനി		രാസവളം കി.ഗ്രാം.	കീടനാശിനി		രാസവളം	കീടനാശിനി
		ദ്രവം	ഖരം		ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം
സഹകരണം	32800	220 ടിൻ	1850 പാക്കറ്റ്	36100	200ടിൻ	1490 പാക്കറ്റ്	21000	240ടിൻ	1300 പാക്കറ്റ്
സ്വകാര്യം	8310	156 ടിൻ	840 പാക്കറ്റ്	10670	210ടിൻ	940 പാക്കറ്റ്	11600	290 ടിൻ	800 പാക്കറ്റ്

d അത്യുല്പാദന ശേഷിയുള്ളനെൽവിത്തുകളുടെ വിതരണം

e കീടനാശിനികളുടെ സബ്സിഡി നിരക്കിലുള്ള വിതരണം

f പാടശേഖരസമിതികൾ മുഖേന ട്രാക്ടർ, ട്രില്ലർ

സ്പ്രേയർ എന്നിവയുടെ സബ്സിഡി നിരക്കിലുള്ള വിതരണം.

2. സമഗ്ര നാളികേര വികസന പദ്ധതി

94-95 സാമ്പത്തിക വർഷത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിപ്രകാരം കേരകർഷകർക്ക് കിണർ കുഴിക്കുന്നതിനും, പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും, സാമൂഹ്യ ജലസേചനത്തിന്നും, ഗ്രൂപ്പുജലസേചനത്തിന്നും സബ്സിഡി അനുവദിക്കുന്നു. സബ്സിഡിയായി കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. റോക്കർ സ്പ്രെയർ തെങ്ങുകയറ്റ യന്ത്രം, കൊപ്ര ഉണക്കുന്ന യന്ത്രം മുതലായവയും കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാവുന്നു.

3. നടീൽവസ്തുക്കളുടെ വിതരണം

a)അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ മേൽത്തരം കുരുമുളകു വള്ളികൾ (വേരുപിടിപ്പിച്ചവ) ഗ്രാമ്പൂ, കറുവാപ്പട്ട, ജാതി എന്നീ തൈകൾ വിതരണം ചെയ്യുന്നു.

b)കുരുമുളക് വികസന പദ്ധതിപ്രകാരം വിവിധ ആനുകൂല്യങ്ങൾ നല്കുന്നുണ്ട്.

c)കവുങ്ങു കൃഷി വികസന പദ്ധതിപ്രകാരം നല്ലയിനം കവുങ്ങിൽ തൈകളും മാഹാളി രോഗപ്രതിരോധത്തിനുള്ള മരുന്നുകളും വിതരണം ചെയ്യുന്നു

4 പച്ചക്കറി വികസന പദ്ധതികൾ

നല്ലയിനം പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നു. സ്കൂൾ കുട്ടികൾക്ക് പച്ചക്കറിതോട്ടനിർമ്മാണത്തിന് വിത്തുപേക്കറ്റുകൾ നല്കുകയും 1.2.3 സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്യുന്നു.

5. സുഗന്ധവിള വികസന പദ്ധതികൾ

ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ കൃഷികൾക്ക് ആനുകൂല്യങ്ങൾ നല്കിവരുന്നു.

6. വിള ഇൻഷൂറൻസ് പദ്ധതി

പ്രകൃതി ക്ഷോഭം മൂലം വിളനാശം സംഭവിക്കുന്ന വാഴ, തെങ്ങ്, റബ്ബർ, കുരുമുളക് തുടങ്ങി 25 ഓളം ഇനങ്ങൾക്ക് ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

7. മണ്ണു പരിശോധനാ പദ്ധതി

കൃഷിയിടങ്ങളിൽനിന്ന് മണ്ണിന്റെ സാമ്പിളുകൾ

ദേശമംഗലം

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം					
വാർഡ് നമ്പർ	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	3670	816	4486		2	12	4		18
2	5355	694	6449		-	5	1		6
3	6910	2746	9656		-	-	-		-
4	5296	4720	10016		2	4	2		8
5	1418	1433	2851		-	3	1		4
6	4597	3744	8341		1	2	-		3
7	1161	3830	4991		2	-	1	2	5
8	4113	2991	7104		3	-	2	1	6
9	1569	571	2140		2	-	1	2	5
ആകെ	34089	21545	55634		12	26	12	5	55

എടുത്ത് പരിശോധനാ കേന്ദ്രങ്ങളിലേക്ക് അയച്ച് കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ശാസ്ത്രീയ വളപ്രയോഗ നിർദ്ദേശങ്ങൾ നല്കുന്നു. മൊബയിൽ മണ്ണുപരിശോധനാ ശാലകളുടെ സേവനവും കൃഷിക്കാർക്ക് ലഭ്യമാണ്.

8. പാടശേഖര സമിതികൾ

ശാസത്രീയമായ രീതിയിൽ കൃഷി നടത്തുന്നതിന് വിവിധ പാടശേഖരസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

9. ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽ ദാനപദ്ധതി

84 യുവകർഷകർക്ക് റജിസ്ട്രേഷൻ ലഭിച്ചു. കൃഷി മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളിൽ തൊഴിൽ ലഭിക്കാൻ ഈ പദ്ധതി ഉപയോഗപ്രദമാകും.

കൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. ജലക്ഷാമം
2. കർഷകതൊഴിലാളികളെ യഥാസമയം കിട്ടുന്നില്ല.
3. കർഷകതൊഴിലാളികളുടെ കൂലി നിരക്കിലുണ്ടായ ക്രമാതീതമായ വർദ്ധന
4. ജൈവവളങ്ങളുടെ ലഭ്യതക്കുറവും രാസവളങ്ങളുടെ അമിതമായ പ്രയോഗവും
5. രാസജൈവവളങ്ങളുടെയും കീടനാശിനികളുടെയും വിലയിലുണ്ടായ കുതിച്ചുകയറ്റം
6. കാർഷികോല്പന്നങ്ങളുടെ വിലക്കുറവ്
7. ഉല്പന്നങ്ങൾക്ക് വില്പന സൗകര്യമില്ലായ്മ
8. നിയന്ത്രണാതീതമായ കീടബാധ
9 അത്യുല്പാദന ശേഷിയും രോഗപ്രതിരോധശക്തിയുമുള്ള വിത്തുകളുടെ ദൗർല്ലഭ്യം
10. കൃഷിഭവനുകളുടെ സേവനം യഥാസമയം ലഭ്യമല്ല
11. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ടില്ലർ മുതലായവ ഇറക്കാനുള്ള റോഡുകളുടെ കുറവ്
12. മണ്ണൊലിപ്പുമൂലം കൃഷിഭൂമിയുടെ ഫലഭൂയിഷ്ടത നഷ്ടപ്പെടുന്നു.
13. കൃഷിവകുപ്പു നല്കുന്ന നടീൽ വസ്തുക്കളുടെ അപര്യാപ്തതയും അകാലങ്ങളിലുള്ള വിതരണവും
14. തോടുകൾ പൊട്ടിയും പുഴയിൽ നിന്നും വെള്ളം കയറിയും വിളകൾ നശിക്കുന്നു.
15. കർഷകർ തമ്മിലുള്ള യോജിപ്പില്ലായ്മ
16. പാടശേഖരങ്ങൾ ഇഷ്ടികകളങ്ങളും പുരയിടങ്ങളും ആക്കുന്നതിനാൽ നെൽകൃഷി സ്ഥലങ്ങൾ കുറഞ്ഞു വരുന്ന അവസ്ഥ

പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാത്തരം കൃഷികളും ജലലഭ്യതയെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നത്. പ്രകൃതി കനിഞ്ഞ ആഗ്രഹിച്ചുനല്കിയിട്ടുള്ള ഈ പഞ്ചായത്തിലെ ജലസ്രോതസ്സ് വടക്കുകിഴക്കേ മേഖലക്ക് അതിരിട്ടു കിടക്കുന്ന നിളാ നദിയാണ്. ഈ നദീജലം യഥോചിതം ഉപയോഗിച്ചാൽ ഇവിടുത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

ആയതിന് ഇപ്പോൾ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിവെച്ചിട്ടുള്ള കൊണ്ടയൂർ തടയണയുടെ നിർമ്മാണം ഉടൻ ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടതാണ്. മതിയായ

ദേശമംഗലം ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ വിതരണം

വർഷം	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
93-94		
94-95	25 കർഷകർ	3500 രൂപ
95-96		

ദേശമംഗലം ഗ്രാമപഞ്ചായത്ത് നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	500	500	500
കശുമാവ്	160	120	80
കുരുമുളക്	6000	5000	5000
കവുങ്ങ്			

ദേശമംഗലം ഗ്രാമപഞ്ചായത്ത്
പാടസേഖരസമിതികളുടെ പൊതുവിവരങ്ങൾ

ക്രമനമ്പർ	പാടശേഖരസമിതിയുടെ പേര്	വിസ്തീർണ്ണം	മൊത്തം കർഷകർ
1	മുല്ലക്കൽ പാടശേഖരസമിതി	32 ഹെക്ടർ	85
2	മനക്കുറ്റി കർഷകസമിതി	32 ,,	82
3	പല്ലൂർ സൗത്ത് കർഷകസമിതി	27 ,,	50
4	പല്ലൂർ നോർത്ത് പാടശേഖരസമിതി	58 ,,	105
5	കൊണ്ടയൂർ ബ്രാഞ്ച് കനാൽസമിതി	44 ,,	98
6	കൊണ്ടയൂർ മെയിൻ കനാൽ കർഷകസമിതി	59 ,,	115
7	വറവട്ടൂർ പാടശേഖരസമിതി	63 ,,	175
8	ചെറുകാട് പാടശേഖരസമിതി	50 ,,	165
9	കടുകശ്ശേരി പാടശേഖരസമിതി	42 ,,	139
10	മണ്ണേങ്ങോട്ട് പാടശേഖര സമിതി	41 ,,	138
11	ആറങ്ങോട്ടുകര പാടശേഖരസമിതി	35 ,,	131
12	തലശ്ശേരി വെസ്റ്റ് പാടശേഖരസമിതി	48 ,,	141
13	അത്തിക്കച്ചാൽ പാടശേഖരസമിതി	40 ,,	135
14	ഒലിച്ചി ചേനത്തുംകാട് പാടശേഖരസമിതി	23 ,,	60
15	കളർകോട് പാടശേഖരസമിതി	52 ,,	170
16	കൊണ്ടയൂർ ഏലം നെല്ലുല്പാദക സമൂഹം	12 ,,	28
	ആകെ	659 ഹെക്ടർ	1817

അനുബന്ധം
മണ്ണ് സംരക്ഷണം
ക്രമനമ്പർ

	പദ്ധതിയുടെ പേര്	പദ്ധതി പ്രദേശ വിസ്തീർണ്ണം	അടങ്കൽ തുക	മൊത്തം ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	സംരക്ഷിക്കപ്പെട്ട ഭൂമി	പ്രയോജനം ലഭിച്ചവർ	ചിലവായ തുക
1	River training programme							
A	kondayoor Bharathapuzha		20000		1990			20000
B	Kondayoor kodapara		80000		1991			75205
C	Kondayoor Bharathapuzha		74500		1992			45514
2	Kallikunnu Hariyancolony	8.99HCt	80000	45	1991	7.1H	43	76942

പമ്പിങ്ങ് സ്റ്റേഷനുകളും ജലസേചന സജ്ജീകരണങ്ങളും ഏർപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ എല്ലാ ഭാഗത്തേക്കും വെള്ളം എത്തിക്കാൻ കഴിയും. കാർഷികമേഖലയിൽ വന്പിച്ച പുരോഗതിക്ക് വഴിയൊരുക്കുമെന്നു മാത്രമല്ല ശാശ്വതമായി കുടിവെള്ളക്ഷാമത്തിനും പരിഹാരമാകും

2. പാടത്തുപണിയിൽ തയ്യാറുള്ളവരുടെ സംഘങ്ങൾ വാർഡുതോറും രൂപീകരിക്കുക. പാടശേഖരസമിതികൾക്ക് ട്രാക്ടർ, ടില്ലർ, മെതിയന്ത്രങ്ങൾ എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കുക

3. ജൈവവള പ്രോത്സാഹനത്തിന് വളച്ചെടികളും പയർ വർഗ്ഗങ്ങളും കൃഷി ചെയ്യുക. വീടൊന്നിന് ഒരു കമ്പോസ്റ്റു കുഴിയെങ്കിലും നിർമ്മിച്ച് ജൈവവള ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

4. രാസവളങ്ങൾക്കും കീടനാശിനികൾക്കും സബ്സിഡി വർദ്ധിപ്പിക്കുക

5. കാർഷീകോല്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനും സഹകരണ സംഘങ്ങൾ രൂപീകരിച്ച് കർഷകന് ന്യായവില ലഭ്യമാക്കുക

6. പാടശേഖരങ്ങൾ ഒരേവിത്തിനം ഒരേ സമയത്തു കൃഷിയിറക്കി കീടബാധ ഒരു പരിധിവരെ ഒഴിവാക്കാം. കീടബാധക്കെതിരെയുള്ള മരുന്നുതളി മുതലായ കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ചെയ്യേണ്ടതാണ്.

7. കാർഷിക ഗവേഷണ കേന്ദ്രങ്ങൾ മികച്ചയിനം വിത്തുകൾ ഉല്പാദിപ്പിക്കുകയും ഗവേഷണ ഫലങ്ങൾ തത്സമയം തന്നെ കൃഷിക്കാരനു ലഭ്യമാക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും വേണം. കൃഷിഭവനിലേയും കൃഷിവകുപ്പിലേയും വിദഗ്ദ്ധന്മാരുടെ സേവനം പാടശേഖരങ്ങളിൽ കൃഷിക്കാർക്ക് കൃഷിയുടെ എല്ലാ ഘട്ടങ്ങളിലും ലഭ്യമാക്കാൻ സംവിധാനം ഉണ്ടാക്കണം

8. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ടില്ലർ മുതലായവ ഇറക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ അപ്രോച്ച് റോഡുകൾ നിർമ്മിക്കണം

11. പുഴയോരങ്ങൾ പടുത്ത് സംരക്ഷിക്കുക. തട്ടുകളായി തിരിച്ച് കുന്നിൻചരുവുകളിലെ മണ്ണൊലിപ്പു തടയാം.

12. പാടം നികത്തി കൃഷിഭൂമി നശിപ്പിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തുക

13. തോടുകൾ ആവശ്യമായ സ്ഥലങ്ങളിൽ പടുത്ത് സംരക്ഷിക്കേണ്ടതാണ്.

14. ഭാരതപ്പുഴയിൽ പള്ളത്തും, കാളകല്ലിലും, ഓരോ തടയണ കെട്ടിയാൽ പുഴയിൽ ചെറുതുരുത്തി വരെ ധാരാളം വെള്ളം സംഭരിച്ചു നിർത്താൻ കഴിയും.

പഞ്ചായത്തിൽ പുതിയതായി നടപ്പിലാക്കാവുന്ന കൃഷികൾ

1. പൂകൃഷി

വീടുകൾതോറും ചെണ്ടുമല്ലി, കുറ്റിമുല്ല, ജമന്തി, വാടാമല്ലി, വിവിധയിനം റോസിനങ്ങൾ, മന്താരം, ഗ്ലാഡിയോല, ഓർകിഡ് മുതലായവ നട്ടുപിടിപ്പിച്ച് പുരയിടങ്ങൾ ആകർഷകമാക്കാമെന്ന് മാത്രമല്ല ആദായകരമായി വിപണനവും നടത്താവുന്നതാണ്.

2. ഔഷധ സസ്യകൃഷി

വിവിധയിനം ഔഷധചെടികൾ ഇടവിളയായി നട്ടു പിടിപ്പിച്ച് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3. പച്ചക്കറികൃഷി

മത്ത, വെള്ളരി, പടവലം പാവയ്ക്ക, കോവയ്ക്ക കുമ്പളം പച്ചമുളക് വെണ്ട, വഴുതന ചീര, എന്നിവ കൃഷി ചെയ്യാൻ ഈ പ്രദേശത്തെ മണ്ണ് അനുയോജ്യമാണ്. വിപണനസാധ്യതകളും കുറവല്ല

4. കൂൺകൃഷി

പഞ്ചായത്തിലെ പ്രധാന കൃഷി നെല്ലായതിനാൽ വൈക്കോൽ ഉപയോഗിച്ച് കൂൺ കൃഷി ലാഭകരമായി ചെയ്യാവുന്നതാണ്. പരിശീലനം സിദ്ധിച്ച ഏതാനും സജീവ പ്രവർത്തകരും ഈ പഞ്ചായത്തിൽ തന്നെ ലഭ്യമാണ്.

5. പയറു വർഗ്ഗകൃഷി

പയറുവർഗ്ഗങ്ങൾ ഈ പ്രദേശത്ത് അവഗണിക്കപ്പെട്ട ഒരു കൃഷിയിനമാണ്. ഇരിപ്പുകൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അത് കൃഷിക്കാരന്

വമ്പിച്ച സാമ്പത്തിക നേട്ടമുണ്ടാക്കുമെന്ന് മാത്രമല്ല അമിത രാസവള പ്രയോഗം കൊണ്ട് നാശോന്മുഖമായ മണ്ണിന്റെ ഘടനയും ഗുണനിലവാരവും മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നതുമാണ്.

6. കൂവ, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയും വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്.

7. പഴവർഗ്ഗകൃഷി

മാവ്, പ്ലാവ്, തുടങ്ങിയവ ഫലവൃക്ഷങ്ങൾ ഭവന നിർമ്മാണത്തിനും ഗൃഹോപകരണനിർമ്മാണത്തിനും മറ്റുമായി വിനിയോഗിക്കപ്പെടുന്നതുകൊണ്ട് ഈതരം വൃക്ഷങ്ങൾ ദുർലഭമായിതീർന്നിരിക്കുന്നു. മാവ് പ്ലാവ്, സപ്പോട്ട, പുളി, ചെറുനാരങ്ങ, മാതള നാരങ്ങ, പപ്പായ, കശുമാവ് തുടങ്ങിയവയുടെ അത്യുല്പാദന ശേഷിയുള്ള ജനുസുകൾ വിപുലമായി വിതരണം ചെയ്ത് അവയുടെ ഉല്പാനദം വർദ്ധിപ്പിച്ചാൽ കൃഷിക്കാരുടെ സാമ്പത്തിക ക്ലേശത്തിന് ഒരു പരിധിവരെ അറുതിവരുത്താം. മുരിങ്ങ, ചീര മുതലായവ എളുപ്പത്തിൽ വളർത്തിയെടുക്കാവുന്നതും പോഷകാഹാര കുറവ് പരിഹരിക്കാനുതകുന്നതുമാണ്.

നേന്ത്രവാഴ കൃഷി മറ്റിനം വാഴ കൃഷികൾ എന്നിവയും പഞ്ചായത്തിൽ പ്രോത്സാഹനം നല്കിയാൽ വിജയിപ്പിക്കാവുന്നതാണ്.

8. കിഴങ്ങുവർഗ്ഗകൃഷി

ചേന, ചേമ്പ്, കാച്ചിൻ കൂർക്ക , മരച്ചീനി ,മധുരക്കിഴങ്ങ് നനക്കിഴങ്ങ് തൊപ്പക്കിഴക്കിഴങ്ങ് മുതലായവയും വ്യാപകമായ തോതിൽ പഞ്ചായത്തിൽ ലാഭകരമായി കൃഷി ചെയ്യാവുന്നതാണ്. മണ്ണിന്റെ സ്വഭാവവും ജലലഭ്യതയും അടിസ്ഥാന മാക്കി ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രസ്തുത കൃഷികൾ നടത്താവുന്നതാണ്. വിലപിടിപ്പുള്ള തേക്ക്, വീട്ടി, ഇരുമുള്ള്, മഹാഗണി മുതലായവ കുടിയിരിപ്പുകളുടേയും പറമ്പുകളുടേയും അതിരുകളിൽ വെച്ചു പിടിപ്പിക്കാൻ പ്രോത്സാഹനം നൽകേണ്ടതാണ്.

മുൻപറഞ്ഞവയെല്ലാം തന്നെ വ്യാവസായികാടിസ്ഥാനത്തിൽ കൂട്ടായി സംഭരിച്ച്, സംസ്ക്കരിച്ചെടുത്ത് വിപണനം നടത്തിയാൽ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാം.

ജലസേചനം

മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ ജലദൗർലഭ്യം അനുഭവപ്പെട്ടിരുന്നില്ല. സുലഭമായി വെള്ളം ലഭ്യമായിരുന്ന ചോലകൾ, കുളങ്ങൾ, കിണറുകൾ ആദിയായവയെല്ലാം ഇന്ന് വേനൽ കാലങ്ങളിൽ ഒരു തുള്ളി വെള്ളം പോലും കിട്ടാനില്ലാത്ത മട്ടിൽ വറ്റി വരണ്ടാണ് കിടക്കുന്നത്. മണ്ണിടിഞ്ഞും മണ്ണടിഞ്ഞും മറ്റുമാണ് ഇങ്ങിനെ സംഭവിച്ചിട്ടുള്ളത്. പൂർവ്വികന്മാർ സംരക്ഷിച്ച് നിലനിർത്തിയിരുന്ന പ്രസ്തുത ജലസ്രോതസ്സുകൾ പുനരുദ്ധരിച്ചാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് നമ്പർ	പുനരുദ്ധരിക്കേണ്ട കുളങ്ങൾ,	പ്രയോജനം ലഭിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം
I	a. പുതുക്കുളം	40 ഏക്കർ
	bചാന്ത്യാൽ കുളം	35 ഏക്കർ
	c മൈലായികുളം	50 ഏക്കർ
	d അമ്പലകുളം	60 ഏക്കർ
III	a. തൃകൈകുളം	50 ഏക്കർ
	b മാത്തുചിറകുളം	30 ഏക്കർ
	c ചോലകുളം	35 ഏക്കർ
IV	a എലിയക്കോട്ടുകുളം	25 ഏക്കർ
	b. പൊട്ടച്ചിറകുളം	50 ഏക്കർ
V	a പുത്തൻകുളം	50 ഏക്കർ
	കാർത്ത്യായനി അമ്പലകുളം	15 ഏക്കർ
	c വാലികുളം	50 ഏക്കർ
VI	a ചട്ടികുളം	45 ഏക്കർ
	b. ചോലക്കുളം	50 ഏക്കർ
VII	a ചേനത്ത്കാട് കുളം	30 ഏക്കർ
	b പയ്യാനചോലക്കുളം	30 ഏക്കർ
	c പുത്തൻകുളം	40 ഏക്കർ
VIII	a കലയംകുളം	30 ഏക്കർ
IX	a കളരിക്കുളം	40 ഏക്കർ
	b കലുക്കൽചിറ	90 ഏക്കർ
	c ഊർത്തകുളം	25 ഏക്കർ
	d പുത്തൻകുളം	20 ഏക്കർ

ദേശമംഗലം ഗ്രാമപഞ്ചായത്ത്
നടപ്പാക്കാൻ ഉദ്ദേശിക്കുന്ന് ചെറുകിട ജലസേചനപദ്ധതികൾ

ക്രമനമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം (ഹെ)	എസ്റ്റിമേറ്റ് തയ്യാറാ യിട്ടുണ്ടെങ്കിൽ അടങ്കൽ തുക	ലക്ഷ്യം
1	കൊടപ്പാറക്കയം ലിഫ്റ്റ് ഇറിഗേഷൻ സ്ക്കീം	290 ഹെക്ടർ		മുണ്ടകൻ, വിരിപ്പ് കൃഷിക്കു വെള്ളം ലഭിക്കുന്നതിനു വേണ്ടി
2	EEC പദ്ധതി പ്രകാരം പൊട്ടച്ചിറക്കുളം	40 ഹെക്ടർ	7 ലക്ഷം	”

ദേശമംഗലം ഗ്രാമപഞ്ചായത്ത്
പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരണങ്ങൾ

പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	അയക്കെട്ട് വിസ്തീർണ്ണം
റിപ്പയർ വർക്സ് പല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം	1995	1996	2,00,000	പുതിയ അയക്കെട്ടില്ല

M.I. ഓഫീസിൽനിന്ന് ശേഖരിച്ചത്

ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ
ജലസേചനസൗകര്യംവർദ്ധിപ്പിക്കാൻ നിർമ്മിക്കേണ്ടതോ പുനരുദ്ധരിക്കേണ്ടതോ ആയ നിർദ്ദേശങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

	ലിഫ്റ്റ് ഇറിഗേഷനുകൾ	നിർദ്ദേശങ്ങൾ
1.	കൊടപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം	290 ഹെക്ടർ സ്ഥലം കൃഷിക്കുപയുക്തമാവുന്നു. 1-2 വാർഡുകളുടെ നിർദ്ദേശം 9-5-7-8 വാർഡുകൾകൂടി
2.	പ്രവർത്തനരഹിതമായ പല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനക്ഷമമാക്കുക	1 -2 വാർഡുകളുടെ നിർദ്ദേശം
3.	കൊടപ്പാറ ലിഫ്റ്റ് ഇറിഗേഷൻ G.O.R.T. 802/96	1. 2. വാർഡുകൾ
4.	ദേശമംഗലം മുല്ലക്കൽ ഇറിഗേഷൻ	പുഴയിൽ കിണറുകുഴിച്ച് വെള്ളം സുലഭമായി ലഭ്യമാക്കുക വാർഡ് 6-7
5.	പള്ളം ലിഫ്റ്റ് ഇറിഗേഷൻ	ലിഫ്റ്റ് ഇറിഗേഷനിൽ കൂടുതൽ കുതിരശക്തിയുള്ള മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പുചെയ്ത് ചീരക്കുഴി കനാലിലേക്ക് വെള്ളം എത്തിച്ച് മറ്റു പ്രദേശങ്ങളിലേക്കുകൂടി വെള്ളം എത്തിക്കുക വാർഡ് 6-7
6.	പല്ലൂർ നമ്പ്രം ലിഫ്റ്റ് ഇറിഗേഷൻ	സൈറ്റിൽ കിണർ കുഴിക്കുക വാർഡ് 8
7.	തൃക്കൈകുളം ലിഫ്റ്റ് ഇറിഗേഷൻ	ഈ കുളത്തിൽ പമ്പ്സെറ്റ് സ്ഥാപിക്കുക വാർഡ് 3

	തോടുകൾ	നിർദ്ദേശങ്ങൾ
1.	ചാന്ത്യാൽ തോട്	തുടക്കംമുതൽ പണിത് നിലവിലുള്ള തോട്ടിലേക്ക് ബന്ധിപ്പിച്ച് പടിഞ്ഞാട്ടു നീട്ടി കൃഷിക്കുപയുക്തമാക്കുക 1-2 വാർഡുകൾ
2.	കാരത്തോട് (പ്ലാച്ചിതോട്)	സർവ്വേചെയ്ത് അറ്റകുറ്റപ്പണികൾ നടത്തി ജല സേചന യോഗ്യമാക്കണം.
3.	തെക്കെ കുളമ്പിൽ നിന്ന് ചാന്ത്യാൽ തോട്ടിലേക്ക് ഒരു തോടുണ്ടാക്കുക	വാർഡ് 1ഉം 2 ഉം
4.	ഉണിക്കുന്നു താഴെ തെക്കെതോട്	വാർഡ് 3, 4 ഉണിക്കുന്നു താഴെ പഴയ പാലത്തിനടുത്തും, എളംകുളം പാലത്തിനടുത്തും ചിറകെട്ടുക
5.	കടുകശ്ശേരി തോട്	ഈ തോട്ടിൽ രണ്ടുഭാഗത്തായി ചിറകെട്ടുക വാർഡ് 3
6.	കരുവാൻ തോട്	വാർഡ് 3 രണ്ടു വശവും പടുത്ത് ആവശ്യമായ സ്ഥലത്ത് ചിറകെട്ടി ചീർപ്പിടുക
7.	ആര്യംപാടത്തുള്ള വെള്ളച്ചാൽ	സംരക്ഷിക്കുക വാർഡ്4
8.	പൊട്ടിക്കൽതോട്	ഇരുവശവും കെട്ടി ഷട്ടറുകൾ നിർമ്മിക്കുക. വാർഡ് 4
9.	കല്ലറത്തോട്	പൊട്ടിക്കൽ തോടുമായി ബന്ധിക്കുന്ന സ്ഥലത്ത് ചിറകെട്ടുക വാർഡ് 4

10.	കഴുങ്കോട്ടുകുളത്തിൽനിന്നും വരുന്നതോട്	സംരക്ഷിക്കുക വാർഡ് 4
11.	കൊറ്റംമ്പത്തൂർതോട്	കനാൽമുതൽ രണ്ടുഭാഗവും കെട്ടി ചെറിയതോട് നിർമ്മിച്ച് പള്ളം തോട്ടിലേക്ക് വിടുക. വാർഡ് 6
12.	ഒലിച്ചി മുതൽ ഭാരതപ്പുഴവരെയുള്ള തോട്	സൈഡ് കെട്ടി ചീർപ്പിടുകയും ആവശ്യമായ സ്ഥലങ്ങളിൽ ട്രാക്ടർ ഇറങ്ങുവാൻ സൗകര്യപ്പെടുത്തുക. വാർഡ് 7
13.	ചക്കുംചിറയിൽ നിന്നും തുടങ്ങുന്ന തോട്	മനക്കുറ്റി തോടുമായി ബന്ധിപ്പിക്കുക. വാർഡ് 7
14	കൊട്ടിപ്പാറതോട്	ഈ തോട് ഇരുവശവും പടുത്തു ചീർപ്പുകളിട്ട് ഭാരതപ്പുഴവരെ നീട്ടുക. ആവശ്യമായ സ്ഥലത്ത് ട്രാക്ടർ ഇറങ്ങാൻ സൗകര്യങ്ങളുമുണ്ടാക്കുക. റോഡുകൾ ബന്ധിക്കുന്ന സ്ഥലത്ത് സ്ലാബുകൾ ഉണ്ടാക്കുക
15	ചീരക്കുഴി ബ്രാഞ്ച് കനാൽ	പുഴവരെ എത്തിക്കുക വാർഡ് 1-2
16.	കൊണ്ടയൂർ വായനശാലയുടെ പടിഞ്ഞാറുഭാഗത്തെ സ്പൗട്ടിൽനിന്ന്, ഇച്ചിക്കോട് വരെ ഒരു കൈചാൽ നിർമ്മിക്കുക	വാർഡ് 1
17.	മാത്തുചിറ കുളത്തിന്റെ വെള്ളച്ചാൽ സംരക്ഷിക്കുക	വാർഡ് 3
18.	മുരുക്കും കുഴിതോട്	കൊട്ടിപ്പാറതോട് ഈ തോടുമായി ബന്ധിപ്പിക്കുക വാർഡ് 8
19.	പല്ലൂർ ഇറിഗേഷൻ കനാൽ	ആവശ്യമായ സ്ഥലങ്ങളിൽ സ്പൗട്ടുകൾ നിർമ്മിക്കുക
20.	പല്ലൂർ ഇറിഗേഷൻ കനാൽ	ബ്രാഞ്ച് കനാലുകൾ ഉണ്ടാക്കുക

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ടാക്ടർ ഇറങ്ങാൻ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടസ്ഥലങ്ങൾ

1. മണ്ണേങ്കോട്ടു പാടശേഖരം	വാർഡ് 3
2. കളവർക്കോട്ടു പാടശേഖരത്തേക്ക് ഒടുങ്ങാട്ടുപടിക്കൽക്കൂടി	വാർഡ് 5
3. ചീരക്കുഴി കനാൽ ബൻഡിൽനിന്നും ചിറയിൽ പടി ഉഴവൻ കണ്ടം എന്നിവിടങ്ങളിലേക്ക്	
4. മനക്കുറ്റി പാടശേഖരത്തിലേക്ക്, കാറാത്തുപടി, ശങ്കരത്തുപടി കരുപ്പാത്തേൻപ്പടി, വറവട്ടുചാൽപടി.	വാർഡ് 8
5. വെണ്ണത്തിരിപ്പാടത്തേക്ക്	വാർഡ് 9
6. കുലുക്കൽച്ചിറ പാടതേത്ക്ക്	വാർഡ് 9
7. പട്ടത്തുപടി	വാർഡ് 9
8. പല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ കനാൽ ബണ്ടിൽകൂടി	



ഒലിച്ചി ഡാം

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള രണ്ട്

മുഖ്യ ജലപദ്ധതികളെ പറ്റിയുള്ള ഏതാനും വാക്കുകൾ

ഒലിച്ചി ഡാം

1943 ആഗസറ്റ് 12 തിയ്യതി കൊച്ചി ദിവാൻ എഫ് ഡബ്ലിയു. ഡിക്സൺ ഉൽഘാചനം ചെയ്ത് സമർപ്പിച്ച ജലസേചന പദ്ധതിയാണ്. ഒലിച്ചി ചിറ. എന്നറിയപ്പെടുന്ന ഒലിച്ചി അണക്കെട്ട്. തെക്കൻ മല മുകളിൽനിന്ന് നീർചാലുകളായി വന്ന് ചിറയിൽ സംഭരിച്ചിരുന്ന വെള്ളം ഉപയോഗിച്ചാണ് ചിറയുടെ വടക്കുകിഴക്കൻ മേഖലയിൽ കൃഷി ചെയ്തുവന്നിരുന്നത്. മണ്ണിടിഞ്ഞും. ചീർപ്പ് ജീർണ്ണിച്ചും. ബണ്ടിൽ പലഭാഗത്തായി ചോർച്ചകൾ വന്നും, സംഭരണശേഷി നശിച്ച് ഉപയോഗശൂന്യമായ സ്ഥിതിയിലാണ് ചിറയുടെ ഇപ്പോഴത്തെ അവസ്ഥ

താഴത്തേക്ക് ഇറക്കികെട്ടിയാൽ സംഭരണശേഷി വർദ്ധിപ്പിക്കാവുന്നതാണ്. ബണ്ടിന്റെ കേടുപാടുകൾ തീർത്തും, അടിഞ്ഞ മണ്ണ് നീക്കം ചെയ്തും. സംഭരണ ശേഷി വീണ്ടെടുക്കേണ്ടതാണ്. തൻമൂലം പരിസരവാസികൾക്ക് അനുഭവപ്പെടുന്ന ജലക്ഷാമത്തിന് പരിഹാരമാകും.

ചീരകുഴികനാൽ

ദേശമംഗലംപഞ്ചായത്തിന്റെ ആറുവാർഡുകളിലെ കൃഷിക്കാർ മുണ്ടകൻ വിളക്ക് മുഖ്യമായും ആശ്രയിക്കുന്നത് ചീരകുഴി കനാലിനെയാണ്. പള്ളം മുതൽ കൊണ്ടയൂർ വരെ കനാലിന്റെ ആറര കി.മി. നീളം പഞ്ചായത്തിനുള്ളിലാണ് കനാൽ അപൂർണ്ണമായി അവസാനിക്കുന്നതും ഇവിടെതന്നെ. ജലസേചനത്തിന് വൻസാദ്ധ്യത കല്പിച്ച് നിർമ്മിച്ചിട്ടുള്ള ഈ കനാലിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണ്. വർഷകാലങ്ങളിൽ മണ്ണ് വീണും കുടിയേറ്റക്കാർ മാലിന്യങ്ങൾ നിറച്ചും സ്പൗട്ടുകളുടെ ചീപ്പുകൾ ജീർണ്ണിച്ചും ബണ്ടുകൾക്ക് ബലക്ഷയം സംഭവിക്കുന്നു. കനാലിലൂടെ വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് തടസ്സം നേരിട്ടിരിക്കുന്നു. ഈ അവസ്ഥ തുടർന്നാൽ കനാൽ നശിച്ചുപോകുകയും ചെയ്യും. പുനരുദ്ധാരണരീതിയിൽ കനാലിന്റെ പണി നടത്തുക. ഇരുപുറവും, ഉൾവശവും കെട്ടിസുരക്ഷിതമാക്കുക. അടിഞ്ഞുകിടക്കുന്ന മണ്ണ് നീക്കം ചെയ്യുകയും അടിഭാഗം കോൺക്രീറ്റ് ഇട്ട് വൃത്തിയാക്കുകയും വേണം. ആവശ്യമായ സ്ഥലങ്ങളിൽ സ്പൗട്ടുകൾ നിർമ്മിക്കുകയും, ജീർണ്ണിച്ചു ചീർപ്പുകൾ എല്ലാം മാറ്റി ഉറപ്പാക്കുകയും ചെയ്യുക. കനാൽ പുഴവരെ നീട്ടുക.

2. മത്സ്യബന്ധനം/മൃഗപരിപാലനം

മൃഗപരിപാലനം

കർഷകരുടെ ഉറ്റ മിത്രമാണല്ലോ കന്നുകാലികൾ അതിപുരാതന കാലം മുതൽക്കെ കർഷക കുടുംബങ്ങളുടെ ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടയാളമായാണ് ഇവയെ കണക്കാക്കിയിരുന്നത്. ഓരോ കർഷകകുടുംബത്തിലേയും അവിഭാജ്യഘടകമായിരുന്നു കന്നുകാലികൾ. കാലക്രമേണ കാർഷിക മേഖലയിൽ ഉണ്ടായ മാന്ദ്യവും കൃഷി പണിക്ക് യന്ത്രസാമഗ്രികളുടെ ആവിർഭാവവും കന്നുകാലിവളർത്തലിനെ പ്രതികൂലമായി ബാധിച്ചു. മുൻകാലങ്ങളിൽ കന്നുകാലികൾക്ക് മേയുവാൻ മാത്രമായി പ്രത്യേക സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. പിൽകാലങ്ങളിലുണ്ടായ ജനബാഹുല്ല്യവും ഒരു പരിധിവരെ വികസന പ്രവർത്തനങ്ങളും മേച്ചിൽ സ്ഥലങ്ങളെ ജനനിബിഡമാക്കി മാറ്റി. ഈ പരിതഃസ്ഥിതികൾ ഈ പ്രദേശത്തെ കന്നുകാലി വളർത്തലിനെ പിന്നോക്കാവസ്ഥയിൽ എത്തിച്ചു.

കർഷകകുടുംബങ്ങളിൽ പശു വളർത്തൽ കുറയുവാനുള്ള മുഖ്യ കാരണങ്ങൾ പുല്ലിന്റെ ദൗർലഭ്യവും ഇവയെ വളർത്തുന്നതിന് ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വർദ്ധിച്ച ചിലവും, പശുവിൽനിന്നും ലഭിക്കുന്ന മുഖ്യ ആദായമാർഗ്ഗമായ പാൽ വിറ്റഴിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങളുമാണ്. പശുവിൻപാലിന്റേയും എരുമപാലിന്റേയും ആവിർഭാവത്തോടുകൂടി ആട്ടിൻപാൽ ഉപയോഗിക്കുന്നവരുടെ എണ്ണം കുറയുകയും തദ്വാര ആടുവളർത്തൽ വളരെയധികം കുറഞ്ഞുപോകുകയും ചെയ്തു. ഈ പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ പശുവിനേയോ എരുമയേയോ വളർത്തുന്നവർ തുച്ഛമാണ്. വീട്ടാവശ്യത്തിന് വേണ്ടി ഇവയെ വളർത്തുന്നവരുടെ എണ്ണം ഏരകദേശം നാന്നൂറോളമേ വരൂ. വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തുന്ന ഒരു കേന്ദ്രം പോലും ഈ പഞ്ചായത്തിലില്ല. ഇവിടെ ഒരു കോഴിവളർത്തൽ കേന്ദ്രമേയുള്ളൂ. താറാവ്, കാട എന്നിവയെ ആരും തന്നെ വളർത്തുന്നില്ല. വളരെയധികം ലാഭം പ്രതീക്ഷിക്കാവുന്ന പന്നി വളർത്തലും ഈ പഞ്ചായത്തിൽ ഇല്ല.

പ്രശ്നങ്ങൾ

1.വ്യാവസായികാടിസ്ഥാനത്തിൽ പശു, ആട്, കോഴി, കാട, മുയൽ താറാവ് ഇവയുടെ പരിപാലനത്തിൽ നിന്നും കിട്ടാവുന്ന ഉയർന്നവരുമാനത്തെ പ്പറ്റി ജനങ്ങൾ ബോധവാന്മാരല്ല

2. ഈ പഞ്ചായത്തിൽ ഒരു ക്ഷീരസംഭരണ വിപണന സൊസൈറ്റി ഇല്ല.

3. മൃഗപരിപാലനത്തിന് അത്യന്താപേക്ഷിതമായ മൃഗാസ്പത്രികളുടെ അപര്യാപ്തത. ആകെയുള്ള ആസ്പത്രിയിൽ തന്നെ സൗകര്യങ്ങൾ പരിമിതം.

4. സങ്കരയിനം പശുക്കളെയോ, ഉയർന്ന വരുമാനം കിട്ടാവുന്ന നല്ലയിനം കോഴികളേയോ, അത്യുല്പാദന ശേഷിയുള്ള ആടുകളേയോ ലഭിക്കുവാനുള്ള പ്രയാസം

5. ഈ മേഖലയിൽ ഈ പ്രദേശ വാസികൾക്കുള്ള പരിചയക്കുറവ്

6. ഈ തൊഴിലിൽ ഏർപ്പെടുന്നതിന് വേണ്ട വായ്പാ സൗകര്യങ്ങളുടെ കുറവും, സർക്കാർ കാലകാലങ്ങളിൽ ഈ മേഖലയിലൂടെ വളർച്ചയ്ക്കായി ഉദ്ദേശിച്ച് നടപ്പിലാക്കുന്ന നിർദ്ദേശങ്ങളെ കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞതയും.

7. കാലിത്തീറ്റകളുടെ വിലയിലുണ്ടായ വർദ്ധനവും , മികച്ച ഇനം കാലിത്തീറ്റ കിട്ടാനുള്ള വിഷമവും.

8. കന്നുകാലികൾക്ക് തീറ്റയായി കൊടുക്കാവുന്ന അത്യുല്പാദനശേഷിയുള്ള പുല്ലിന്റെ വിത്തുകളുടെ ദൗർലഭ്യം

പരിഹാരങ്ങൾ

1. വ്യാവസായികാടിസ്ഥാനത്തിൽ പശു, ആട്ടി, കോഴി, കാട, മുയൽ , താറാവ് പന്നി എന്നിവ വളർത്തലിൽനിന്നും ലഭിക്കാവുന്ന ഉയർന്ന വരുമാനത്തെ പ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക

2. ഈ പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുകയും, എല്ലാ വാർഡുകളിലും ഇതിന്റെ ഓരോ ശാഖകൾ തുടങ്ങുകയും വേണം.

3. മൃഗാസ്പത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക

4. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെയും, ആടുകളെയും സാധാരണക്കാർക്ക് ലഭ്യമാക്കുക

5. ഈ മേഖലയിൽ ഇവിടത്തുകാർക്കുള്ള പരിചയ കുറവ് നികത്താൻ, പരിശീലന സെമിനാറുകൾ വാർഡുകൾ തോറും സംഘടിപ്പിക്കുക

6. ഈ തൊഴിൽ ചെയ്യുന്നതിനാവശ്യമായ വായ്പാ സൗകര്യങ്ങൾ ഉദാരമാക്കുക. സർക്കാരിന്റെ പുതിയ പരിപാടികളെപ്പറ്റി ബോധവൽക്കരണം നടത്തുക.

7. നല്ലയിനം കാലിത്തീറ്റ, കുറഞ്ഞ വിലക്ക് കൂടുതൽ ലഭ്യമാക്കുക

8. നല്ലയിനം പുൽവിത്തുകൾ വീടുകൾ തോറും എത്തിച്ചു കൊടുക്കുകയും, അവ വളർത്തുന്നതിനെ പറ്റിയുള്ള പരിജ്ഞാനം അവർക്കു നൽകുകയും ചെയ്യുക

9. കന്നു കാലിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ പുരോഗമിക്കുന്നതോടെ, വാർഡുതലത്തിൽ വിപുലമായ രീതിയിൽ ഓരോ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും, മറ്റു മേഖലകളിലേക്ക് ആവശ്യമായ ഊർജ്ജ സംഭരണം നടത്തുകയും വേണം.

നിർദ്ദേശങ്ങൾ

1. സഹകരണാടിസ്ഥാനത്തിൽ പാൽ സൊസൈറ്റികൾ സ്ഥാപിക്കുക

2. കന്നു കാലി വളർത്തലിനോടൊപ്പം അവയുടെ വിസർജ്ജനവസ്തുക്കളിൽ നിന്ന് ജൈവവളങ്ങളും നിർമ്മിക്കാം ഇത് മറ്റൊരു വരുമാനമാർഗ്ഗമാണ്.

3. ഈ മേഖലയിൽ കൂടുതൽ വനിതകളെ ആകർഷിച്ച് വായ്പാ സൗകര്യം കൂടുതൽ ഉദാരമാക്കി ഒരു കുടിൽ വ്യവസായമെന്നോണം പ്രോത്സാഹിപ്പിക്കുക.

4. ഇറച്ചിക്കോഴികളെ വളർത്തുന്നതിൽ വിദഗ്ദ്ധ പരിശീലനം കൊടുക്കുക

5. കോഴിമുട്ടയുടെ വിപണനം കൂടി മിൽക്ക് സൊസൈറ്റി ഏറ്റെടുത്ത് നടത്തുക

മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ മീൻ വളർത്തൽ കേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല. തോടുകളിലെയും, കുളങ്ങളിലെയും ജലക്ഷാമം ഇതിനു പ്രധാനകാരണമാണ്. വേനൽ കാലങ്ങളിൽ കുളങ്ങൾ വറ്റുന്ന അവസരത്തിലും പുഴയിൽവെള്ളം കുറയുന്ന അവസരത്തിലും, മാത്രമാണ് ഈ പഞ്ചായത്തിൽ മത്സ്യബന്ധനം നടക്കുന്നത്. ഈ മേഖലയിൽ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള മാന്ദ്യം നിമിത്തം അന്യ പ്രദേശങ്ങളിൽ നിന്ന് വരുന്ന മത്സ്യമാണ് ഇവിടത്തുകാർ അധികവും ഉപയോഗിക്കുന്നത്. മുഴുവൻ സമയ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ആരും തന്നെ ഇല്ല.

പ്രശ്നങ്ങൾ

1. ഉൾനാടൻ മത്സ്യത്തിന്റെ കുറവ്

2. മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുറവ്

3. സ്വകാര്യ കുളങ്ങളിലും മറ്റും മീൻ വളർത്തുന്നതിനുവേണ്ട പരിജ്ഞാന കുറവും, നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭിക്കാനുള്ള വിഷമവും

4. ഈ മേഖലയിൽനിന്ന് ലഭിച്ചേക്കാവുന്ന വരുമാനത്തെ കുറിച്ചുള്ള അജ്ഞത

പരിഹാരങ്ങൾ

1. സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുകയും, അതിനുവേണ്ട വായ്പാ സൗകര്യങ്ങളും, നല്ലയിനം മത്സ്യ കുഞ്ഞുങ്ങളെയും നൽകുക

2. ചെമ്മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കുക

3. ഈ മേഖലയിൽനിന്ന് ലഭിച്ചേക്കാവുന്ന വൻ വരുമാനത്തെപറ്റി ജനങ്ങളെ ബോധവാൻമാരാക്കുക

നിർദ്ദേശങ്ങൾ


1. ഇറച്ചി മാർക്കറ്റുകൾ സ്ഥാപിക്കുകയും അവയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം

2. സഹകരണാടിസ്ഥാനത്തിൽ ഈ വിഭവങ്ങൾ സമാഹരിക്കുകയും, വിപണനം നടത്തുകയും ചെയ്യുക

3. ചെമ്മീൻ വളർത്തലിന്റെയും വിപണനത്തിന്റെയും അനന്ത സാദ്ധ്യതകളെ പറ്റി വലിയതോതിൽ ബോധവൽക്കരണം നടത്തുക

4. മുട്ടകോഴികളെ വളർത്തുന്നതുമൂലം നമ്മുടെ നിത്യ ഉപയോഗത്തിന് അന്യപ്രദേശത്തുനിന്ന് വരുന്ന കോഴിമുട്ടയെ ആശ്രയിക്കണ്ട

5. പഞ്ചായത്തുകുളങ്ങൾ നന്നാക്കി മത്സ്യ വളർത്തൽ ആരംഭിക്കുക



3. വിദ്യാഭ്യാസം

സമൂഹത്തിന്റെ സർവ്വതോൻമുഖമായ വളർച്ചക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ളത് വിദ്യാഭ്യാസമാണ്. അത് ഒരു സാമൂഹികാവശ്യവും വികസന പ്രവർത്തനവുമാണ്. സംസ്ഥാന ബജറ്റിന്റെ 31% ചെലവഴിക്കപ്പെടുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. 60 ലക്ഷം കുട്ടികളും, 2 ലക്ഷം അദ്ധ്യാപകരും, 20ലക്ഷം, രക്ഷിതാക്കളും ഈ മേഖലയിൽ നിലകൊള്ളുന്നു.

നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കാം. ആദ്യകാലത്ത് ഷൊർണൂർ, ചെറുതുരുത്തി, വടക്കാഞ്ചേരി, വർവൂർ എന്നീ സ്ഥലങ്ങളിലേക്ക് കാൽനടയായി പോയിട്ടാണ് ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നത്.

പ്രാഥമിക വിദ്യാഭ്യാസം നിലത്തെഴുത്ത് ആശാൻമാരിൽനിന്നും നേടി വന്നു. 1902ൽ ശ്രീ എ.കെ.ടി.കെ. എം. നാരായണൻ നാരായണൻ നമ്പൂതിരിപ്പാടിന്റെ വകയായി ദേശമംഗലത്ത് ഒരു എലിമെന്ററി സ്കൂൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് മിഡിൽ സ്കൂളായും, യു.പി. സ്കൂളായും ഉയർത്തപ്പെട്ട ഈ സ്ഥാപനം സർക്കാർ ഏറ്റെടുക്കുകയും 1964-65ൽ ദേശമംഗലം സർക്കാർ ഹൈസ്കൂളായി തീരുകയും ചെയ്തു. 1930 കളിലും 40 കളിലും ഈ സ്ഥാപനത്തോടു ചേർന്ന് കൊച്ചിൻ സർക്കാർ ഇൻഡസ്ട്രിയൽ വകുപ്പിന്റെ കീഴിൽ ഒരു ഇൻഡസ്ട്രിയൽ സ്കൂളും പ്രവർത്തിച്ചിരുന്നു. തുണിനെയ്ത്ത്, പുൽപ്പായ് നെയ്ത്ത്, മരപ്പണി , മൂശാരിപ്പണി എന്നീ തൊഴിൽ പരിശീലനം ഇവിടെ നടന്നുവന്നു. പരിശീലനം നേടിയ പലരും അതത് വിഭാഗങ്ങളിൽ അദ്ധ്യാപകരായി ജോലി നേടി. 1950 കളിൽ കൊണ്ടയൂർ എൽ.പി.സ്കൂളും, 1979ൽ തലശ്ശേരി എൽ.പി. സ്കൂളും, 1985ൽ പള്ളം എൽ.പി. സ്കൂളും, 1995ൽ എം.ഐ.സി. ഹൈസ്കൂളും സ്ഥാപിക്കപ്പെട്ടു. എം. ഐ.സി. അൺ എയ്ഡഡ് ഹൈസ്കൂളിൽ ഇപ്പോൾ VIII IX ക്ലാസ്സുകൾ മാത്രമെ ഉള്ളൂ

ഈ പഞ്ചായത്തിലെയും സമീപപ്രദേശങ്ങളായ പള്ളിക്കൽ, ആറങ്ങോട്ടുകര എന്നിവിടങ്ങളിലെയും, കുട്ടികൾ ദേശമംഗലം ഹൈസ്കൂളിലും എം.ഐ.സി. ഹൈസ്കൂളിലും പഠിച്ചുവരുന്നു. ഇതുവരെയായി 30 എസ്.എസ്.എൽ.സി. ബാച്ചുകൾ ദേശമംഗലം സർക്കാർ ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. 55% വരെ ഉയർന്ന എസ്.എസ്.എൽ.സി. വിജയം ഇപ്പോൾ ഏറ്റവും താഴ്ന്ന് 10.8% എത്തിയിരിക്കുന്നു. വിജയശതമാനം കുത്തനെ താഴ്ന്നതിന് പല കാരണങ്ങളുമുണ്ട്. സമൂഹത്തിലെ ഒരു വിഭാഗം പൊടുന്നനെ സാമ്പത്തികമായി ഉയർന്നതും, മറ്റു വിഭാഗങ്ങൾ അവരോട് കിടപിടിക്കാൻ ശ്രമിച്ചുവരുന്നതുമാണ്. പ്രകടമായ ഒരു കാരണം. പണത്തിനു മീതെ മറ്റൊന്നുമില്ലെന്നും, വിദ്യാഭ്യാസം കൊണ്ട് കാര്യമില്ലെന്നുമുള്ള ഒരു ചിന്താഗതി സമൂഹത്തിൽ വളർന്നുവരുന്നുണ്ട്. എന്തു ചെയ്തിട്ടായാലും പണം നേടിയാൽ എല്ലാമായി എന്ന ചിന്തയുവാക്കളിൽ വേരൂന്നിയിട്ടുണ്ട്.

സമൂഹത്തിൽ മൊത്തത്തിൽ കാണപ്പെടുന്ന മൂല്യച്യുതി അതിവേഗം വിദ്യാലയത്തിലേക്കും വ്യാപിക്കുന്നുണ്ട്. സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം വളരെ വേഗം താഴ്ന്നുപോകുന്നു. തന്മൂലം രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ സ്വകാര്യ സ്കൂളുകളിലേക്കും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും അയക്കാനാണ് ഇഷ്ടപ്പെടുന്നത്. അതേ സമയം ഇംഗ്ലീഷ് മീഡിയത്തിലേക്ക്, പോയ കുട്ടികൾ 2-3 കൊല്ലത്തിനുശേഷം മലയാളം മീഡിയത്തിലേക്ക് തിരിച്ചുവരുന്ന പ്രവണതയും കാണപ്പെടുന്നുണ്ട്. പെൺകുട്ടികൾക്ക് മാത്രമായി സ്കൂളുകൾ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ അവർ പെൺകുട്ടികൾക്ക് മാത്രമുള്ള മറ്റു വിദ്യാലയങ്ങളിലേക്ക് പോകുന്നുണ്ട്. ഷൊർണൂർ, വരവൂർ, വടക്കാഞ്ചേരി എന്നിവിടങ്ങളിലെ സ്കൂളുകളിലേക്കും, പട്ടാമ്പി ഷൊർണൂർ, ഒറ്റ

പ്പാലം, പാലക്കാട്, വടക്കാഞ്ചേരി, തൃശൂർ പ്രദേശങ്ങളിലെ കോളേജുകളിലേക്കും സാങ്കേതിക സ്ഥാപനങ്ങളിലേക്കും കുട്ടികൾ പോയി വരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര വിദ്യാലയങ്ങളില്ല. ഇപ്പോൾ ഒരു സർക്കാർ ഹൈസ്കൂളും ഒരു സ്വകാര്യ ഹൈസ്കൂളുമാണുള്ളത്. 3 എൽ.പി. സ്കൂളുകളിൽ രണ്ടെണ്ണം സർക്കാർ തലത്തിലും ഒരെണ്ണം സ്വകാര്യ മേഖലയിലുമാണ്. തൃശൂർ ജില്ലയുടെ വടക്കെ അതിർത്തി പ്രദേശങ്ങളിലെ പൊതു സ്വഭാവമായവിദ്യാർത്ഥികളുടെ ബാഹുല്യം നമ്മുടെ പഞ്ചായത്തിലും അനുഭവപ്പെടുന്നുണ്ട്. കുട്ടികൾ കുറവായതിനാൽ അദ്ധ്യാപക തസ്തിത നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഇവിടെ ഇല്ലെന്നു പറയാം. നേരെമറിച്ച് ഇനിയും പുതിയ എൽ.പി, യു.പി. ഹൈസ്കൂളുകളുടെ ആവശ്യകത ഇവിടെയുണ്ട് താനും. കഴിഞ്ഞ 10 വർഷത്തിനകം പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ഏക വിദ്യാലയം എം. ഐ.സി. ഹൈസ്കൂളാണ്. 1995ൽ

കൊണ്ടയൂർ ജി.എൽ.പി. എസിൽ 76 ആൺകുട്ടികളും 75 പെൺകുട്ടികളും പഠിക്കുന്നു. തലശ്ശേരി എ. എൽ.പി. സ്കൂളിൽ 132 ആൺകുട്ടികളും 127 പെൺകുട്ടികളും ഉണ്ട്. പള്ളം ജി. എൽ. പി. സ്കൂളിൽ 105 ആൺകുട്ടികളും 71 പെൺകുട്ടികളുമാണുള്ളത്. ദേശമംഗലം സർക്കാർ ഹൈസ്കൂളിൽ 1202 ആൺകുട്ടികളും 1182 പെൺകുട്ടികളും പഠിക്കുന്നുണ്ട്. എം.ഐ.സി. ഹൈസ്കൂളിൽ 54 ആൺകുട്ടികളാണുള്ളത്. 1569 ആൺകുട്ടികളും 1455 പെൺകുട്ടികളും ഉൾപ്പെടെ മൊത്തം 3024 കുട്ടികളാണ്. ഈ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇത് മൊത്തം ജനസംഖ്യയുടെ 17% വരും. 5 വയസ്സു തികഞ്ഞാൽ ഉടൻ കുട്ടിയെ സ്കൂളിൽ ചേർക്കണമെന്ന സാമാന്യബോധം ജനങ്ങൾക്കുണ്ട്.

ജനസംഖ്യാ നിയന്ത്രണം നേരിയതോതിൽ ഒന്നാം ക്ലാസ്സ് പ്രവേശനത്തിൽ നിഴലിച്ചുകാണാം. വർഷംതോറും 5% കുട്ടികൾ ഒന്നാംക്ലാസ്സിൽ കുറഞ്ഞുവരുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂൾ തേടി പോകുന്നതും ഈ കുറവിനു കാരണമാണ്.

പഞ്ചായത്തിൽ മൊത്തം 108 അദ്ധ്യാപക തസ്തികകൾ ഉണ്ട്. അദ്ധ്യാപകരിൽ 29 പേർ പുരുഷൻമാരും 50 പേർ സ്ത്രീകളുമാണ്.

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ സ്വകാര്യ വിദ്യാലയങ്ങൾ താരതമ്യേന ഭേദമാണെന്നു പറയാം. സർക്കാർ വിദ്യാലയങ്ങളുടെ സ്ഥിതി അത്യന്തം ദയനീയം തന്നെ. പള്ളം, കൊണ്ടയൂർ സ്കൂളുകളിൽ യഥാക്രമം 1 ഉം 2 ഉം അദ്ധ്യാപകരുടെ ഒഴിവുണ്ട്. ദേശമംഗലം ഹൈസ്കൂളിലെ ഒഴിവ് 21 ആണ്. വർഷാവസാനം വരെ ഈ ഒഴിവുകൾ നികത്താതെ കിടക്കുന്നു. ചുറ്റുമതിൽ, ഫർണിച്ചർ എന്നിവ ആവശ്യത്തിന് ഇല്ല. സാമൂഹ്യവിരുദ്ധർ കെട്ടിടം, ഫർണിച്ചർ എന്നിവ നശിപ്പിക്കുന്നത് തടയാൻ കഴിയുന്നില്ല. മേശ,. കസേര, ബഞ്ച്, ഡസ്ക്,. ചോക്ക് എന്നിവ വളരെ കുറച്ചുമാത്രമെയുള്ളൂ. കുടിവെള്ളത്തിന്റെ കാര്യം ഏറെകുറെ തൃപ്തികരമാണ്. എന്നാൽ കൊണ്ടയൂർ എൽ.പി.സ്കൂളിൽ കുടിവെള്ള ക്ഷാമമുണ്ട്. കൊണ്ടയൂർ, തലശ്ശേരി, പള്ളം സ്കൂളുകളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. സബ്ജില്ലാ ജില്ലാ തല കലാകായിക മത്സരങ്ങളിൽ പ്രകടനം തൃപ്തികരമല്ല.

ലൈബ്രറി, ലാബറട്ടറി എന്നിവ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല. ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ അപൂർവ്വമായി മാത്രമെയുള്ളൂ. ഉള്ളവ പ്രവർത്തിക്കുന്നുമില്ല.

ദേശമംഗലം സർക്കാർ ഹൈസ്കൂളിന്റെ അവസ്ഥ അത്യന്തം ശോചനീയമാണ്. അദ്ധ്യാപക ക്ഷാമം നിത്യശാപമായിരിക്കുന്നു. 19 വർഷം പഴക്കമുള്ള ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാനുള്ള ശ്രമം ഇതെവരെ വിജയിച്ചിട്ടില്ല. ബഞ്ച്, ഡസ്ക്, മേശ, കസേര എന്നിവ ആവശ്യത്തിന്റെ പകുതി പോലും ഇല്ല. സാമൂഹ്യ വിരുദ്ധർ വരുത്തുന്ന നാശ നഷ്ടങ്ങൾ ആരും ശ്രദ്ധിക്കുന്നില്ല. അദ്ധ്യാപകർ കുറവായതിനാൽ ചിലപ്പോൾ 3 ഷിഫ്റ്റായും പ്രവർത്തിക്കേണ്ടി വരാറുണ്ട്. എസ്.എസ്. എൽ. സി. വിജയശതമാനം 10.8% ആയി കുറഞ്ഞിരിക്കുന്ന ഈ സ്കൂളിനെ ജില്ലാ പഞ്ചായത്ത് വിദ്യാ ജ്യോതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉള്ള അദ്ധ്യാപകരെ തന്നെ സ്ഥലം മാറ്റുന്നു, പകരം നിയമിക്കുന്നില്ല. അക്കാദമിക്ക്, പാരാ അക്കാദമിക് പ്രവർത്തനങ്ങൾ നാമമാത്രമാണ്. ക്ലാസ്സ് സാഹിത്യ സമാജം, സയൻസ് ക്ലബ്ബ് കണക്ക് ക്ലബ്ബ്, സാമൂഹ്യ ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ, മാസ് ഡ്രിൽ, അസംബ്ലി, ശുചീകരണ പ്രവർത്തനങ്ങൾ, യൂണിഫോം നിർബ്ബന്ധമാക്കൽ, ലൈബ്രറി, ലാബറട്ടറി എന്നിവ പ്രയോ

ദേശമംഗലംഗ്രാമപഞ്ചായത്ത്
സ്കൂളിന്റെ പൊതുവിവരം

സ്കൂളിന്റെ പേര്	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്കൂൾ കോമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ ഫർണിച്ചർ അറ്റകുറ്റപണികൾ
	ഹൈസ്കൂൾ LP/UP പ്രീ പ്രൈമറി	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകൾ	ദീർഘകാല ലീവിലുള്ളവർ				
GLPS കൊണ്ടയൂർ	LP	✓			76	75	151	5	3	2		133cent	30cent	70cent	2വശം മതിൽ ഇല്ല ഫർണിച്ചർ റിപ്പയർ ചെയ്തിട്ടില്ല
ALPS തലശ്ശേരി	LP	-	✓		132	127	259	9	9			1.5acre	1acre		
GLPS പള്ളം	LP	✓			105	71	176	6	5	1		107cent		80cent	മതിൽ ഇല്ല
GHS ദേശമംഗലം	LP. UP. HS.	✓			1202	1182	2384	82	61	21	2	4 acre	1acre		ചുറ്റുമതിൽ, വാതിൽ,ജനൽ ഇല്ല
MIC HS ദേശമംഗലം	HS.			✓	54		54	6	6			5.5 acre	1acre	1acre	

ദേശമംഗലം ഗ്രാമപഞ്ചായത്ത്

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകൾ	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനിയുമുണ്ടെങ്കിൽ എണ്ണം	ഇനി കെട്ടിടം നിർമ്മിക്കാനുള്ള ഭൂമി ഉണ്ടോ?	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര പേർക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ടോ?	വൈദ്യുതീകരണം ഉണ്ടോ?	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചർ മതിയാകുമോ?	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്ഥിരം	അർധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർധസ്ഥിരം	താൽക്കാലികം												ഡെസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
GLPS കൊണ്ടയൂർ	4	1	1	–	8	–	–	–	–	2	25	–	2	–	ഉണ്ട്	–	ഉണ്ട്	ഇല്ല	ഇല്ല	16	–	2	3	അലമാര-1
ALPS തലശ്ശേരി	8	2	–	–	8	3	–	–	–	2	2	1	–	–	–	–	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	10	4	4	–
GLPS പള്ളം	5	1	–	1	4	–	2	4	ഉണ്ട്	1	5	2	–	1	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	48	30	6	10	അലമാര ഷെൽഫ്
GHSദേശമംഗലം	58	8	1	–	24	4	–	30	ഉണ്ട്	3	20	3	2	2	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	150	125	60	60	അലമാര 1 ഷെൽഫ് 1
MIC.HS ദേശമംഗലം	2	1	–	–	10	–	–	ഇല്ല	–	8	–	–	8	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉവ്വ്	–	–	–	–	–

ജനപ്പെടുത്തൽ, ദേശീയ ദിനാചരണം, വാർഷികം, പഠനയാത്ര, കയ്യെഴുത്തു മാസിക എന്നിവയൊന്നും തന്നെ നടത്തപ്പെടുന്നില്ല. സംസ്ഥാന തലത്തിൽ35% കുട്ടികൾക്ക് മുഴുവൻ അക്ഷരങ്ങളും അറിയില്ലെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവിടെ അത് 60% ൽ അധികം വരുന്നുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ കണക്ക്, ഇംഗ്ലീഷ് വിഷയങ്ങൾക്കാണ് കൂടുതൽ തോൽവി. അദ്ധ്യാപക ക്ഷാമവും, താഴ്ന്ന ക്ലാസ്സുകളിലെ ഓൾ പ്രോമോഷനുമാണ്. എസ്.എൽ.എൽ.സി. കൂട്ടക്കുരുതിക്ക് പ്രധാനകാരണം.

കൊണ്ടയൂർ, പള്ളം പല്ലൂർ, തലശ്ശേരി ഭാഗങ്ങളിൽനിന്ന് 3.4 കിലോമീറ്റർ ദൂരെയാണ് യു.പി. സ്കൂളും , ഹൈസ്കൂളും ഉള്ളത്. യാത്രാപ്രശ്നം മൂലം ചിലകുട്ടികൾ എൽ.പി. ക്ലാസിനുശേഷം പഠനം നിർത്തുന്നു.

എം .ഐ.സി. യോടനുബന്ധിച്ചുള്ള ഐ.ടി.സി.മാത്രമാണ് ഈ പഞ്ചായത്തിലെ ഏക തൊഴിൽ പരിശീലന സ്ഥാപനം. 2ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, 3 പാരലൽ/ ട്യൂട്ടോറിയൽ കോളേജുകളും, 2 ഇംഗ്ലീഷ് മീഡിയം നഴ്സറികളും നമ്മുടെ പഞ്ചായത്തിലുണ്ട്. 15 അംഗൻവാടികളിലായി 5 വയസിനു താഴെയുള്ള 545 കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു.

വിദ്യാലയവുമായി രക്ഷിതാവ് നിരന്തര സമ്പർക്കം പുലർത്തിയാൽ മാത്രമെ അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം സുദൃഢമാവുകയുള്ളൂ. ഈ ബന്ധം ശക്തമായാൽ മാത്രമെ വിദ്യഭ്യാസരംഗം സജീവമാക്കാനുള്ള പരിപാടികൾ നടപ്പിലാക്കാൻ കഴിയൂ. പ്രാദേശിക സമൂഹത്തിന്റെ ശക്തമായ ഇടപെടൽ വിദ്യാലയത്തിന്റെ മികച്ചപ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. വിദ്യാലയ സമിതിയും, പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയും സജീവമാകേണ്ടിയിരിക്കുന്നു. രക്ഷിതാക്കളെ ഇക്കാര്യത്തിൽ ഇനിയും ബോധവാൻമാരാക്കണം.

ദേശമംഗലത്തും കൊണ്ടയൂരിലും ഓരോ സി.ഗ്രേഡ് ഗ്രന്ഥശാലകൾ ഉണ്ട്. കൊണ്ടയൂരിലെ ഗ്രന്ഥശാല നിദ്രാവസ്ഥയിലാണ്. ഗൗരവമായ വായന കുറഞ്ഞുവരുന്നു. ഗ്രാമപഞ്ചായത്തിൽനിന്നും ഗ്രന്ഥശാലകൾക്ക് ഗണ്യമായ സാമ്പത്തിക പിന്തുണയുണ്ടായാൽ മാത്രമെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ അവയ്ക്ക് കഴിയൂ. സാക്ഷരതാ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നടന്നുവെങ്കിലും അതിന്റെ നേട്ടങ്ങൾ നിലനിർത്താൻ കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ

1. കുട്ടികളുടെ പഠന നിലവാരം വേദനാ ജനകമാംവിധം താഴ്ന്നു കൊണ്ടിരിക്കുന്നു.

2. എസ്. എസ്.എൽ.സി. വിജയശതമാനം വളരെ കുറവാണ്.

3. ഭൗതിക സാഹചര്യങ്ങൾ കുറവാണ്, നിലവിലുള്ളവ സംരക്ഷിക്കപ്പെടുന്നില്ല

4. താഴ്ന്ന ക്ലാസ്സുകളിലെ അക്ഷരമറിവില്ലാത്തവരെ പോലും പ്രൊമോഷൻ നൽകിവിടുന്നു.

5. അദ്ധ്യാപക ക്ഷാമം രൂക്ഷമാണ്

6. അധ്യാപന സമ്പ്രദായം പഴഞ്ചനും വിരസവുമാണ്.

7. രക്ഷിതാക്കളുടെ ശ്രദ്ധയും സഹായ സഹകരണവും വളരെ കുറവാണ്.

8. ഓരോ ക്ലാസ്സിലും കുട്ടികളുടെ എണ്ണം കൂടുതലാണ്

9. യാത്രാ പ്രശ്നം മൂലം ചില കുട്ടികൾ L.P. ക്ലാസ്സ് കഴിഞ്ഞ് പഠനം നിർത്തുന്നു

10. വായനാശീലം വളർത്തുന്നതിനുള്ള സാഹചര്യം കുറവാണ്.

11. രക്ഷിതാക്കൾ വിദ്യാഭ്യാസം കുറഞ്ഞവരാണ്.

12. തൊഴിലധിഷ്ഠിത കോഴ്സുകൾ കുറവ്

13. പാഠ്യേതര പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നു.

14.P.T.A. സജീവമല്ല

15. കാലാലയവിദ്യാഭ്യാസത്തിനു സൗകര്യം ഇല്ല

16. ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു

സാധ്യതകൾ

1. മുഴുവൻ അക്ഷരങ്ങളും അറിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേകം അക്ഷരാഭ്യാസം നൽകാൻ പദ്ധതി തയ്യാറാക്കുക

2. എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്താൻ പ്രത്യേകം ആക്ഷൻ പ്ലാൻ ആവിഷ്കരിക്കണം

എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ മാത്രം രക്ഷി താക്കളെ പ്രത്യേകം വിളിച്ചു വരുത്തി ബോധവൽക്ക രണം നടത്തുക. കൂടുതൽ പേർ തോറ്റ വിഷയങ്ങളിൽ പ്രത്യേകം കോച്ചിംഗ് ക്ലാസ്സ് ഏർപ്പെടുത്തുക

3. പ്രാദേശിക സമൂഹം മുൻകയ്യെടുത്ത് ഭൗതിക സാഹചര്യങ്ങൾ ഒരുക്കണം പഞ്ചായത്ത് വിദ്യാഭ്യാസ സമിതി നേതൃത്വം നൽകി അദ്ധ്യാപക ക്ഷാമം പരിഹരി ക്കുക

4. അധ്യാപകർക്ക് ഇൻ സർവ്വീ സ് കോഴ്സ് ഏർപ്പെ ടുത്തുക, പഠനം രസകരമാക്കാൻ ഇടയ്ക്കിടെ സെമിനാർ

5. പി.ടി.എ. പ്രവർത്തനം സജീവമാക്കുക. സ്കൂൾ വിദ്യാഭ്യാസ സമിതിയും പഞ്ചായത്ത് വിദ്യാഭ്യാസ സമി തിയും രൂപീകരിക്കുക.

6. തലശ്ശേരി പള്ളം കൊണ്ടയൂർ എൽ.പി. സ്കൂളു കൾ യു. പി. ആക്കി ഉയർത്തുക7. പല്ലൂരിൽ പുതിയ യു. പി.സ്കൂൾ തുറക്കുക

8. വയോജനവിദ്യാഭ്യാസ പരിപാടി ശക്തമാക്കുക

9. ദേശമംഗലം ഗവ ഹൈസ്കൂളിൽ 2 കോഴ്സുകൾ ഏർപ്പെടുത്തുക

10. തലശ്ശേരിയിൽ ഒരു ഹൈസ്കൂളും തൊഴിൽ പരി ശീലന കേന്ദ്രവും സ്ഥാപിക്കുക

11. സ്കൂളുകളിൽ പാഠ്യേതര പ്രവർത്തനങ്ങൾ നിർബ ന്ധമാക്കുകയും ചെയ്യുക

12. പഞ്ചായത്തിൽ ഉപരിപഠനത്തിനു വേണ്ട കോളേജ് സ്ഥാപിക്കുക

13. സ്കൂൾ കോംപ്ലക്സുകൾ പ്രവർത്തിപ്പിക്കുക


14. ദേശമംഗലം ഗവ ഹൈസ്കൂളിലെ എൽ.പി. ഹൈസ്കൂൾ വിഭാഗങ്ങൾ വേർതിരിക്കുക

15. 4,5,6, വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക

16. പഞ്ചായത്തിലെ എല്ലാ അംഗൻ വാടികൾക്കും കെട്ടിടം, ഫർണിച്ചർ, പഠനോപകരണങ്ങൾ എന്നിവ നൽകസുക

17. ദേശമംഗലം പഞ്ചായത്തിൽ പെൺകുട്ടികൾക്കു മാത്രമായി എൽ.പി. യു.പി.വിഭാഗങ്ങൾ ഉൾപ്പെട്ട ഹൈസ്കൂൾ സ്ഥാപിക്കുക.

18. ഹൈസ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം നിർബന്ധ മായും ഒഴിവാക്കുക



4. കുടിവെള്ളം, ആരോഗ്യം, പരിസര ശുചിത്വം

കുടിവെള്ളം

ആരോഗ്യപുരോഗതിയുടെ മുഖ്യ ഘടകങ്ങളിലൊന്നാണ് കുടിവെള്ളം. ഇന്ന് ദേശമംഗലം പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ളസ്രോതസ്സുകളിൽ പ്രധാനപ്പെട്ട ഉറവിടങ്ങൾ കിണറുകളും കുഴൽ കിണറുകളും പൈപ്പുകൾ വഴി വിതരണം ചെയ്യുന്ന പൊതുടാപ്പുകളും, വീടുകളിലേക്കുള്ള പൈപ്പുകണക്ഷനുകളുമാണ്. കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷഭാഗവും, നിലവിലുള്ള കിണറുകളിൽ അധികവും വേനൽകാലത്ത് വെള്ളം വറ്റുന്നവയാണ് നെൽവയലുകളുടെ അടുത്തുള്ള അപൂർവ്വം ചില കിണറുകൾ മാത്രമെ എല്ലാ കാലത്തും വെള്ളം കിട്ടുന്നവയായിട്ടുള്ളൂ.

പൈപ്പുലൈൻ വഴി വിതരണം ചെയ്യുന്ന ജലത്തെയാണ് ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ ആദ്യമായി കുടിവെള്ള വിതരണം തുടങ്ങിയത് 1983ൽ പല്ലൂർ വാട്ടർ സപ്ലൈ സ്കീമാണ്. പല്ലൂർ കുഴൽ കിണറിൽ 7.5 HP മോട്ടോർ ഘടിപ്പിച്ച് 850 മീറ്റർ പൈപ്പുലൈനും, 8 പൊതു ടാപ്പുകളുമുള്ള സ്കീമായിരുന്നു അത്. ബോർവെല്ലിൽ വെള്ളം കുറഞ്ഞതിനാൽ ദേശമംഗലം മെയിൻ സ്കീമായി ബന്ധിപ്പിച്ച് വെള്ളം വിതരണം ചെയ്യാൻ തുടങ്ങി പിന്നീട്. കൂടാതെ ഹാന്റ് പമ്പ് പിടിപ്പിച്ച 9 കുഴൽ കിണറുകൾ നിലവിലുണ്ടെങ്കിലും എല്ലാ കിണറുകളും ഉപയോഗയോഗ്യമല്ല.

ഇന്ന് നിലവിലുള്ള ദേശമംഗലം സ്കീം 1983ൽ ആരംഭിച്ച് 1992 ൽ കമ്മീഷൻ ചെയ്ത ദേശമംഗലം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഉറവിടം ഭാരതപ്പുഴയിൽ നിർമ്മിച്ചിട്ടുള്ള ഗാലറിയും കിണറും, പള്ളം എസ്റ്റേറ്റിനകത്തുള്ള 2.75 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയും 125 mm വ്യാസമുള്ള 2.75 കിലോമീറ്റർ നീളം വരുന്ന പമ്പിങ്ങ് മെയിനും, 38 കുതിര ശക്തിയുള്ള മിനിറ്റിൽ 850 ലിറ്റർ വെള്ളം 120 മീറ്റർ ഉയരത്തിലേക്ക് പമ്പ് ചെയ്യാൻ ശേഷിയുള്ള സബ് മേർസിബിൾ മോട്ടോർ പമ്പ് സെറ്റും ആണ്. ഇതിന് കേട് പറ്റിയാൽ ഉപയോഗിക്കുവാനായി 35 കുതിര ശക്തിയുള്ളതും 875 ലിറ്റർ വെള്ളം 120 മീറ്റർ ഉയരത്തിൽ പമ്പ് ചെയ്ത് കയറ്റുവാൻ ശേഷിയുള്ള ടർബൈൽ പമ്പുമാണ് പ്രധാന ഘടകങ്ങൾ

ഇങ്ങനെ സംഭരിക്കുന്ന വെള്ളം 1992ൽ കമ്മീഷൻ ചെയ്ത് വിതരണം തുടങ്ങിയതാകുന്നു. ഇതിന് 28 കിലോ മീറ്ററോളം നീളം വരുന്ന പൈപ്പുലൈനും 88 പൊതുടാപ്പുകളും ഉണ്ട്. ഉദ്ദേശം 1300 ജനങ്ങൾക്ക് ഇത്കൊണ്ട് പ്രയോജനപ്പെടുന്നുണ്ട്. ഈ സ്കീമിൽ നിന്നും അംബേദ്കർ ജന്മശതാബ്ദിയിൽ ഉൾപ്പെടുത്തി 923 മീറ്റർ പൈപ്പുലൈനും 6 പൊതുടാപ്പുകളുമായി കള്ളികുന്ന് അംബേദ്കർ കോളനിയിലേക്കും, 1992ലെ വരൾച്ച ദുരിതാശ്വാസ പദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ പള്ളം, ദേശമംഗലം പാണൻ കോളനി, പള്ളം സെന്റർ എന്നിവിടങ്ങളിലേക്കും വള്ളത്തോൾ നഗർ പഞ്ചായത്തിലെ 10ം വാർഡിൽ ഉൾപ്പെട്ട കോളനികളിലേക്കും നീട്ടിയിട്ടുണ്ട്. ഇതിനായി ദേശമംഗലം പഞ്ചായത്തിൽ 5

പൊതുടാപ്പുകളും, പുതുതായി സ്ഥാപിച്ചിട്ടുണ്ട്.

1994ൽ ആരംഭിച്ച് 1996ൽ കമ്മീഷൻ ചെയ്ത എൽ.ഐ.സി. സഹായത്തോടുകൂടിയുള്ള 2ാം ഘട്ട വിപുലീകരണ പദ്ധതി പ്രകാരം 6300 മീറ്ററോളം നീളത്തിൽ കൊറ്റമ്പത്തൂർ എസ്റ്റേറ്റ് പടി, പള്ളം, ആറങ്ങോട്ടുകര എസ്റ്റേറ്റ്പടി, തലശ്ശേരി ലക്ഷം വീട്, തലശ്ശേരി തെക്കെ കോളനി പുല്ലൂർ ഹരിജൻ കോളനി എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി 20 പൊതുടാപ്പുകൾ സ്ഥാപിക്കുകയും കൂടുതലായി 1200 പേർക്ക് കൂടി പദ്ധതിയുടെ ഗുണം എത്തിക്കുകയും ചെയ്തു.

1995 ൽ ആരംഭിച്ച് 1996ൽ പൂർത്തീകരിച്ച പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ വറവട്ടൂർ, കൊണ്ടയൂർ ഹരിജൻ കോളനികളിലേക്കുള്ള ശുദ്ധജല പദ്ധതി പ്രകാരം 5000 മീറ്ററോളം നീളത്തിൽ പൈപ്പുകൾ സ്ഥാപിച്ച്, 15 പൊതുടാപ്പുകളും സ്ഥാപിച്ചും ഈ പദ്ധതിയുടെ പ്രയോജനം 1500 ഓളം പേർക്കുകൂടി കൂടുതലായി എത്തിക്കുവാൻ കഴിഞ്ഞു.

അപര്യാപ്തതകൾ

1. 1983ൽ ആരംഭിച്ച ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി അനുസരിച്ചുള്ള മേൽ പറഞ്ഞ ശുദ്ധജല പദ്ധതിയുടെ ഉറവിടവും, പമ്പിംഗ് മെയിനും, പമ്പ് സെറ്റും 1996ൽ പുതുക്കേണ്ടതാണ്.

2. ഈ പഞ്ചായത്തിലെ പല ഭാഗങ്ങളിലും ഇനിയും പൈപ്പ് ലൈൻ ഇടേണ്ടതായിട്ടുണ്ട്. ഉദ്ദേശ്യം 18 കിലോ മീറ്റർ ദൂരം കൂടി പൈപ്പുലൈൻ സ്ഥാപിച്ചു 150 ഓളം പൊതുടാപ്പുകളും സ്ഥാപിച്ചാർ മാത്രമേ പഞ്ചായത്തിലെ എല്ലാവർക്കും ജലലഭ്യത ഉറപ്പു വരുത്താനാകുകയുള്ളൂ. ഇതിനു ഉറവിടത്തിൽ വിപുലീകരണം അത്യന്താപേക്ഷിതമാണ്.

ഉറവിടത്തിന്റെ വിപുലീകരണത്തിന് ജല ലഭ്യത ഉറപ്പുവരുത്തേണ്ടതിലേക്ക് ഉദ്ദേശം 250 മീറ്റർ താഴെയായി ഭാരതപ്പുഴക്ക് കുറുകെ ഒരു തടയണയും നിലവിലുള്ള ഗാലറിയുടെ നീളം 100 മീറ്റർ കൂടി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇന്ന് പുഴയിൽനിന്നും മണൽ വാരുന്നതിന് നിലവിലുള്ള നിബന്ധനകൾ കർശനമായി പാലിക്കണം.

3. മതിപ്പ് ചിലവ് (a) ഭാരതപ്പുഴ കുറുകെ തടയണ നിർമിക്കുന്ന പ്രവർത്തിക്ക് ഉദ്ദേശം 1 കോടി രൂപ

(b) 100 മീറ്റർ നീളം കൂടി ഗാലറി നീട്ടുന്ന പ്രവർത്തിക്ക് 25ലക്ഷം രൂപ

(c) 125 മി.മീറ്റർ വ്യാസമുള്ള നിലവിലുള്ള പമ്പിംഗ് മെയിൻ മാറ്റി 200 മി.മീറ്റർ വ്യാസമുള്ള പൈപ്പുകൾ ഇടുന്ന പ്രവർത്തിക്ക് 25 ലക്ഷം രൂപ

(d) 50 HP ഉള്ളതും, 1800 ലിറ്റർ വെള്ളം 120 മീറ്റർ ഉയരത്തിലേക്ക് കയറ്റാവുന്നതുമായ 2 മോട്ടോർ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തിക്ക് 7 ലക്ഷം രൂപ

(e) വിതരണ ശൃംഘലയുടെ വിപൂലീകരണം

18 കിലോമീറ്ററോളം നീളത്തിൽ വ്യത്യസ്ത വ്യാസങ്ങളിലുള്ള പൈപ്പുകൾ സ്ഥാപിച്ച് 150 ഓളം പൊതുടാപ്പുകൾ ഇടുന്ന പ്രവർത്തിക്ക് 60 ലക്ഷം രൂപ

(f) 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള പുതിയൊരു ഗ്രൗണ്ട് ലെവൽ ടാങ്ക് നിർമ്മാണത്തിന് ചിലവ് 10 ലക്ഷം രൂപ

പ്രശ്നങ്ങൾ

1. ദേശമംഗലം പഞ്ചായത്തിൽ മിക്ക പ്രദേശങ്ങളിലും വേനൽകാലത്താണ് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. പല സ്ഥലങ്ങളിലും പൊതുടാപ്പുകളോ, പൊതുകിണറുകളോ ഇല്ല. ഉള്ള ടാപ്പുകളിൽ തന്നെ എല്ലാ സമയത്തും കുടിവെള്ളം കിട്ടുന്നില്ല. പൊതുകിണറുകളാണെങ്കിൽ വേനൽകാലത്ത് വറ്റുന്നതുമാണ്. എല്ലാ വീടുകളിലും കിണറുകൾ ഇന്നില്ല. ഈ പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം ഹരിജൻ കോളനികളും ഉയർന്ന പ്രദേശങ്ങളിലാണ്. ആ പ്രദേശങ്ങളിലുള്ള കോളനികളിൽ പൊതുടാപ്പുകൾ ചില സ്ഥലത്തുണ്ടെങ്കിലും പൈപ്പ് വെള്ളം അവിടങ്ങളിലേക്ക് എത്തുന്നില്ല. എല്ലാ കോളനികളിലേക്കും പൈപ്പ് ലൈൻ നീട്ടിയിട്ടുമില്ല.

2. ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളതും കുടിവെള്ളത്തിന് കിണറുകൾ ഇല്ലാത്തതു

മായ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ട 110 വീടുകളും ഈ വിഭാഗത്തിൽ പ്പെടാത്തതും, ദാരിദ്ര്യരേഖക്ക് താഴെയുള്ളതുമായ 137 വീടുകളും ഉണ്ട് (1991 സെൻസസ് പ്രകാരം)

3. ഈ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും പൊതു ടാപ്പുകൾ കേട് വന്ന് ചിലപ്പോൾ പൈപ്പുകൾ പൊട്ടിയും കുടിവെള്ളം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നുണ്ട്.

സാധ്യതകൾ

1. ദേശമംഗലം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലേക്കും പ്രത്യേകിച്ച് കോളനി പ്രദേശങ്ങളിലേക്കും ശുദ്ധജലം കിട്ടുവാൻ പൈപ്പ് ലൈൻ നീട്ടുകയും, പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ഉയർന്ന സ്ഥലങ്ങളിൽ വെള്ളം കിട്ടുവാൻ തക്കവണ്ണം ഇന്നുള്ള നിലവിധാനത്തിലുള്ള സംഭരണിക്ക് പകരം ഓവർ ഹെഡ് ടാങ്ക് പണിയുകയും അതിലേക്ക് പുതുതായി വെള്ളം പമ്പ് ചെയ്യുവാനുള്ള മോട്ടോറും, പമ്പുസെറ്റും, അതിലേക്ക് ആവശ്യമായ പൈപ്പുലൈനുകളും ഇട്ട് ഇന്നത്തെ കുടിവെള്ളത്തിനുള്ള സംവിധാനം വിപുലീകരിക്കേണ്ടതാണ്. ഇന്നുള്ള പൊതു കിണറുകൾ വേനൽകാലത്ത് വെള്ളം കിട്ടത്തക്കവിധത്തിൽ കൂടുതൽ ആഴത്തിൽ താഴ്ത്തി ജലലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

2. ദാരിദ്ര്യരേഖക്ക് താഴെയുള്ള എല്ലാവീടുകളിലും കിണർ കുഴിച്ച് കൊടുക്കുകയോ, കിണർ കുഴിക്കുവാനുള്ള സാമ്പത്തിക സഹായം കൊടുക്കുകയോ, ചെയ്യേണ്ടതാണ്.

3. കേട് വരുന്ന ടാപ്പുകളും, പൊട്ടിപോകുന്ന പൈപ്പുകളും,യഥാസമയം കേട് തീർക്കുന്നതിനായി പ്ലംബർ മാരെ നിയമിക്കുക

4. ദേശമംഗലം പ്രൈമറി ഹെൽത്ത് സെന്ററിലേക്കൊരു പൈപ്പ് ലൈൻ നീട്ടി ടാപ്പിടണം.

5. പഞ്ചായത്തിൽ വാർഡുകൾ തോറും കുഴൽകിണർ സ്ഥാപിക്കുക

6. എല്ലാ പഞ്ചായത്ത് കിണറുകളും താഴ്ത്തി ശരിയാക്കി ജലസമൃദ്ധി ഉറപ്പുവരുത്തുക

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1.

1. പല്ലൂർ ഹരിജൻ കോളനി പാലപ്പറമ്പ് ഹരിജൻ കോളനി എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ നീട്ടി, ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം യഥേഷ്ടം ലഭ്യമാക്കുക

2. ഈ വാർഡിലെ പഞ്ചായത്തു കിണറുകൾ നേരെയാക്കി ജല സമൃദ്ധി ഉറപ്പുവരുത്തുക, കുലുക്കൻ ചിറയിലൊരു പഞ്ചായത്തു കിണർ സ്ഥാപിക്കുക

വാർഡ് 2

1 കൊണ്ടയൂർ എം. എൽ.എ. റോഡു മുതൽ പുക്കാടത്തു പടി വരെയും, കൊടക്കാടൻ കുന്നു വഴി മത്തൻ കടവ് വരെയും കുടിനീർഎത്തിക്കണം.

2. വറവട്ടൂർ റേഷൻകട മുതൽ കുമ്പാരൻ കോളനിവരെ കുടിവെള്ളം എത്തിക്കുക, കൊണ്ടയൂർ സ്കൂളിലേക്ക് പൈപ്പ് ലൈൻ നീട്ടുക

വാർഡ് 3

1. തച്ചുകുന്ന് ഭാഗത്തേക്ക് കുടിവെള്ളം എത്തിക്കുകയും അംബേദ്കർ കോളനിയിൽ വാട്ടർ ടാങ്ക് പണിത് പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക

2. ഉണിക്കുന്നു കോളനിയിൽ ജലലഭ്യത ഉറപ്പുവരുത്തുക

3. ആറങ്ങോട്ടുകര കൊട്ടിപ്പാറ റോഡിൽ കൂടെ പൈപ്പ് ഇട്ട് മൂന്നോ നാലോ പൊതുടാപ്പുകൾ സ്ഥാപിച്ച്, ഈ ഭാഗത്ത് കുടിവെള്ളം ലഭ്യമാക്കുക

വാർഡ് 4

1 ഈ വാർഡിലെ ഉയർന്ന സ്ഥലങ്ങളിൽ ഇപ്പോൾ കുടിവെള്ളം ലഭ്യമല്ലാ. അവിടേയ്ക്ക് പൈപ്പ് ലൈൻ നീട്ടി പുതിയതായി 25 പൊതു ടാപ്പുകളെങ്കിലും സ്ഥാപിച്ചാലെ ഈ പ്രദേശത്തെ കുടിനീർക്ഷാമം പരിഹരിക്കാനാവൂ

2., കൂട്ടുപാതയ്ക്കു സമീപമുള്ള നായാടി ക്കോളനിയിലേയ്ക്കും, ചേനത്തുകാട് ഭാഗത്തേയ്ക്കും

പൈപ്പുലൈൻ നീട്ടി, പൊതുടാപ്പുകൾ സ്ഥാപിക്കുക

. വാർഡ് 5

. 1. അമ്പാട്ടുകുന്നുഭാഗത്ത് കുഴൽ കിണറുകളോ വാട്ടർ ടാങ്കോ സ്ഥാപിക്കുക

വാർഡ് 6

1. ഫോറസ്റ്റ് റോഡ് വഴി പൈപ്പ്ലൈൻ നീട്ടുക

2. ചുട്ടപ്പറമ്പ് പൈപ്പുലൈൻ പള്ളിക്കൽ റോഡു വരെയും കേന്ദ്രമദ്രസവരെയും നീട്ടുക. എസ്റ്റേറ്റ് പടി റോഡിൽ നിന്ന് കനാൽ റോഡ് വരെയും പൈപ്പ് ലൈൻ നീട്ടുക. ആനങ്ങാട് വഴിയിൽ കൂടി കുട്ടത്ത് മാധവൻ നായരുടെ വീടു വരെ പൈപ്പ് ലൈൻ നീട്ടുക. കുന്നുപുറം ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക.

3. പള്ളം പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് ഒരു വാട്ടർ കണക്ഷൻ ഉടൻ ലഭ്യമാക്കണം.

വാർഡ്7

1. കൊറ്റമ്പത്തൂർ കോളനി, ചേനത്തുക്കാട്ട് ഭാഗം ആറ്റുപുറം ഭാഗം എന്നീ പ്രദേശങ്ങലിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക

വാർഡ് 8

1. വാളേരി കോളനി, പുറശ്ശേരിപടി കോളനി, എളേത്പടികോളനി, പല്ലൂർ മ്പ്രം, കറ്റുവട്ടൂർ ഭാഗം, കാളകല്ല് റോഡ് ഭാഗം, കരിപാത്തയിൽപടി, മുരുക്കുംകുഴിഭാഗം, നരിപ്പാറ്റകുന്ന് ഭാഗം, കപ്പാരത്ത് കോളനി എന്നീ ഭാഗങ്ങളിൽ ഇപ്പോൾ ജലക്ഷാമമുള്ളതിനാൽ പുതിയ പൈപ്പ് ലൈൻ ഇട്ട് പൊതു ടാപ്പുകൾ സ്ഥാപിക്കുക

വാർഡ് 9

1. ദേശമംഗലം വറവട്ടൂർ റോഡ് ജംക്ഷൻ ഭാഗത്ത് ഒരു കുഴൽ കിണർ സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് ഈ ഭാഗത്ത് ഉയർന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളം എത്തിക്കുക

2. ദേശമംഗലം പഞ്ചായത്തിലെ നാല് നായാടി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തേയ്ക്ക് ഒരു പൈപ്പ് ലൈൻ ഇട്ട് പൊതുടാപ്പ് സ്ഥാപിക്കുക

3. ഈ വാർഡിലെ പല്ലൂർ ഹരിജൻ കോളനിയിലെ കുഴൽക്കിണർ അറ്റകുറ്റ പണികൾ ചെയ്ത് ജലലഭ്യത ഉറപ്പുവരുത്തുക

4. ഒമ്പതാം വാർഡിലെ പൊതുനിരത്തുകളിൽ പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക

5. ദേശമംഗലത്തെ പ്രൈമറി ഹെൽത്ത് സെന്ററിലെ വാട്ടർ ടാങ്ക് ഉപയോഗ്യമാക്കുക

ആരോഗ്യം പരിസരശുചിത്വം

ദേശമംഗലം പഞ്ചായത്തിൽ ഒരു പൊതുജനാരോഗ്യ കേന്ദ്രം ആദ്യമായി തുടങ്ങിയത് 1937 ജൂലായ് മാസത്തിലാണ്. ഗ്രാന്റ് ഇൻ എയ്ഡ് ഡിസ്പെൻസറിയായി ഈ സ്ഥാപനത്തിന് ആവശ്യമായ കെട്ടിടവും സ്ഥലവും സംഭാവന ചെയ്തത് ദേശമംഗലം മനയാണ്. 1957ൽ ഇത് സർക്കാർ ഏറ്റെടുത്ത്, 7 കിടക്കകളോടുകൂടിയ ഡിസ്പെൻസറിയാക്കി. അതിലേക്ക് ഒരു മുഴുവൻ സമയ ഡോക്ടറും, 1 സ്റ്റാഫ് നേഴ്സും, നാമമാത്രമായ പാരാമെഡിക്കൽ സ്റ്റാഫും അനുവദിക്കപ്പെട്ടിരുന്നു എന്നാൽ സ്റ്റാഫ് നേഴ്സിന്റെ തസ്തികയിൽ പിന്നീട് നിയമനം നടത്താതായി.

1985ൽ ഈ ഡിസ്പെൻസറി ഒരു പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തി. എന്നാൽ ഈ പ്രൈമറി ഹെൽത്ത് സെന്ററിന്റെ ചികിത്സാ വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുക ഉണ്ടായില്ല. അതിനാൽ ഈ ഹെൽത്ത് സെന്ററിൽ ഒരു ആസ്പത്രിയുടെ സേവനം പൂർണ്ണമായി ലഭ്യമായില്ല. നമ്മുടെ പഞ്ചായത്തിൽ അടുത്ത കാലത്തായി അനുഭവിച്ച ഭൂചലനം, മറ്റു പല കാര്യങ്ങളിലും എന്നപോലെ, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയിലേക്കും അധികൃത ശ്രദ്ധ പതിയാൻ ഇടയായി. ഇതിന്റെ ഫലമായി ഒരു സ്റ്റാഫ് നേഴ്സിന്റെ താല്ക്കാലിക തസ്തിക സൃഷ്ടിക്കുകയും മറ്റു ചില സ്ഥാപനങ്ങളിൽ നിന്നും, ഡെപ്യൂട്ടേഷനായി മൂന്നു സ്റ്റാഫ് നേഴ്സ് അടക്കം, മൊത്തം നാലു പേരെ പുതുതായി നിയമിക്കുകയും ചെയ്തു.

എന്നാൽ ഭൂചലനത്തിന്റെ തീവ്രത കുറഞ്ഞതു കൊണ്ടോ, എന്തോ ഡെപ്യൂട്ടേഷനിൽ വന്നവരെ തിരിച്ചയച്ചു. ഫീൽഡിൽ പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ ഫീൽഡു പ്രവർത്തനത്തിൽനിന്നുമാറ്റി ആസ്പത്രിയിൽ പ്രവർത്തിക്കുന്നതായി അറിയുന്നു.

1983ൽ ഈ സ്ഥാപനത്തിന് ദേശമംഗലത്തെ യുനൈറ്റഡ് ക്ലബ്ബിന്റെ പരിശ്രമ ഫലമായി ഒരു ലേബർ റൂമും, ഒരു ചെറിയ ഓപ്പറേഷൻ തിയറ്ററും പണിതുകൊടുത്തു. 1989ൽ NREP പദ്ധതിയിൽ പൊതുജന സഹകരണത്തോടെ വാർഡുകളോടനുബന്ധിച്ച് രണ്ടു മുറികക്കൂസും കുളിമുറിയും അവയുടെ ആവശ്യത്തിനായി ഒരു ഓവർ ഹെഡ് ടാങ്കും നിർമ്മിച്ചുകൊടുത്തു. വാർഡിൽ ഇന്നുള്ള കട്ടിലുകളിൽ പലതും പൊതുജനസംഭാവനയാണ്. കൂടാതെ ഇന്നുള്ള കുഷ്ഠരോഗനിർമ്മാർജ്ജന സന്ദർശകന്റെ (leprosy Health Visitor) ഈ ലെപ്രസി ക്ലിനിക്ക് കെട്ടിടം സംഭാവന ചെയ്തിട്ടുള്ളത്. ശ്രീമതി ഉണ്യാട്ടിൽ ശ്രീദേവി അമ്മയാണ്. ഈ ക്ലിനിക് ഇന്ന് എരുമപ്പെട്ടിയി ലെപ്രസി കൺട്രോൾ യൂണിറ്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ദേശീയ കുഷ്ടരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായുള്ള മൾട്ടി ഡ്രഗ്ഗ് തെറാപ്പി 1990 ഒക്ടോബർ മുതൽ ഈ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. ദേശമംഗലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ചു പ്രവർത്തിക്കുന്ന ലെപ്രസി കൺട്രോൾ യൂണിറ്റിന്റെ സബ്സെന്റർ ആയ S.E.T. സെന്ററിൽ വെച്ച് എല്ലാ മാസവും 20ന് രോഗപരിശോധനയും ചികിത്സയും നൽകുന്നുണ്ട്. 1992–93 മുതൽ 1995–96 വരെയുള്ള 4 വർഷക്കാലത്തെ കുഷ്ഠരോഗത്തെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുക്കുന്നു.

വർഷം	ത്വക് രോഗികൾ
1992–93	45
1993–94	13
1994–95	39
1995–96	8
ആകെ	105

ഈ പഞ്ചായത്തിൽ ആകെ ജനസംഖ്യ 18237 ഉം അതിൽ 8816 പുരുഷന്മാരും 9421 സ്ത്രീകളും ആണ്. ഇതിൽ പട്ടിക ജാതിക്കാരായ പുരുഷന്മാർ 1816ഉം സ്ത്രീകൾ 1588ഉം ആണ്. ഇന്ന് ഈ പ്രൈമറി ഹെൽത്ത് സെന്ററിൽ പ്രദിദിനം ശരാശരി 100ഓളം രോഗികൾ ചികിത്സക്കായി വന്നുപോകുന്നുണ്ട്.

പ്രശ്നങ്ങൾ

1. ദേശമംഗലം പ്രൈമറി ഹെൽത്ത് സെന്ററിൽ വിദഗ്ധരായ ഡോക്ടർമാരുടേയും മറ്റു സ്റ്റാഫുകളുടേയും കുറവ് അനുഭവപ്പെടുന്നുണ്ട്.

2. കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം കുറവാണ്, രോഗികൾക്ക് ഭക്ഷണം ലഭിക്കുന്നില്ല

3. രോഗികളുടെ രക്തം കഫം മലം മൂത്രം മുതലായവ പരിശോധിക്കുവാനുള്ള സൗകര്യങ്ങൾ തീരെയില്ല

4. ദേശമംഗലം പഞ്ചായത്തിലെ മുഴുവൻ രോഗികൾക്കും ഏക ആശ്രയം ഈ പ്രൈമറി ഹെൽത്ത് സെന്ററാണ്. ഇന്നത്തെ സ്ഥിതിയിൽ പഞ്ചായത്തിലെ എല്ലാ രോഗികളുടെയും ആവശ്യങ്ങൾ നിറവേറ്റുവാൻ ഈ ഹെൽത്ത് സെന്റർ അപര്യാപ്തമാണ്.

5. പഞ്ചായത്തിലെ എല്ലാവാർഡിലും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളോ ഹെൽത്ത് സെന്ററുകളോ, ഇല്ല.

6. ഈ പഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി ഇല്ല

7. മാർക്കറ്റുകളുടെ പരിസരങ്ങളിലും, കടകമ്പോളങ്ങളുടെ പരിസരത്തുമായി ചപ്പുചവറുകൾ നിക്ഷേപിക്കുന്നത്കൊണ്ട് പരിസരമലിനീകരണത്തിനും, അതുവഴി കൊതുക്, ഈച്ച മുതലായ ക്ഷുദ്രജീവികൾ വർദ്ധിക്കുന്നതിനും, പകർച്ചവ്യാധികൾ പടരുന്നതിനും സാദ്ധ്യതയുണ്ട്. റോഡുകളുടെ ഇരുവശത്തും കാനകൾ ഇല്ലാത്തത് കൊണ്ട് റോഡിൽ പല സ്ഥലത്തും വെള്ളം കെട്ടികിടക്കുകയും ഇതു റോഡിൽ കൂടി ഒഴുകി കുണ്ടും കുഴിയുമായി പല സ്ഥലത്തും റോഡുകൾ ഗതാഗതയോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു.

8. ഇന്ന് റോഡരികിലും മറ്റു സ്ഥലങ്ങളിലുമായി മത്സ്യം, മാംസം എന്നിവ വില്ക്കപ്പെടുന്നുണ്ട്. അവിടെ നിക്ഷേപിക്കുന്ന അവശിഷ്ടങ്ങൾ മൂലം പരിസരമലിനീകരണം സംഭവിക്കുന്നുണ്ട്.

9. പല വീടുകളിലും കക്കൂസുകളില്ലാത്തതുകാരണം പരിസരങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നുണ്ട്

10. ദേശമംഗലം ബസ്സ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷൻ ഇല്ല.

11. ദേശമംഗലം പ്രൈമറി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് സ്റ്റാഫ് ക്വാരട്ടേഴ്സ് ഇല്ല .

12. പൊതുടാപ്പുകൾ ഉള്ള സ്ഥലത്ത് വെള്ളം കെട്ടികിടന്ന് പരിസരമലിനീകരണം സംഭവിക്കുന്നുണ്ട്.

13. പഞ്ചായത്തിലെ എല്ലാ വാർഡിലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവുനായ്ക്കൾ ധാരാളമുണ്ട്. പേപ്പട്ടി ശല്യം ഇവിടെ ഒരു നിത്യസംഭവമാണ്.

14. പഞ്ചായത്തുതല പൊതുശ്മശാനമുണ്ടെങ്കിലും അധികം പേരും അത് ഉപയോഗപ്പെടുത്തുന്നില്ല

15. ദാരിദ്ര്യരേഖക്ക് താഴെ വരുന്ന കുടുംബങ്ങളിൽ കക്കൂസില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട 249 വീടുകളും മറ്റു വിഭാഗത്തിൽ പെട്ട 142 വീടുകളും 1991 ലെ സെൻസസ് പ്രകാരം ഇവിടെ ഉണ്ട്.

16. വ്യാജമദ്യത്തിന്റെ ഉല്പാദനവും ഉപയോഗവും വ്യാപകമായി നിലനിൽക്കുന്നുണ്ട്.

സാദ്ധ്യതകൾ

1. ദേശമംഗലം പ്രൈമറി ഹെൽത്ത് സെന്ററിൽ ആവശ്യമായ എല്ല്, പല്ല്, ത്വക്ക്, കണ്ണ്, പ്രസവസംബന്ധമായ രോഗങ്ങൾക്കുമുള്ള വിദഗ്ദ്ധ ഡോക്ടർമാരുടേയും മറ്റു സ്റ്റാഫുകളുടേയും കുറവുകൾ ഉടൻ നികത്തേണ്ടതാണ്. ഒരു ലേഡി ഡോക്ടറുടെ സേവനം ഇവിടെ അത്യാവശ്യമാണ്.

2. ആശുപത്രിക്ക് വേണ്ട പുതിയ കെട്ടിടവും, കട്ടിൽ, കിടക്ക മുതലായ ഉപകരണങ്ങളും, മരുന്നും, ലഭ്യമാക്കണം, കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണം ലഭ്യമാക്കണം. 25 രോഗികൾക്കെങ്കിലും കിടന്ന് ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

3. വിദഗ്ധ പരിശീലനം നേടിയ ലാബറട്ടറി ടെക്നീഷ്യന്റെ പ്രവർത്തനം ലഭ്യമാക്കണം.

4. ഹെൽത്ത് സെന്റർ എല്ലാ സൗകര്യങ്ങളോടുകൂടിയ ഒരു ഓപ്പറേഷൻ തിയ്യറ്ററും x Ray യൂണിറ്റും ECG scanning Unit ആയി ഉയർത്തേണ്ടതാണ്.

5. ഹെൽത്ത് സബ്സെന്റർ ഇല്ലാത്ത എല്ലാ വാർഡുകളിലും അവ ആരംഭിക്കേണ്ടതാണ്. എല്ലാ സെന്ററിലും ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുകയും വേണം.

6. ആയുർവേദ ഡിസ്പെൻസറി തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

7. എല്ലാ വാർഡുകളിലും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാക്കണം. അറവുമാടുകളെ പരിശോധനക്ക് വിധേയമാക്കണം. പരിസരശുചിത്വം ഉറപ്പ് വരുത്തണം.

8. മാർക്കറ്റുകളുടെ പരിസരത്തും, പ്രധാന കടകമ്പോളങ്ങളുടെ സമീപത്തുമായി ഓരോ കുപ്പത്തൊട്ടി സ്ഥാപിച്ച് ചപ്പുചവറുകൾ അതിൽ നിക്ഷേപിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണം. കുപ്പത്തൊട്ടിയിലെ മാലന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. റോഡിനിരുവശത്തും കാനകൾ നിർമ്മിക്കുകയും വെള്ളം ഒഴുകി പോകാനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം. കൊതുക് നിവാരണത്തിന് മരുന്നുകൾ ഇടക്കിടെ തളിക്കേണ്ടതാണ്.

9. ഓരോ വീടുകളിലും ചപ്പുചവറുകൾ നിക്ഷേപിക്കുവാനായി ഓരോ കുഴി ഉണ്ടാക്കുന്നതിനും, ചപ്പുചവറുകൾ അതിൽ നിക്ഷേപിച്ച് അത് കമ്പോസ്റ്റാക്കുന്നതിനോ, കത്തിച്ച് കളയുന്നതിനോ വേണ്ടി ജനങ്ങളെ ബോധവൽക്കരിക്കണം. അതോടൊപ്പം പരിസരം ശുചിയായി സൂക്ഷിക്കുന്നതിനും, ജനങ്ങളെ ബോധവൽക്കരിക്കണ.

10. മത്സ്യം മാംസം, മുതലായവയുടെ വില്പന മാർക്കറ്റിലേക്ക് മാറ്റുകയും, അവയുടെ അവശിഷ്ടങ്ങൾ പ്രത്യേക സ്ഥലത്ത് കുഴിച്ചുമൂടുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

11. കക്കൂസുകളില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുത്ത് പരിസരം ശുചിയായി സൂക്ഷിക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കണം.

12. ദേശമംഗലം ബസ് സ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക. ജല ലഭ്യതയും ഉറപ്പ് വരുത്തണം.

13. ദേശമംഗലം പ്രൈമറി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് ആവശ്യമായ സ്റ്റാഫ് കോർട്ടേഴ്സ് നിർമ്മിച്ചുകൊടുക്കണം.

14. എല്ലാ പൊതുടാപ്പുകളുടെയും ചുറ്റും വെള്ളം കെട്ടി നിൽക്കാതിരിക്കാനുള്ള ഏർപ്പാടു ചെയ്യുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യണം.

15. ഓരോ മാസം കൂടുമ്പോഴും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കാനുള്ള സംവിധാനം ചെയ്യണം.

16. പൊതു ശ്മശാനം ഉപയോഗപ്പെടുത്തുവാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

17. മദ്യത്തിന്റെ ഉല്പാദനത്തിന്റേയും അതിലുപരി ഉപയോഗത്തിന്റെയും ദുഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം.

ഗ്രാമസഭാ നിർദ്ദേശം

വാർഡ് 1

1. ഈ വാർഡിൽ ഒരു ആയുർവേദ ആശുപത്രി വേണം.

വാർഡ് 2

1 വറവട്ടൂർ ഹരിജൻ കോളനിയിൽ ഒരു സബ്ബ് ഹെൽത്ത് സെന്റർ സ്ഥാപിക്കുക

വാർഡ് 3

1. പേപ്പട്ടി ശല്യം ഒരു സാധാരണ സംഭവമാണ് ഇതിന്നൊരറുതി വരുത്തുക

2. വീടുകളുടെയും, മാർക്കറ്റുകളുടെയും പരിസര ശുചീകരണം ഉറപ്പുവരുത്തുവാൻ ഒരു ഹെൽത്തു ഇൻസ്പെക്ടറുടെ സേവനം ഇവിടെ വേണം.

3. ഒരു ആയുർവ്വേദ ഡിസ്പെൻസറി ഈ വാർഡിൽ വേണം.

വാർഡ് 4

1 നിലവിലുള്ള സബ്സെന്റർ ഡിസ്പെൻസറിയാക്കുക

2. തലശ്ശേരി സെന്ററിൽ കിഴക്കുഭാഗത്ത് ഭൂകമ്പ മാപിനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മലിനജലം കെട്ടിനില്ക്കുന്നത് ഒഴിവാക്കാൻ കാന നിർമ്മിക്കണം.

വാർഡ് 5

1. ഈ പ്രദേശത്തെ വ്യാജ ച്ചാരായ വില്പന കർശനമായി നിരോധിക്കുക

2. കൊതുകുനിർമ്മാർജ്ജനത്തിന് കാലാകാലങ്ങളിൽ മരുന്ന് തളിച്ച് പകർച്ച വ്യാധികൾ തടയണം.

3 വീടും പരിസരവും ശുചിയാക്കി സൂക്ഷിക്കുന്നതിന്നുവേണ്ടി, ബോധവൽക്കരണ സെമിനാറുകൾ നടത്തുക

വാർഡ് 6

1. ഇവിടെയുള്ള Sub centre ൽ ചുരുങ്ങിയത് 10 രോഗിയെയെങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉറപ്പുവരുത്തുക

2. ഈ പ്രദേശത്തെ ഹോട്ടലുകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന നിർബന്ധമാക്കുക.

3. ഫോറസ്റ്റ് റോഡിലും, ചുട്ടപ്പറമ്പ് റോഡിലും മലിനജലം കെട്ടിക്കിടക്കുന്നത് ഇല്ലാതാക്കണം

വാർഡ് 7

1. കൊതുകുനിർമ്മാർജ്ജന പ്രവർത്തനം ശക്തമാക്കുക

2. PH സെന്ററിൽ 24 മണിക്കൂറും ഡോക്ടറുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക

വാർഡ്8

1. ദേശമംഗലം സെന്ററിലെ വിവിധ ഭാഗങ്ങളിലായി ചപ്പുചവറുകൽ ഇടുന്നതിനായി തൊട്ടികൾ സ്ഥാപിക്കുക

2. ഇറച്ചി, മത്സ്യക്കടകൾ മാർക്കറ്റിലേയ്ക്ക് മാറ്റുക

3. 6മാസത്തിലൊരിക്കൽ മരുന്ന് തളി നിർബന്ധമാക്കുക എലി നശീകരണം ത്വരിതപ്പെടുത്തുക

4 പൊതു ശ്മശാനത്തിൽ തന്നെ ശവസംസ്കാരം നടത്താൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുക

വാർഡ് 9

1 PH സെന്ററിൽ കൂടുതൽ ആൾക്കാരെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക

2. ഒരു ലേഡി ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക

ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ അതി പ്രശസ്തരായ നിരവധി വൈദ്യകുടുംബങ്ങൾ ഉണ്ടായിരുന്നു. ഉവരുടെയെല്ലാം സേവനം മുൻകാലങ്ങളിൽ വിദൂരപ്രദേശത്തുകാർക്കു കൂടി ഉപയോഗപ്രദമായിരുന്നു. അവരുടെ കുടുംബങ്ങളിൽ ഇന്നു ജീവിച്ചിരിപ്പുള്ളവരെ സംഘടിപ്പിച്ചുകൊണ്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പഴയ ചികിത്സാരീതികൾ ഉപയോഗപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ പ്രയോജനകരമായിരിക്കും.

പഞ്ചായായത്തിൽ പണ്ടു ജീവിച്ചിരുന്ന പ്രശസ്തരായ പാരമ്പര്യ വൈദ്യന്മാർ	*അവരുടെ കുടുംബങ്ങളിൽ ഇന്നു ജീവിച്ചിരിക്കുന്നവർ*
1. കരുനാഗത്ത് ചെറീതുവൈദ്യർ	കരുനാഗത്ത് പീതാംബരൻ വൈദ്യർ
2. കരുനാഗത്ത് കറപ്പൻവൈദ്യർ	
3. തിയ്യാടി അച്ചുതൻവൈദ്യർ	തിയ്യാടി പ്രഭാകരൻ വൈദ്യർ
4. മുല്ലയ്ക്കൽ ഉണ്ണീരിവൈദ്യർ	മുല്ലയ്ക്കൽ ശങ്കരൻവൈദ്യർ
5. പുവ്വത്തിങ്കൽ കൃഷ്ണൻവൈദ്യർ	ഇപ്പോൾ ആരും ഇല്ല
6. പുവ്വത്തിങ്കൽ ശങ്കരൻവൈദ്യർ	ഇപ്പോൾ ആരും ഇല്ല
7. മുല്ലക്കൽ ഗോവിന്ദൻവൈദ്യർ	മകൻ

വിഷചികിത്സാ വിദഗ്ധർ

1. കുഞ്ഞിതങ്ങൾപല്ലൂർ	പൗത്രൻ മുസ്തഫ
2. പണ്ടാരത്തിൽ ഗോവിന്ദൻ കുട്ടിനായർ	ഇപ്പോൾ ആരും ഇല്ല
3. ഉണ്ണിയാട്ടിൽ അച്ചുതൻനായർ	ഇപ്പോൾ ആരും ഇല്ല

5. വ്യവസായം

പ്രാചീനകാലം മുതൽക്കുതന്നെ ദേശമംഗലം കൊണ്ടയൂർ മുതലായ ദേശമംഗലം പഞ്ചായത്തിൽപ്പെട്ട സ്ഥലങ്ങൾക്ക് അന്നത്തെ വിദേശ വ്യാപാര കേന്ദ്രങ്ങളി ലൊന്നായിരുന്ന കോഴിക്കോട്ടുമായി പലതരത്തിലുള്ള വ്യാപാരബന്ധങ്ങൾ ഉണ്ടായിരുന്നു. ഈ പ്രദേശത്തെ അന്നത്തെ വ്യാവസായിക ഉല്പന്നങ്ങളായ മൺപാത്ര ങ്ങളുടെയും, കുട്ട്, പനമ്പ്, എന്നിവയുടെയും പ്രധാന വിപണന കേന്ദ്രം പൊന്നാനി കോഴിക്കോട്, എന്നിവിട ങ്ങളിലായിരുന്നു. കാർഷികോല്പന്നങ്ങളായ നെല്ല്, കുരു മുളക് നിലകടല, മുതിര, എള്ള്, മരച്ചീനി വർഗ്ഗങ്ങൾ, എന്നിവയുടെയും അന്നന്നെ വില്പനകേന്ദ്രങ്ങൾ മേൽ പറഞ്ഞ പൊന്നാനിയും, കോഴിക്കോടുമായിരുന്നതിനാൽ ഈ പ്രദേശങ്ങളുമായി ശക്തമായ വ്യാപാരബന്ധം പണ്ടു മുതൽക്കെ ഈ പഞ്ചായത്തിനുണ്ടായിരുന്നു. റോഡു മാർഗ്ഗമുള്ള ഗതാഗതം വളരെ പരിമിതമായിരുന്നതിനാൽ ജലമാർഗ്ഗമുള്ള ഗതാഗതത്തെയാണ് പണ്ടുകാലത്ത് ജന ങ്ങൾമുഖ്യമായും, ആശ്രയിച്ചിരുന്നത്. ഈ പഞ്ചായ ത്തിന്റെ വടക്കെ അതിരും, കിഴക്കെ അതിരും ഭാരതപ്പുഴ യായതിനാലാണ് പണ്ടു മുതൽക്കെ മേൽ പറഞ്ഞ വിപ ണനകേന്ദ്രങ്ങളുമായി. ഈ വ്യാപാരബന്ധം ഉണ്ടായിരു ന്നത്. ജലമാർഗ്ഗം കൊണ്ടുപോയികൊണ്ടിരുന്ന വ്യാവസാ യിക, കാർഷികോല്പന്നങ്ങളുടെ ഒരു ചുങ്കം പിരിവു കേന്ദ്രം ഈ പഞ്ചായത്തതിർത്തിയിലുണ്ടായിരുന്നു. പഞ്ചായത്തിന്റെ വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന കൊണ്ടയൂരിന്റെ അതിർത്തിയായ ഭാരതപ്പുഴയുടെ തൊട്ട പ്പുറത്ത് സ്ഥിതിചെയ്യുന്നത് ഇന്നത്തെ പാലക്കാട് ജില്ല യിൽ പെട്ട കാരക്കാട് എന്ന പ്രദേശമാണ്. കേരള പിറ വിക്കുമുമ്പ് കൊണ്ടയൂർ കൊച്ചി സംസ്ഥാനത്തിന്റെ അതിർത്തിയും, കാരക്കാട് മലബാർ സംസ്ഥാനത്തിന്റെ തെക്കെ അതിർത്തിയുമായിരുന്നു. ഏകീകൃത നികുതി സമ്പ്രദായം വരുന്നതിനുമുമ്പ് ഈ രണ്ടു സംസ്ഥാനങ്ങ ളുടെയും കാർഷിക വ്യവസായിക ഉല്പന്നങ്ങളുടെ നികുതി വ്യത്യാസം വൻതോതിലുള്ള ചരക്കുകൈമാറ്റ ത്തിന്റെ ആസ്ഥാനകേന്ദ്രവുമാക്കി ഈ പ്രദേശങ്ങളെ മാറ്റി, റോഡു ഗതാഗതം പുരോഗമിച്ചതോടെ മറ്റു സ്ഥല ങ്ങളിൽനിന്ന് മേല്പറഞ്ഞ വില്പന കേന്ദ്രങ്ങളിലേക്ക് ചരക്കുകളുടെ വൻതോതിലുണ്ടായ വരവും മദ്ധ്യവർത്തി കളുടെ അമിതമായ ലാഭേച്ഛയും, ഈ പ്രദേശത്തെ വ്യാപ രബന്ധങ്ങളെ കാലക്രമേണ പ്രതികൂലമായി ബാധിച്ചു.

ഇപ്പോൾ നടത്തിയ സർവ്വേപ്രകാരം ഈ പഞ്ചായ ത്തിൽ താഴെപറയുന്ന വ്യാപാര – വ്യവസായ സ്ഥാപന ങ്ങളും വിദഗ്ധ പരിശീലനം ലഭിച്ച/ലഭിക്കാത്ത തൊഴി ലാളികളുമാണുള്ളത്.

	യൂണിറ്റിന്റെ പേര്	എണ്ണം	തൊഴിലാളിക ളുടെ എണ്ണം
1.	കുട്ട,പനമ്പ് നെയ്ത്ത്	2	20
2.	മൺപാത്രനിർമ്മാണം	2	60
3.	അരിമില്ലുകൾ	18	21
4	ഓയിൽമില്ലുകൾ	5	5
5.	മരമില്ലുകൾ	3	18
6.	ചന്ദനതിരി വിളക്കുതിരി	7	210
7.	ആയുർവ്വേദ മരുന്നുകട	2	6
8.	അലോപ്പതി മരുന്നുകട	2	4
9.	ചിപ്സ്, ബിസ്ക്കറ്റ്സ്	3	12
10.	തീപ്പെട്ടി പോള നിർമ്മാണം	1	20
11.	ഓട്ടുപാത്രനിർമ്മാണം	3	9
12.	Fabrication work shop	2	6

	യൂണിറ്റിന്റെ പേര്	എണ്ണം	തൊഴിലാളികളുടെ എണ്ണം
13.	ചായകടകൾ	38	114
14.	ഗ്രോസറിസ്റ്റോറുകൾ	52	104
15.	പ്ലാസ്റ്റിക് സാമഗ്രി നിർമ്മാണം	1	1
16.	സോഡാനിർമ്മാണം	1	1
17.	അലുമിനിയ പാത്ര നിർമ്മാണം	1	3
18.	സ്റ്റേഷനറി കടകൾ	32	64
19.	ഫർണിച്ചർ കടകൾ	4	16
20.	ട്യൂബ് വൽക്കനൈസിങ്ങ് സെന്റർ	1	3
21.	ടൈലറിംങ്ങ്	12	30
22.	സ്വർണ്ണാഭരണവ്യാപാരം	4	6
23.	ബേക്കറി കൂൾബാർ	5	10
24.	വൈദ്യുതോപകരണ വിൽപനകേന്ദ്രം	1	2
25.	മോട്ടോർ റിവൈൻഡിങ്ങ്	1	4
26.	മീൻകട ഇറച്ചികടകൾ	5	12
27.	ടൂൾസ് നിർമ്മാണം	1	4
28.	തുണികൾ ചെരുപ്പുകൾ	8	15
29.	ഹാർഡ് വെയർ ഷോപ്പ്	2	2
30.	ഇഷ്ടിക നിർമ്മാണം	40	2000
31.	റബ്ബർ ചെരിപ്പ് നിർമ്മാണം	2	8
	ആകെ എണ്ണം		2790

വിവിധ പദ്ധതിപ്രകാരം പരിശീലനം കിട്ടിയവർ

പദ്ധതിയുടെ പേര്	ട്രൈസം പദ്ധതി
പരിശീലനം ലഭിച്ചവരുടെ എണ്ണം	10
പട്ടികവർഗ്ഗം	6
മറ്റു സമുദായക്കാർ	4

DWCRA പദ്ധതിപ്രകാരം പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾ 2 എണ്ണമാണ്

തലശ്ശേരിയിലെ പൊന്നരി സംഘം, കൊണ്ടയൂരിലെ സൗഗന്ധികം അഗർബത്തി

റൂറൽ ആർട്ടിസാൻസ് പ്രകാരം 65പേരെ തിരഞ്ഞെടുക്കുകയും അതിൽ 30 പേർക്ക് ടൂൾസ് കിറ്റ് അനുവദിക്കുകയും ഉണ്ടായി.

ഈ പഞ്ചായത്തിൽ വ്യവസായികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 2790 പേരിൽ 1108 പേർ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും സീസൺ വർക്കായ ഇഷ്ടികനിർമ്മാണരംഗത്ത് ജോലി ചെയ്യുന്നു. തമിഴ് നാടിനെ അപേക്ഷിച്ച് കേരളത്തിലെ വേതന തോതിലുള്ള വർദ്ധനവാണ് ഒരു കാരണം. കേരളത്തിലെ യുവജനങ്ങളിൽ വിദ്യാഭ്യാസ മേഖലയിലുള്ള ഉയർച്ച മൂലം ഇത്തരം തൊഴിലിനോടുള്ള വൈമുഖ്യം മറ്റൊരു കാരണമാണ്. ഈ പഞ്ചായത്തിലെ മൊത്ത ജനസംഖ്യയായ 18237പേരിൽ വ്യവസായരംഗത്ത് ജോലി ചെയ്യുന്നവർ 1682 പേർ മാത്രമാണ്. ഇതിൽ 1324 പുരുഷന്മാരും, 358 സ്ത്രീകളുമാണുള്ളത്. വിദഗ്ദ്ധതൊഴിൽ പരിശീലനം ലഭിച്ചവർ ഇതിന്റെ 12%ത്തോളം വരുന്ന 201 പേർ മാത്രമാണ്. ഗവൺമെന്റ് തലത്തിലുള്ള പ്രത്സാഹനത്തിന്റെയും ബോധവൽക്കരണത്തിന്റെയും കുറവാണിതിനു കാരണം.

പ്രശ്നങ്ങൾ

1. കൃഷിസ്ഥലം നിരത്തി ഇഷ്ടികനിർമ്മാണം നടത്തുന്നതിന് പരക്കെ എതിർപ്പുണ്ട്. ഈ നിലയിൽ ഈ വ്യവസായത്തിന് പുരോഗതിക്കുള്ള സാദ്ധ്യത ഒട്ടും തന്നെയില്ല

2. പരമ്പരാഗത വ്യവസായങ്ങളായ കളിമൺ പാത്ര നിർമ്മാണം, കുട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത് എന്നിവ

യിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളിൽ പകുതിയിലേറെ പേർ ഇന്ന് ഈ രംഗത്തില്ല. ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും വിപണനരംഗത്തെ പ്രശ്നങ്ങളുമാണ് ഇതിന് കാരണം. റബ്ബർ പ്ലാസ്റ്റിക് സാമഗ്രികളുടെ ഈ രംഗത്തേക്കുള്ള കുതിച്ചുകയറ്റം ഈ മേഖലയിൽ ഉണ്ടായ തകർച്ചയ്ക്ക് മറ്റൊരു കാരണമാണ്.

3. ചെറുകിട വ്യവസായങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും വ്യവസായ നടത്തിപ്പിന് അത്യന്താപേക്ഷിതമായ പരിശീലനക്കുറവും, മാനേജ്മെന്റ് ട്രെയിനിങ്ങിന്റെ അഭാവം മൂലം ഈ മേഖലക്കുണ്ടായ മാന്ദ്യത ഈ രംഗത്തേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നില്ല.

4. പ്രകൃതി ദത്തമായ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി ഇവിടെതന്നെ ലഭ്യമായ അസംസ്കൃത വസ്തുക്കളെ വ്യവസായിക ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള വൈദഗ്ധ്യക്കുറവും ഇവിടുത്തെ വ്യവസായിക പുരോഗതിക്ക് തടസ്സമാകുന്നു.

5. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസവും നടപടിക്രമങ്ങൾക്കുള്ള ബുദ്ധിമുട്ടും അടിക്കടി അനുഭവപ്പെടുന്ന വൈദ്യുതി തകരാറും നിലവിലുള്ള വ്യവസായങ്ങൾക്ക് തടസ്സമാകുന്നു. പുതിയ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നതും ഇക്കാര്യം തന്നെ.

6. ഗതാഗതത്തിന്റെയും വാർത്താവിനിമയത്തിന്റെയും അപര്യാപ്തത വ്യവസായ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

7. ക്ഷീരോല്പാദനത്തിനു വൻസാദ്ധ്യതയുള്ള ഇവിടെ വിപണന സൗകര്യം തീരെയില്ല.

സാദ്ധ്യതകൾ

വ്യവസായികമായി വൻപുരോഗതിക്ക് സാദ്ധ്യതയുള്ള ഈ പഞ്ചായത്തിന്റെ മേന്മകൾ താഴെ പറയുന്നവയാണ്.

1. യഥേഷ്ടമായുള്ള സ്ഥലസൗകര്യം

2. തൊഴിൽ ചെയ്യുന്നതിന്നുവേണ്ട മാനവ ശേഷിയുടെ ലഭ്യത

3. സ്വന്തമായി സ്ഥാപനങ്ങൾ തുടങ്ങുന്നതിനോട് യുവജനങ്ങൾ കാണിക്കുന്ന സന്നദ്ധത

4. പ്രകൃതിദത്തവും കാർഷികവുമായ അസംസ്കൃതവസ്തുക്കളുടെ ലഭ്യത

ഈ സാദ്ധ്യതകൾകൊണ്ട് ഇനി പറയുന്ന വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

1. ക്ഷീരവ്യവസായം

2. തേനീച്ച വളർത്തൽ

3. പച്ച നാളികേരത്തിൽനിന്ന് എണ്ണയുൽപാദിപ്പിക്കുന്ന സ്ഥാപനം

4. ഉത്തേജിത കരിനിർമ്മാണ സ്ഥാപനം

5. ചക്ക, മാങ്ങ, പപ്പായ, കശുമാങ്ങ, പൈനാപ്പിൾ മുതലായവയിൽനിന്ന് ജാമുകളും ജൂസുകളും നിർമ്മിക്കൽ

6. ചക്കപപ്പടം കൊണ്ടാട്ടങ്ങൾ, മരച്ചീനി പപ്പടം എന്നിവ നിർമ്മിക്കൽ

7. തേങ്ങാപാൽ തൂൾതേങ്ങ, തേങ്ങ വെള്ളത്തിൽനിന്ന് വിനാഗിരി എന്നിവ നിർമ്മിക്കൽ

8. അച്ചാർനിർമ്മാണം

9. ചിപ്സ് നിർമ്മാണം

10. കേരോല്പന്നങ്ങളിൽനിന്നും വാഴാനാരിൽനിന്നും waste പേപ്പറിൽനിന്നും, കരകൗശലവസ്തുക്കൾ കളിക്കോപ്പുകൾ നിർമ്മിക്കൽ

11. കുട്ടനെയ്ത്തും, കളിമൺ പാത്രനിർമ്മാണവും

12. കൂൺവളർത്തൽ, കോഴിവളർത്തൽ

13. കുടനിർമ്മാണം

14. ഹോളോബ്രിക്സ്

15. സുഗന്ധവ്യഞ്ജന സംസ്ക്കരണശാല

16. വുഡൻ ഫർണീച്ചർ

17. പാക്കിംഗ് ബോക്സ്

18. ചെരുപ്പുനിർമ്മാണശാല

19. മരംകൊണ്ട് പാറ്റേൺ ഉണ്ടാക്കൽ

20. പെയിന്റിംഗ് ബ്രഷ് നിർമ്മിക്കൽ

21. റബ്ബർ കൊണ്ടുള്ള ഉപകരണങ്ങൾ

22 റൊട്ടി നിർമ്മാണ ശാല

23. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

24. കല്ലൊരവ്യവസായം

25. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം

26. വാഷിംഗ് പൗഡറും സോപ്പും നിർമ്മിക്കൽ

27. പ്ലാസ്റ്റിക് സാമഗ്രികൾ

28. സ്റ്റീൽ ഫർണീച്ചർ

29. എൻജിനീയറിംഗ് വർക്ക്ഷോപ്പ്

30 നട്ട്, ബോൾട്ട്, ആണി നിർമ്മാണം

31. ഫിനോയിൽ നിർമ്മാണം

32. പി.വി.സി. പൈപ്പ് നിർമ്മാണം

33. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ ആന്റ് മാനേജ്മെന്റ് വിദഗ്ദ്ധോപദേശസമിതി

34. സഹകരണാടിസ്ഥാനത്തിൽ ഓപ്പറേഷൻ ടൂൾസ്, കാർഷികോപകരണങ്ങൾ എന്നീ സ്ഥാപനങ്ങൾ

35. നെല്ല് പുഴുങ്ങി ഉണക്കി കുത്തി അരിയാക്കി വിപണനം നടത്തുക

36. സഹകരണാടിസ്ഥാനത്തിൽ തുണിമില്ലുകൾ

37. കമ്പനി ഇഷ്ടികനിർമ്മാണം

38. ഇഡലി പ്പൊടി, ദോശപ്പൊടി മുതലായവ നിർമ്മിക്കൽ

39. ഗ്ലാസ്സ് ഫാക്ടറി

40. മെഴുകുതിരി കൊതുകുതിരി ചന്ദനത്തിരി മുതലായവ നിർമ്മിക്കൽ

41. ചരായ ഗ്രഹകരുടെ സ്വപ്ന ഭൂമിയായ കൊണ്ടയൂർ ഭാരതപ്പുഴയുടെ തീരത്ത്, കുടപ്പാറയിൽ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധത്തിൽ ഒരു സുഖവാസകേന്ദ്രം സ്ഥാപിക്കുക

പരിഹാര നിർദ്ദേശങ്ങൾ

1. ഇഷ്ടിക നിർമ്മാണത്തിന് സ്ഥിരമായ ഫാക്ടറി സൗകര്യമനുവദിച്ച് കൃഷി ഭൂമി നശിപ്പിക്കുന്നത് ഒഴിവാക്കുക. ഫാക്ടറി ജോലിയുടെ തൊഴിൽ മാന്യത ഈ രംഗത്തേയ്ക്ക് തദ്ദേശ വാസികളെ ആകർഷിക്കും.

2. പരമ്പരാഗത വ്യവസായങ്ങൾക്ക് സഹകരണാടിസ്ഥാനത്തിൽ നിർമ്മാണ ശാലകൾ ആരംഭിക്കുക. സംസ്ഥാനതലത്തിൽ ഈ ഉല്പന്നങ്ങളെ സമാഹരിക്കുകയും, ഒരേ Brand name ന്റെ കീഴിൽ വിപണനം നടത്തുകയും ചെയ്യുക. സാങ്കേതിക കണ്ടു പിടുത്തങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ഗുണനിലവാരം ഉയർത്തുക. അതുകൊണ്ടുതന്നെ പ്ലാസ്റ്റിക് റബ്ബർ ഉല്പന്നങ്ങളുടെ ഈ മേഖലയിലേക്കുള്ള തള്ളിക്കയറ്റത്തെ അതിജീവിക്കാനാവും.

3. ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക

4. ഈ പഞ്ചായത്തിൽ നാഷണലൈസ്ഡ് ബാങ്കിന്റെ ശാഖ തുടങ്ങുക. ചെറുകിട വ്യവസായത്തിന്നുവേണ്ട വായ്പാ സൗകര്യത്തിന് ഇത് അത്യന്താപേക്ഷിതമാണ്.

5. പഞ്ചായത്തു തലത്തിൽ വ്യവസായ സംരംഭകരുടെ ഒരു രജിസ്റ്റർ വയ്ക്കുകയും, അതിൽ വരുന്നവർക്ക് തൊഴിൽ പരിശിലനത്തിനും, മാനേജ്മെന്റ് പരിശീലനത്തിനും സൗകര്യം ഉണ്ടാക്കുക

6. ഇവിടത്തെ സൗകര്യങ്ങളെ വിലയിരുത്തി ലഭ്യമായ അസംസ്കൃത വസ്തുക്കളെ (പ്രധാനമായും, കാർഷിക ഉല്പന്നങ്ങളെ) വ്യവസായിക ഉല്പന്നങ്ങളാക്കി മാറ്റുന്ന വിദഗ്ധ പരിശീലനത്തിന് മുൻഗണന നല്കുക.

7. വൈദ്യുതി കണക്ഷനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക, പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇവിടെതന്നെ വൈദ്യുതി നിർമ്മിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക

8. പഞ്ചായത്തിലെ എല്ലാ റോഡുകളും ടാറിട്ട് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക. വ്യവസായ യൂണിറ്റുകൾക്ക് ഫോൺ കണക്ഷനുകൾ അപേക്ഷിച്ച ഉടനെ നല്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക

9. വ്യവസായ സെമിനാറുകളും, ബോധവൽക്കരണ


പരിപാടികളും, സംഘടിപ്പിക്കുക. പരമ്പരാഗതവ്യവസായത്തിന്റെ തൊഴിൽ മേന്മയെപ്പറ്റി യുവജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക

10. പഞ്ചായത്തുതലത്തിൽ സ്വകാര്യ മേഖലയിൽ ബിസിനസ്സ് പ്രോമോഷൻ കൗൺസിലുകൾ സ്ഥാപിക്കുക ഇവർക്ക് വ്യവസായികളുടെ പല വിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സഹായിക്കാനാവും. ഈ കാര്യത്തിൽ വിദഗ്ധരുടെയും റിട്ടയേർഡ് ഉദ്യോഗസ്തരുടെയും കഴിവുകൾ ഉപയോഗപ്പെടുത്താം.

സമാഹരണം

മേൽ വിവരങ്ങളിലൂടെ കടന്നുപോവുമ്പോൾ ഒരു കാര്യം സ്പഷ്ടമാണ്. ഈ പഞ്ചായത്തിൽ ഒരുവൻകിട വ്യവസായമോ 10 ലക്ഷം രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള ഒരു വ്യവസായമോ ഇല്ല. വ്യാവസായികമായി വൻപുരോഗതിക്ക് വളരെയധികം സാദ്ധ്യതയുള്ള ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വളർച്ചക്ക് മേൽകുറിച്ച് നിർദ്ദേശങ്ങൾ താമസംവിനാ നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

■



6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, വാർത്താവിനിമയം

ഊർജ്ജം

പഞ്ചായത്ത് പ്രദേശത്തേക്ക് ചെറുതുരുത്തി, കുണ്ടന്നൂർ എന്നീ സെക്ഷനുകളിൽ നിന്നാണ് വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തതൃത്തിയിൽ 340 ബൾബുകളും 37 ട്യൂബുകളും തെരുവു വിളക്കുകളുമായി സ്ഥാപിച്ചിട്ടുണ്ട്. 60% ത്തോളം വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇനിയും വൈദ്യുതി എത്തിപ്പെടാത്ത മേഖലകൾ ഉണ്ട്. പ്രത്യേകിച്ച് ഹരിജൻ കോളനികൾ. തെരുവുവിളക്കുകൾക്ക് പഞ്ചായത്തിൽ നിന്നും ചാർജ്ജ് അടക്കുന്നതല്ലാതെ കത്താത്ത ബൾബുകൾ യഥാസമയം മാറ്റാത്തതുകൊണ്ട് പ്രയോജനം ലഭിക്കുന്നില്ല. വോൾട്ടേജ് ക്ഷാമം ചില പ്രദേശങ്ങളിൽ വളരെ രൂക്ഷമാണ്. കാർഷികവും, ഗാർഹികവുമായ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കുവാൻ ഇപ്പോഴും വളരെ താമസം നേരിടുന്നു. പാചക ഗ്യാസ് ഈ പ്രദേശത്ത് ലഭ്യമല്ല. ജനങ്ങൾ വിറക്, അറക്കപ്പൊടി, മണ്ണെണ്ണ എന്നിവയാണ് ഉപയോഗിച്ചുവരുന്നത്. പുകയേൽക്കാത്ത അടുപ്പുകൾ ധാരാളം വീടുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും, അത് ഉപയോഗിക്കുവാൻ ജനങ്ങൾ എന്തു കൊണ്ടോ തല്പരരല്ല. ഈ രംഗത്ത് കൂടുതൽ ബോധവൽക്കരണം ആവശ്യമാണ്. മഴക്കാലങ്ങളിൽ പാചക ഇന്ധനത്തിനു വേണ്ടി ജനങ്ങൾ വളരെയധികം കഷ്ടപ്പെടുന്നു. ആവശ്യമായ വിറക് കിട്ടുന്നില്ലാ. വിറക് സൂക്ഷിക്കുന്നതിന് പല വീടുകളിലും സൗകര്യങ്ങളും ഇല്ല. മണ്ണെണ്ണ വിതരണം കാര്യക്ഷമമാക്കുകയും,ഗ്യാസ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്ത് ഇന്ധന ക്ഷാമം പരിഹരിക്കേണ്ടതാണ്. എല്ലാ വീടുകളിലും പുകയേല്ക്കാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് സഹായം ചെയ്യുക. പഞ്ചായത്ത് റോഡുകളുടെ നടുവിൽ നില്ക്കുന്ന വൈദ്യുതി പോസ്റ്റുകൾ ഒരു വശത്തേക്ക് മാറ്റി സ്ഥാപിക്കുകയും, വൈദ്യുതി ലൈനിന്റെ മുകളിൽ നില്ക്കുന്ന മരങ്ങളുടെ കൊമ്പുകൾ മുറിച്ച് മാറ്റുകയും കേടുവന്ന മരത്തിന്റെ പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് കാലുകൾ സ്ഥാപിക്കുകയും ചെയ്യുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1

കാറ്റാടി, ഗോബർ ഗ്യാസ്, സൗരോർജ്ജം എന്നീ സാങ്കേതിക വിദ്യകളുപയോഗിച്ച് വൈദ്യുതി യൂണിറ്റുകൾ സ്ഥാപിച്ച് വൈദ്യുത ക്ഷാമം പരിഹരിക്കാവുന്നതും ഈ മേഖലയിൽ സ്വയം പര്യാപ്തത നേടാവുന്നതുമാണ്. മുരുക്കുംകുഴി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസോഫോർമർ സ്ഥാപിക്കുക. കൊണ്ടയൂർ സെന്ററിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക. കാഞ്ഞിരകോട് ഹരിജൻ കോളനി, വെള്ളിയാട് ഭാഗം, തരികുണ്ട് കോളനി, ചമതകുന്നിന്റെ പടിഞ്ഞാറ് ഭാഗം, കൊണ്ടയൂർ സെന്ററിന്റെ കിഴക്കുഭാഗം എന്നീ സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക. റോഡുകളിൽ പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ഉള്ളവ കത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക

വാർഡ് 2

പല്ലൂർ പോസ്റ്റാഫീസ് ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതീകരിക്കാത്ത ഭാഗങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക, റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക കുമ്പാരകോളനിയിലേക്ക് വൈദ്യുതി എത്തിക്കുക, പുതുവൽപാടത്ത് ഇപ്പോഴുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക

വാർഡ്3

വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന സ്ഥലത്ത്

ട്രാൻസ്ഫോർമർ സ്ഥാപിക്കുക. പലപ്പോഴും വൈദ്യുതി സ്ഥിരമായി മുടങ്ങുന്നതുകൊണ്ട് ആവശ്യമായ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക. കടുകശ്ശേരി ഭാഗത്ത് പറമ്പുകളിൽ കൂടി പോകുന്ന പോസ്റ്റുകൾ റോഡിന്റെ സൈഡിലേക്ക് മാറ്റി തെരുവിളക്കുകൾ സ്ഥാപിക്കുക. മുഴുവൻ പഞ്ചായത്ത് റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക

വാർഡ്4

തലശ്ശേരി സെന്റർ മുതൽ ദേശമംഗലം കൂട്ടുപാത വരെയുള്ള റോഡിലും, മേലെ തലശ്ശേരി മുതൽ അത്തിക്കച്ചാൽ റോഡും വരവൂർ പഞ്ചായത്തതിർത്തി വരെയുള്ള റോഡിലും പൊട്ടച്ചിറകുളം ഹെൽത്ത് സെന്റർ റോഡിലും വൈദ്യുതി എത്തിച്ച് വിളക്കുകൾ സ്ഥാപിക്കുക. പ്രധാനപ്പെട്ട എല്ലാ സെന്ററുകളിലും വിളക്കുകൾ സ്ഥാപിക്കുക

വാർഡ്

വൈദ്യുതീകരിക്കാത്ത പട്ടികജാതി കോളനികളിലേക്കും വീടുകളിലേക്കും വൈദ്യുതി എത്തിക്കുക. ബയോഗ്യാസ് പദ്ധതികൾ ലഭ്യമാക്കുക.സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക

വാർഡ് 6

കൊറ്റമ്പത്തൂർ കോളനിയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. തെരുവുവിളക്കുകൾ സ്ഥാപിക്കുക. സോളാർ പമ്പു സെറ്റുകൾ സ്ഥാപിക്കുക. ഒലിച്ചി ട്രാൻസ്ഫോർമർ റോഡിന്റെ സൈഡിലേക്ക് മാറ്റി സ്ഥാപിക്കുക

വാർഡ്7

ലക്ഷംവീട് കോളനി വൈദ്യുതീകരിക്കുക.എല്ലാ വീടുകൾക്കും വൈദ്യുതി എത്തിക്കുക. കനാൽ ബണ്ടിൽ കൂടിയും, ചേനത്തുകാട് ഭാഗത്തേക്കും, തെരുവുവിളക്കുകൾ സ്ഥാപിക്കുക. ലക്ഷംവീട് പാണൻ കോളനിയിൽ തെരുവുവിളക്ക് സ്ഥാപിക്കുക

വാർഡ്8

എളേത് പടി, പൊറശ്ശേരി പടി. ലക്ഷംവീട്, വാളേരി കോളനി, നരിപ്പറ്റകുന്ന് എന്നീ സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക, പല്ലൂർ നമ്പ്രം, കറ്റവട്ടൂർ , ഭാഗങ്ങളിലേക്കും പറമ്പുകളിൽകൂടി പോകുന്ന പോസ്റ്റുറുകൾ റോഡിന്റെ സൈസിലേക്ക് മാറ്റി തെരുവുവിളക്കുകൾ സ്ഥാപിക്കുക. മുരുക്കുംകുഴി ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക

വാർഡ് 9

കൂട്ടുപാതയിൽ നായാടികുന്ന് കോളനി പട്ടികജാതി കോളനിയായി പ്രഖ്യാപിച്ച് അവർക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക, P.W.D. റോഡിൽനിന്നും കൊട്ടിപ്പാറക്കൽ ഭാഗത്തേക്ക് വൈദ്യുതി ലൈൻ നീട്ടുക. ഒലിച്ചി റോഡിന്റെ മദ്ധ്യഭാഗത്ത് നില്ക്കുന്ന ട്രാൻസ്ഫോർമർ റോഡിന്റെ സൈഡിലേക്ക് മാറ്റിസ്ഥാപിക്കുക

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം സ്ഥലം

നമ്പർ	സ്ഥലം
1	പള്ളം No.I
2	ദേശമംഗലം No.I
3.	ദേശമംഗലം No.II
4.	ഒലിച്ചി
5.	തലശ്ശേരി No.I
6	തലശ്ശേരി No.II
7	മയിലാടിപാറ
8	ആറംങ്ങോട്ടുകര No.I
9.	ആറംങ്ങോട്ടുകര No.II
10	കൂട്ടുപാത
11	കൊണ്ടയൂർ ഇസ്ലാമിക് കോംപ്ലക്സ്
12	കൊണ്ടയൂർ No.I
13	കൊണ്ടയൂർ No.II
14	വറവട്ടൂർ
15	പല്ലൂർ No.I
16.	പല്ലൂർ No.II

നിലവിലുള്ള ഉപഭോക്താക്കൾ

ഗാർഹികം	വ്യാപാരം	വ്യാവസായികം	കാർഷിക
1428	165	46	353

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

Ordinary	OPT	OYEC
165	11	40

തെരുവുവിളക്കുകളുടെ എണ്ണം

ബൾബ്	ട്യൂബ്
340	37

വൈദ്യുതീകരിച്ച ഹരിജൻ കോളനികളുടെ വിവരങ്ങൾ

നമ്പർ	കോളനിയുടെ പേര്	കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സൗജന്യ വൈദ്യുതി ഉപ: എണ്ണം	പണം നൽകി വൈദ്യുതി ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം
1	പല്ലൂർ No.I	25	4	21
2	പല്ലൂർ No.II	15	4	11
3	കൊണ്ടയൂർ പാലപ്പറമ്പ്	31	-	31
4	കൊണ്ടയൂർ സാംബവ	6	3	3
5	തലശ്ശേരി ലക്ഷം വീട്	21	4	17
6	അംബേദ്കർ ഈസ്റ്റ്	21	4	17
7	അംബേദ്കർ വെസ്റ്റ്	24	4	20
8	ഉണികുന്ന്	14	3	11
9	അമ്പാട്കുന്ന്	15	1	14
10	കൊറ്റമ്പത്തൂർ കോളനി	21	-	21
11	പരതമേൽ കോളനി	5	3	2

ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് കണക്കുകൾ

ഗതാഗതം

ദേശമംഗലം പഞ്ചായത്തിൽ ഷൊർണ്ണൂർ-ഗുരുവ്വായൂർ- പൊന്നാനി, വടക്കാഞ്ചേരി-കൊണ്ടയൂർ എന്നീ PWD റോഡുകളാണ് പ്രധാനമായിട്ടുള്ളത്. പഞ്ചായത്തതിർത്തിക്കുള്ളിൽ 19.15 കിലോമീറ്റർ നീളത്തിൽ മാത്രമാണ് PWD റോഡുകളുള്ളത്, യഥാസമയം അറ്റകുറ്റപണികൾ തടത്താത്തുമൂലം PWD റോഡുകൾ ഗതാഗതത്തിന് ഉപയോഗിക്കുവാൻ പറ്റാത്ത അവസ്ഥയിലാണ്. അത്യാവശ്യമായി വരുന്ന ഘട്ടങ്ങളിൽ കാറ്, ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾ ഓടുവാൻ വിസമ്മതിക്കുന്ന തരത്തിൽ തന്നെ വളരെ നാശമായിട്ടുണ്ട്. റോഡിന്റെ ശോചനീയാവസ്ഥ മൂലം പല ബസ്സ് സർവ്വീസുകൾ നിർത്തുകയും, ഭാഗികമായി ചില ട്രിപ്പുകൾ റദ്ദ് ചെയ്യുന്നതും നിത്യസംഭവമാണ്. റോഡുകളുടെ അറ്റകുറ്റ പണികളും, കാനകളുടെ സംരക്ഷണ പണികളും യഥാസമയം നടക്കുന്നില്ലായെന്നുമാത്രമല്ല, പല റോഡുകൾക്ക് കാനകൾ ഒട്ടും തന്നെ ഇല്ല. റോഡുകളുടെ ചിലഭാഗങ്ങൾ ജനങ്ങൾ കയ്യേറുന്നതു മൂലം, റോഡുകളുടെ വീതി കുറഞ്ഞുവരുന്നു. ഈ അവസ്ഥ പരിഹരിച്ച് റോഡുകൾ സഞ്ചാര യോഗ്യമാക്കി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്.

80.435 കിലോമീറ്റർ നീളം വരുന്ന പഞ്ചായത്ത് റോഡിൽ 4 കിലോമീറ്റർ ടാറിംഗ് നടത്തുവാനെ കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായതിനാൽ പഞ്ചായത്ത് റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുവാൻ സാധിക്കുന്നില്ലാ. കൂടുതൽ റോഡുകൾ യഥാസമയം അറ്റകുറ്റപണികൾ നടത്തുകയും അതുവഴി ഗതാഗതസൗകര്യം വർദ്ധിപ്പിച്ച് ഈ പ്രദേശത്തുകാരുടെ യാത്രാ ദുരിതത്തിന് അറുതി വരുത്തേണ്ടതുണ്ട്. റോഡുകൾക്ക് ആവശ്യമായ കാനകൾ ഇല്ലാത്തതുമൂലവും, ഉള്ളകാനകൾ യഥാസമയത്ത് അറ്റകുറ്റപ്പണികൾ നടത്താത്തുമൂലവും, കാനകൾ മണ്ണുവന്നു നിറയുകയും വെള്ളം റോഡിലൂടെ ഒഴുകുകയും ചെയ്യുന്നു. ഈ കാനകളും യഥാസമയം വൃത്തിയാക്കേണ്ടതു അത്യന്താപേക്ഷിതമാണ്.

ദേശമംഗലം പഞ്ചായത്തിൽ പഞ്ചായത്ത് വക ഒരു ബസ് സ്റ്റാന്റ് ഉണ്ടെങ്കിലും സർവ്വീസ് നടത്തുന്ന ബസ്സുകൾ ഒന്നും തന്നെ സ്റ്റാന്റിൽ എത്തുന്നില്ല. ഇതിന്നു കാരണമായി പ്രധാനമായും ബസ്സുടമകൾ പറയുന്നത് പ്രസ്തുത ബസ്റ്റാന്റിലേയ്ക്ക് വന്നു പോകുവാനുള്ള റോഡിന്റെ വീതികുറവാണ്. ആയതുകൊണ്ട് ബസ്റ്റാന്റിലേയ്ക്ക് വന്നു പോകുന്നതിനുള്ള റോഡുകൾ വീതികൂട്ടുകയും, ഇവിടെ വന്നു പോകുന്ന എല്ലാ ബസ്സുകളും സ്റ്റാന്റിലേയ്ക്കു വന്നു പോകേണ്ടത് നിർബന്ധമാക്കുകയും വേണം. ഈ പഞ്ചായത്തിൽ കൂടി ഓടികൊണ്ടിരിക്കുന്ന എല്ലാ ബസ്സുകളും ഈ സ്റ്റാന്റിൽ വന്നു പോകേണ്ടതുമാണ്.

ദേശമംഗലം പഞ്ചായത്തിന്റെ ഏറ്റഴും അടുത്ത വ്യാപാരകേന്ദ്രവും, നഗരസഭയും ആയ ഷൊർണൂരിലേയ്ക്ക് പോകുവാൻ ഇവിടുത്തെ വിദ്യാർത്ഥികളും മറ്റു യാത്രക്കാരും വളരെയധികം യാതന അനുഭവിക്കുന്നുണ്ട്. ദേശമംഗലം കൂട്ടുപാത വഴി ഓടികൊണ്ടിരിക്കുന്ന ഗുരുവായൂർ പൊന്നാനി- പാലക്കാട് തുടങ്ങി ഏകദേശം 20 ഓളം ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിരിക്കുകയാണ്. പാരലൽ സർവ്വീസായി മറ്റു വാഹനങ്ങൾ ചിലപ്രത്യേക പോയിന്റിൽനിന്ന് ആരംഭിച്ചതും, റോഡുകളുടെ ഗതാഗതയോഗ്യതയില്ലായ്മയുമാണ് ഇതിന്നു കാരണങ്ങൾ. റോഡുകൾ ഗതാഗതയോഗ്യമാക്കുകയും, പാരലൽ സർവ്വീസുകൾ നിർത്തലാക്കുകയും ചെയ്യേണ്ടത്. അത്യന്താപേക്ഷിതമാണ്. ആവശ്യത്തിന് പ്രൈവറ്റു ബസ്സുകൾ ഇല്ലാത്ത ഈ റൂട്ടുകളിൽ K.S.R.T.C. യുടെ സേവനം ലഭ്യമാക്കേണ്ടതും അവശ്യം ആവശ്യമാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ദേശമംഗലം ഗ്രാമപഞ്ചായത്തിനെ പാലക്കാട് ജില്ലയുമായി ബന്ധിപ്പിക്കുന്നതിന് കൊണ്ടയൂർ കൊടപ്പാറയിൽനിന്ന് ഭാരതപ്പുഴയുടെ കുറുകെ ഒരുപാലം വേണം.

2. ചീരകുഴി കനാൽ റോഡ് പള്ളം മുതൽ കൊണ്ടയൂർ വരെ ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

3., ദേശമംഗലം പഞ്ചായത്തിനെ കേരളത്തിലെ ഏറ്റവും വലിയ റെയിൽവെ ജംഗ്ഷനുമായ ഷൊർണൂരുമായി ബന്ധിപ്പിക്കുന്നതിന് പല്ലൂർ ഭാരതപുഴക്കു കുറുകെ പാലം നിർമ്മിക്കുക. തൻമൂലം ദേശമംഗലം പഞ്ചായത്ത് പ്രദേശത്തിന് വ്യാവസായിക-വ്യാപാര രംഗത്ത് സമൂലമായ പുരോഗതി കൈവരിക്കാൻ സാധിക്കും

വാർഡ് 1

കൊടപ്പാറയിൽനിന്നും വെള്ളിയാട്ട് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക, പാലപ്പറമ്പ് കോളനി റോഡിൽനിന്നും കുലുക്കുചിറ വരെ റോഡ് നിർമ്മിക്കുക. കാഞ്ഞിരകോട് കോളനി യിലേക്ക് കൊണ്ടയൂർ മെയിൻ റോഡിൽനിന്നും കനാൽ ബണ്ട് വരെ റോഡ് നിർമ്മിക്കുക. കുലുക്കുചിറ മുതൽ ഭാരതപ്പുഴ വരെ റോഡ് നിർമ്മിക്കുക. പല്ലൂർ കിഴക്കെ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക, പുവ്വത്തിങ്കൽ പ്രഭാകരൻ എന്നയാളുടെ വീടു പരിസരത്തുനിന്നും കുലുക്കുചിറ റോഡുമായി ബന്ധിപ്പിക്കുക, മഠത്തിപറമ്പിൽ ബാലന്റെ വീടിനു മുൻവശത്തുള്ള റോഡും, പുതിയ പുരക്കൽ ചന്ദ്രന്റെ വീടിനുമുൻവശത്തുള്ള റോഡുമായി ബന്ധിപ്പിക്കുക. കൊണ്ടയൂർ വായനശാല റോഡും കൊടപ്പാറ റോഡുമായി ബന്ധിപ്പിക്കുക. ചാന്ദിയാൽ തോടിന്റെ മുകളിൽ പാലം നിർമ്മിക്കുക. പല്ലൂർ ക്ഷേത്രത്തിനു സമീപമുള്ള വഴി നന്നാക്കുക പാറമേൽ പടി റോഡ് നന്നാക്കുക

വാർഡ് II

കൊടക്കാട്ടുകുന്ന് പാറകടവ് പള്ളിയാൽ റോഡ് മെറ്റൽ ചെയ്യുക, മുല്ലത്തറ റോഡ്, പുക്കാടൻ റോഡ് അമ്പലംവരെ നീട്ടുക, വരവട്ടൂർ എം.എൽ.എ. റോഡിൽനിന്നും കൊണവള്ളി കടവിലേക്കുള്ള റോഡ് ടാർ ചെയ്യുക. കൊടക്കാട്ടുകുന്ന് പാറക്കതൊടി റോഡ് അമ്പലം വരെ നീട്ടുക.

അതിൽനിന്നും മനക്കൽ തോട് റോഡ് വരെ പുതിയ റോഡ് നിർമ്മിക്കുക. വരവട്ടൂർ എം.എൽ.എ. റോഡിൽനിന്നും കൊടക്കാട്ടുകുന്ന് റോഡ് ഗതാഗത യോഗ്യമാക്കുക. കൊണവള്ളി കടവ് റോഡിൽനിന്നും കാട്ടൂർകാവ് വഴി ചങ്ങണം കുന്ന് റോഡിലേക്ക് നീട്ടുക. വരവട്ടൂർ- കുണ്ടുകടവ് റോഡ്, ചരിചാംകുന്ന് റോഡ്, എസ്റ്റേറ്റ് റോഡ് എന്നിവ ഗതാഗത യോഗ്യമാക്കുക, ചോലപ്പള്ളിയേലിൽ നിന്നും കോളനിയിലേക്ക് റോഡ് നിർമ്മിക്കുക, കൊടക്കാട് കുന്ന് ഭാഗത്തെ പുഴതോട് വയലിന്റെ അരിക് കെട്ടുക ചെറുകാട് റോഡ് ഭാരതപുഴവരെ പണിയുക

വാർഡ്III

കള്ളികുന്ന് കോളനി റോഡ് ഗതാഗതയോഗ്യമാക്കുക. മണ്ണേങ്ങോട്ട് കോളനിയിലേക്ക് പുതിയ റോഡ് പണിയുക. ആറംങ്ങോട്ടുകര ശ്മശാനം റോഡ് ടാറിംഗ് നടത്തുക. ആറം ങ്ങോട്ടുകര തളി റോഡ് റീടാറിംഗ് നടത്തുക. ആറംങ്ങോട്ടുകര മയിലാടിപാറ റോഡ് ടാർ ചെയ്യുക. കടുകശ്ശേരി തച്ചുകുന്ന റോഡ് ഗതാഗതയോഗ്യമാക്കുക, അംബേദ്കർ കോളനി റോഡ് ടാർ ചെയ്യുക. എസ്റ്റേറ്റ് റോഡ് കോളനി വരെ നീട്ടുക. ഉണികുന്ന് കോളനി റോഡ് ഗതാഗതയോഗ്യമാക്കുക

വാർഡ്IV

തലശ്ശേരി അകമല റോഡ് വീതി കൂട്ടി ടാറിംഗ് നടത്തുക. കൈകോട്ടുംകുളം മുതൽ കാരകുന്ന് സൈഡിൽകൂടി കരിങ്കൽ കോറി വഴി അത്തിക്കച്ചാലിലേക്ക് പുതിയ റോഡ് നിർമ്മിക്കുക. ഉണികുന്ന് കോളനി റോഡ് കടുകശ്ശേരിയുമായി ബന്ധപ്പെടുത്തി ഗതാഗതയോഗ്യമാക്കുക, യത്തീംഖാന റോഡ് പെരുംകുന്ന് കോളനി റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക. ചങ്കരത്ത് റോഡ് കയറ്റം ഒഴിവാക്കി ഗതാഗതയോഗ്യമാക്കുക. നായാടികുന്നിലേക്ക് റോഡ് നിർമ്മിക്കുക. പൊട്ടിചിറകുളം റോഡ് ഗതാഗതയോഗ്യമാക്കുക. തലശ്ശേരി സെന്ററിൽനിന്നും പൊട്ടിപ്പാറയിലേക്ക് റോഡ് വെട്ടുക. മേലെ തലശ്ശേരിയിൽ നിന്നും കടുകശ്ശേരിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക

വാർഡ് V

ഒടുങ്ങാട് പടി പാടത്തേക്ക് പുതിയ റോഡ് നിർമ്മിക്കുക അമ്പാട്ട്കുന്ന് റോഡ് പണിയുക, കൊട്ടിപ്പാറ റോഡിൽനിന്നും മയിലാടിപറ്റ റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കുക

വാർഡ് VI

പള്ളം -തലശ്ശേരി PWD റോഡ് ഇപ്പോഴുള്ള അവസ്ഥയിൽനിന്ന് പള്ളം- ദേശമംഗലം ടൗൺവഴി പുതിയ റോഡ് നിർമ്മിക്കുക. ചീരകുഴി കനാൽ റോഡ് PWD ഏറ്റെടുത്ത് വീതി കൂട്ടി ടാറിംഗ് ചെയ്യുക. ദേശമംഗലം ഒലിച്ചി. ചേനത്തുകാട് റോഡ് ടാർ ചെയ്യുക. പള്ളം MLA റോഡ് പണി പൂർത്തീകരിക്കുക. പള്ളി തോട് കനാൽ റോഡ്, കൊറ്റമ്പത്തൂർ കനാൽ റോഡ്, കുറ്റവാളി കുന്ന് റോഡ്, ഫോറസ്റ്റ് റോഡ്, ചുട്ടപറമ്പജ്, റോഡ്, ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക, പള്ളംകടവ് റോഡ് ഗതാഗതയോ

ഗ്യമാക്കുക, പള്ളം സെന്ററിൽനിന്നും ഭാരതപുഴയിലേക്ക് പുതിയ റോഡ് വെട്ടി, കുട്ടികൾക്കൊരു ഗാർഡൻ പണിയുക. PWD റോഡിനിരുവശവും കാനകൾ നിർമ്മിക്കുക. കല്ലിങ്ങൽ ഇടവഴി സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കുക, ആനങ്ങാട്ട് ഇടവഴി, കപ്ലിങ്ങാട് ക്ഷേത്രം വഴി, ആനങ്ങാട്ട്•മേൽ പുറത്ത് ഇടവഴി കല്ലുവിരിച്ച് ശരിയാക്കുക.

. വാർഡ് VII

എസ്റ്റേറ്റ് പടി, കൊറ്റമ്പത്തൂർ റോഡ് ഗതാഗതയോഗ്യമാക്കുക. എസ്റ്റേറ്റ് പടിയിൽനിന്ന് ചക്കുംചിറ വഴി വരുന്ന റോഡ് ഒലിച്ചി ലക്ഷം വീട് റോഡിലേയ്ക്ക് നീട്ടി ഗതാഗതയോഗ്യമാക്കുക. കനാലിൽ നിന്ന് കാദർ മുസ്ലീയാർ വീടിനു മുൻവശത്തുകൂടി പോകുന്ന റോഡ് സഞ്ചാര യോഗ്യമാക്കുക. കൊറ്റമ്പത്തൂർ കോളനി റോഡ് ടാറിംഗ് നടത്തുക, ആറ്റുപുറം- പുതിയേടത്ത് വഴി ഗതാഗതയോഗ്യമാക്കുക.

വാർഡ്VIII

പല്ലൂർ നമ്പ്രം, തോണികടവ് റോഡ്, കറ്റവട്ടൂർ റോഡ്, പൊറ്റശ്ശേരി കടവ്, കരിപ്പാത്തയിൽ റോഡ്, ഒറ്റങ്ങാട്ട് പടി റോഡ്, എളേതുപടി റോഡ്, കപ്പാരത്തുപടി കോളനി റോഡ്, വാകളരി റോഡ്, ചങ്കരത്തു പടി റോഡ് കലയം കുളം മുതൽ മുരുക്കും കുഴി വരെയും, ഓംകാരാശ്രമം റോഡ്, പുവ്വാരത്തൊടി റോഡ് എന്നീ റോഡുകൾ ടാറിംഗ് നടത്തുക, നരിപ്പറ്റകുന്ന് തോട്ടിൽ പാലം പണിയുക. പള്ളം മുതൽ ചീരക്കുഴി കനാലിനും സമാന്തരമായി ദേശമംഗലത്തേക്ക് റോസ് പണിയുക

വാർഡ്IX

പല്ലൂർ മുരുക്കുംകുഴി, പല്ലൂർ ഹരിജൻ കോളനി റോഡുകൽ ടാറിംഗ് നടത്തുക, ദേശമംഗലം മനപ്പടികിഴക്കെ റോഡിൽ നിന്നും, കോംപ്ലക്സ് വരെ റോഡ് നിർമ്മിക്കുക, പൊട്ടിക്കുണ്ട് റോഡ് പല്ലൂർ ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കുക ദേശമംഗലം ടൗണിൽനിന്നും ഒലിച്ചി ഭാഗത്തേക്കുള്ള റോഡ് ടാർ ചെയ്യുക. കൊണ്ടയൂർ സെന്റർ, കൊണ്ടയൂർ സ്കൂൾ പരിസരം

ആറംങ്ങോട്ടുകര സത്യൻ ടാക്കീസ്, ആറംങ്ങോട്ടുകര വില്ലേജ് ഓഫീസ് പരിസരം, കടുകശ്ശേരി, എലവന്തിക്കൽ ക്ഷേത്രപരിസരം, ആറംങ്ങോട്ടു കര എസ്റ്റേറ്റ് പടി, തലശ്ശേരി സ്കൂൾ പരിസരം, തലശ്ശേരി സെന്റർ, ചേക്കാമുപടി, മേലെ തലശ്ശേരി, പള്ളം സെന്റർ, പള്ളംകുന്നും പുറം, പാറക്കൽ എസ്റ്റേറ്റ് പടി, ലക്ഷംവീട്, ഒലിച്ചി, കറ്റവട്ടൂർ റോഡ് ജംഗ്ഷനിലും കുലുക്കുച്ചിറ, കോംപ്ലക്സ് പരിസരം, എം.എൽ.എ. റോഡ് ആരംഭിക്കുന്ന സ്ഥലത്തും വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക, ദേശമംഗലം സെന്ററിൽ ടാക്സി ഓട്ടോറിക്ഷ സ്റ്റാന്റുകൾ നിർമ്മിക്കുക.

മാർക്കറ്റ്

കർഷകന്റെയും വ്യവസായിയുടെയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അത്യന്താപേക്ഷിതമാണല്ലോ മാർക്കറ്റുകൾ. സാധാരണക്കാരന് അത്യാവശ്യസാധനങ്ങൾ ലഭിക്കുവാനും ഈ സംവിധാനം ഉപയോഗപ്രദമാണ്.

ദേശമംഗലം പഞ്ചായത്തിൽ പൊതുവായ ഒരു മാർക്കറ്റില്ല . ഇതുമൂലം ഇവിടത്തുകാർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അവശ്യ സാധനങ്ങൾ വാങ്ങുന്നതിനും പുറമെയുള്ള സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു ഇതിനുവേണ്ടി കടത്തുകൂലി ഇനത്തിൽ വലിയൊരു തുക നഷ്ടം സംഭവിച്ചുകൊണ്ടിരിക്കയാണ്. കൊള്ള .. അന്യമാർക്കറ്റുകളെ ആശ്രയിക്കേണ്ടതിനാൽ മധ്യവർത്തികളുടെ അമിതമായ ചൂഷണത്തിന് ഇവിടത്തുകാർ ഇരയാവുന്നു. സമയനഷ്ടവും മറ്റു കഷ്ടപ്പാടുകളും വേറെ ഈ പ്രശ്നം പരിഹരിക്കേണ്ടതിന്ന് ദേശമംഗലം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൊതുമാർക്കറ്റുകളും മാവേലി സ്റ്റോറുകളും ആരംഭിക്കണം. ഇതുമൂലം ആവശ്യവസ്തുക്കൾ പൊതുജനങ്ങൾക്ക് ന്യായവിലക്ക് ലഭിക്കും. പൊതുമാർക്കറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നാതയിരിക്കും കൂടുതൽ ഉത്തമം

ഇതിനുപുറമെ വാർഡുകൾ തോറും ആധുനിക ശീതീകരണ സൗകര്യങ്ങളോടുകൂടിയ കോൾഡ് സ്റ്റോറുകളും സ്ഥാപിക്കേണ്ടതാണ്.

പൊതുമാർക്കറ്റു സ്ഥാപിക്കുന്നതോടെ കർഷകനും, വ്യവസായിക്കും അവരുടെ ഉല്പന്നങ്ങൾ തനതു സ്ഥലത്ത് വിറ്റഴിക്കുന്നതിനും തദ്വാര സ്വാശ്രയത്വം കൈവരിക്കാനും കഴിയും.

വാർത്താവിനിമയം

ഒരുപതിറ്റാണ്ട് കാലം മുമ്പ് ഈ രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ ദേശമംഗലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രതിഫലിച്ചിട്ടില്ല

ടെലിഫോൺ സൗകര്യങ്ങൾ ഈ പഞ്ചായോത്തിലെ വളരെകുറച്ച് സ്ഥാപനങ്ങൾക്കും വിരലിലെണ്ണാവുന്ന സ്വകാര്യവ്യക്തികൾക്കും മാത്രമാണുള്ളത് . പബ്ലിക് ടെലിഫോൺ സൗകര്യങ്ങൾ പഞ്ചായത്തിന്റെ രണ്ടുഭാഗത്തായി സ്ഥിതിചെയ്യുന്ന പള്ളത്തും, ആറങ്ങോട്ടുകരയിലും മാത്രമാണ് ഉള്ളത്.

പോസ്റ്റൽ രംഗത്ത് ആശാവഹമായ പുരോഗതിയൊന്നും ഈ പഞ്ചായത്തിന് നേടുവാൻ കഴിഞ്ഞിട്ടില്ല. ദേശമംഗലം പോസ്റ്റാഫീസിന്റെ കീഴിലായിരുന്ന പള്ളം, ആറങ്ങോട്ടുകര എന്നീ പോസ്റ്റാഫീസുകൾ യഥാക്രമം ചെറുതുരുത്തി, വടക്കാഞ്ചേരി എന്നീ പോസ്റ്റാഫീസുകളുടെ കീഴിലാക്കിയിരിക്കുകയാണ് ഇപ്പോൾ. ഇതുമൂലം പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും പുറമെനിന്നും ഇവിടേക്ക് കത്തുകളും മറ്റുമെത്തുവാൻ അനാവശ്യമായ താമസം നേരിടുന്നു. ഈ രണ്ടു പോസ്റ്റാഫീസുകളും വീണ്ടും ദേശമംഗലം പോസ്റ്റാഫീസിന്റെ കീഴിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇപ്പോഴത്തെ പല്ലൂർ പോസ്റ്റാഫീസിന്റെ ഏരിയ വളരെ വലുതാണ്. ഇതുമൂലം കത്തുകളും മറ്റും ഈ പ്രദേശത്ത് യഥാസമയം വിതരണം ചെയ്യുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇതൊഴിവാക്കാനായി കൊണ്ടയൂർ സെന്ററിൽ ഒരു സബ്പോസ്റ്റാഫീസ് സ്ഥാപിക്കണം.

ടെലിവിഷൻ ഇന്നും ദേശമംഗലം പഞ്ചായത്തിലെ ചുരുക്കം വീടുകളിലേ ഉള്ളൂ

പഞ്ചായത്തിലെ ആളുകൾ പത്രങ്ങളും, മറ്റാനുകാലികപ്രസിദ്ധീകരണങ്ങളും വായിക്കുവാൻ പൊതുവേ തല്പരരാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ


1. എല്ലാ വാർഡുകളിലും S.T.D. I.S.D. സൗകര്യങ്ങളോടുകൂടിയ പബ്ലിക് ടെലിഫോൺ ബൂത്തുകൾ സ്ഥാപിക്കുക

2. ആവശ്യക്കാർക്ക് ടെലിഫോൺ സൗകര്യം ഉടനടി നൽകുവാനുള്ള നടപടികൾ സ്വീകരിക്കുക

3. വാർഡുകൾ തോറും പൊതുടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കണം. അവക്ക് കേബിൾ നെറ്റ് വർക്ക് സൗകര്യം ഏർപ്പെടുത്തണം. പൊതുജനങ്ങളുടെ വിജ്ഞാനത്തിന്റെ വളർച്ചക്കും, മാനസികോല്ലാസത്തിനും ഇത് വഴിയൊരുക്കുന്നു.

4. ദേശമംഗലം പഞ്ചായത്താഫീസിൽ ഒരു കമ്പ്യൂട്ടർ സ്ഥാപിക്കുകയും അതിന് Inter net കണക്ഷൻ ഏർപ്പെടുത്തുകയും വേണം.

5 വാർഡുകൾതോറും വായനശാലകൾ സ്ഥാപിക്കുകയും അവയിൽ പത്രങ്ങളും, മറ്റു ആനുകാലികപ്രസിദ്ധീകരണങ്ങളും വായിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തുക.



7. ഭവനനിർമ്മാണം ക്ഷേമപ്രവർത്തനം

ഭവനനിർമ്മാണം

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ പാർപ്പിട സ്ഥിതി വേണ്ടത്ര തൃപ്തികരമല്ല. ജനസംഖ്യയിൽ ഏറിയ പങ്കും കൃഷിയേ ആശ്രയിച്ച് ജീവിയ്ക്കുന്നവരാണ്. അത്തരക്കാർക്ക് ഓട് മേഞ്ഞ ഇടത്തരം വീടുകളും അപൂർവ്വമായി മുൻജന്മി കുടുംബങ്ങളെ ഓർമ്മിപ്പിക്കുന്ന നാല് കെട്ടുകളും തുളസിത്തറയും സർപ്പക്കാവും ഉൾപ്പെട്ട പുരയിടങ്ങളും കണ്ടുവരുന്നു. വിദേശ പണത്തിന്റെ സ്വാധീനം 15% ത്തോളം വീടുകളുടെ നിർമ്മാണത്തിൽ നിഴലിച്ചു കാണാം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽ 30%ത്തോളം പേർക്ക് പാർപ്പിടസൗകര്യം സൗജന്യമായി കിട്ടിയിട്ടുണ്ട്. ബാക്കിയുള്ളവയിൽ ഭൂരിഭാഗവും വൈക്കോൽ, ഓല എന്നിവകൊണ്ട് നിർമ്മിച്ചവയാണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളും മൺകട്ട, വെട്ടുകല്ല് എന്നിവകൊണ്ടും ചെറിയ വിഭാഗം ചൂള ഇഷ്ടികകൊണ്ടും നിർമ്മിച്ചവയാണ്. 2000 ച. അടിയ്ക്ക് മീതെ വരുന്ന വീടുകൾ വെറും 5% ത്തിനുതാഴെയാണ്. 1000ന് 2000 ച. അടിയ്ക്കും ഇടയ്ക്ക് വരുന്ന വീടുകൾ 10% ത്തോളം വരും. സർക്കാർ സഹായത്തോടെ ഈ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 103 വീടുകൾ പണിതു കൊടുക്കാൻ സാധിച്ചിട്ടുണ്ട്. അവശ വിഭാഗങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പാർപ്പിട പദ്ധതിയ്ക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ഭൂചലന മേഖലയായ ഈ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് സൗജന്യ സാങ്കേതിക സഹായം ലഭ്യമാക്കാനുള്ള സംവിധാനം വേണ്ടതാണ്.

ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 4400 വീടുകൾ ഉണ്ട്. അതിൽ കോൺക്രീറ്റ് കെട്ടിടം 457 ഓടുമേഞ്ഞത് 2971, ഓലമേഞ്ഞത് 972 എന്നീ പ്രകാരമാണ്. ആയത് വാർഡ് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ്	കോൺക്രീറ്റ്	ഓട്	ഓല	ആകെ
I	24	319	174	517
II	28	343	175	546
III	44	403	123	570
IV	56	317	93	466
V	18	181	83	282
VI	54	291	97	442
VII	99	397	95	591
VIII	18	335	68	421
IX	116	385	64	565
	457	2971	972	4400

1992-93ലെ IRDP സർവ്വേ പ്രകാരം പട്ടികജാതി കുടുംബങ്ങൾ 167 ഉം മറ്റ് ദുർബലകുടുംബങ്ങൾ 73ഉം. അടക്കം ആകെ 240 വീടില്ലാത്ത കുടുംബങ്ങളുണ്ട്. ഇതിൽ സഹായം ലഭിച്ച കുടുംബങ്ങൾ IAY പദ്ധതിപ്രകാരം 36ഉം MSW പദ്ധതി പ്രകാരം 30 ഉം. JRY പദ്ധതിപ്രകാരം 9ഉം കൂടി മൊത്തം 75 വീടുകളാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. IAY പദ്ധതിപ്രകാരം 18 പട്ടിക ജാതി വീടുകളും 10 മറ്റ് വീടുകളും അനുവദിച്ച് പണി നടന്നുകൊണ്ടിരിക്കുന്നു.

ദാരിദ്രരേഖയ്ക്ക് താഴെ നില്ക്കുന്ന 121 ഹരിജൻ കുടുംബങ്ങൾക്കും 44 മറ്റ് വിഭാഗക്കാർക്കും വീട് നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്. താമസ യോഗ്യമായ വീടില്ലാത്തവർ 807 ആണ്.

സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 18237 പേരിൽ 9421 സ്ത്രീകളും 8816 പുരുഷന്മാരുമാണ് ഉള്ളത്. ഇവിടത്തെ സാക്ഷരതാ നിരക്ക് 95.8% ആണ്. തൊഴിൽ രംഗത്ത് പ്രവർത്തിയ്ക്കുന്നവരുടെ എണ്ണത്തിൽ സ്ത്രീപുരുഷ അന്തരം ഇവിടെ വളരെ പ്രകടമാണ്. വ്യാവസായിക ജോലികൾ ചെയ്യുന്നവരിലും കാർഷിക ജോലി ചെയ്യുന്നവരിലും പുരുഷന്മാർ സ്ത്രീകളേക്കാൾ ഏറെ മുമ്പിലാണ്.

അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളത്തിന്റെ കാര്യത്തിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിലും തൃപ്തികരമായ നേട്ടം കൈവരിക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൻ പേര് രജിസ്റ്റർ ചെയ്ത് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ 43 പേരാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്കും തൊഴിലില്ലായ്മ വേതനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽനിന്നും ലഭിച്ചരേഖകൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 260 ആണ്. ഈ കുടുംബങ്ങളിൽ പ്പെട്ട യുവതീയുവാക്കൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നല്കുകയും സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള സാമ്പത്തിക സഹായം ഉദാരമാക്കിയും ഇവരുടെ ജീവിതനിലവാരം ഉയർത്തികൊണ്ടുവരേണ്ടതുണ്ട്.

സമൂഹത്തിൽ അവശത അനുഭവിയ്ക്കുന്ന മറ്റൊരു വിഭാഗം ഇടത്തരം വരുമാനക്കാരാണ്. ഇവരുടെ സ്ഥാനം ദാരിദ്ര്യരേഖയ്ക്കും മുകളിലാണെങ്കിലും സാമ്പത്തികമായി ഇവർ വളരെയധികം അവശത അനുഭവിയ്ക്കുന്നവരാണ്. കൈവശമുള്ള ചെറിയ കൃഷിയിടങ്ങളിൽനിന്നുള്ള വരുമാനകുറവും കാർഷികവൃത്തിപോലെയുള്ള കൂലി വേലകൾക്ക് ഇവർ നല്കുന്ന മാന്യതകുറവും തൊഴിലവസരങ്ങളുടെ ദൗർലഭ്യവും ആണ്. ഈ കൂട്ടരെ സമൂഹത്തിലേ കഷ്ടത അനുഭവിപ്പിക്കുന്നവരാക്കിയത്. ആവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഏത് തൊഴിലിനും മാന്യതയുണ്ടെന്ന ബോധം വളർത്തിയെടുക്കുന്നതിന് വേണ്ട ബോധവത്കരണം നടത്തുകയും സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ പ്രേരണ നല്കിയും, ഈ കൂട്ടർക്ക് സാമ്പത്തിക സ്വയം പര്യാപ്തത നേടികൊടുക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ 15 അംഗൻവാടികളുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. സ്വന്തമായി കെട്ടിടമുള്ള ഒറ്റ അംഗൻവാടിപോലും ഈ പഞ്ചായത്തിലില്ല. ഗവണ്മെന്റുതലത്തിൽ നിന്നും പൊതുജനങ്ങളിൽനിന്നും ഉള്ള കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഈ പ്രശ്നത്തിന് ഒരു പരിഹാലം കണ്ടെത്തേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ വിവിധ മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നാടിന്റെ പുരോഗതിയ്ക്കുള്ള പ്രവർത്തിനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറഞ്ഞിരിക്കുന്നതായിട്ടാണ് കാണുന്നത്. സാമൂഹിക പ്രശ്നങ്ങളിൽ പുരുഷനോടൊപ്പം സ്ത്രീകൾക്കുള്ള പങ്ക് അവരെ പറഞ്ഞ് മനസ്സിലാക്കുകയും പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവരെ നിർബന്ധിപ്പിക്കുകയും വേണം.

ഈ പഞ്ചായത്തിൽ ഇപ്പോൾ 140 പേർക്ക് കർഷക തൊഴിലാളി പെൻഷനും 73 പേർക്ക് വികലാംഗ പെൻഷനും 80 പേർക്ക് വാർദ്ധക്യകാല പെൻഷനും 72 പേർക്ക് വിധവാപെൻഷനും 2 പേർക്ക് ക്യാൻസർ-ലെപ്രസി പെൻഷനും ലഭിക്കുന്നുണ്ട്. അർഹരായ വളരെയധികം പേർക്കുകൂടി ഈ ആനുകൂല്യങ്ങൾ ലഭിക്കേണ്ടതായിട്ടുണ്ട്. ഈ പെൻഷനുകൾ ലഭിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുകയും, ഇവ ലഭിക്കുന്നതിന് ഇപ്പോഴുള്ള കാല താമമം ഒഴിവാക്കുകയും വേണം.

ദേശമംഗലം പഞ്ചായത്തിൽ ഇപ്പോൾ പൊതുപരിപാടികൾ നടത്തുന്നതിന് ഒരു കമ്യൂണിറ്റി ഹാൾ നിലവിലില്ലാ. അടിയന്തിരമായി ഒരു കമ്യൂണിറ്റി ഹാൾ ദേശമംഗലം സെന്ററിൽ സ്ഥാപിക്കണം.

പട്ടിക അടുത്ത പേജിൽ

സാമൂഹ്യക്ഷേമം

IRDP സർവ്വേപ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവരുടെ വിവരം :

വാർഡ്	സർവ്വെപ്രകാരം കണ്ടെത്തിയവർ	SC/ST
1	255	93
2	296	43
3	202	24
4	230	44
5	185	06
6	192	22
7	240	28
8	208	42
9	262	29

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	വീണ്ടും പരിശീലനം നടത്തുന്നവർ
ബുക്ക ബൈന്റിങ്ങ്	10	3	5	2

പെൻഷൻ

കർഷകതൊഴിലാളി പെൻഷൻ	140
വികലാംഗർ	73
വാർദ്ധക്യകാലപെൻഷൻ	80
വിധവപെൻഷൻ	72
കാൻസർ & ലെപ്രസി	2
തൊഴിലില്ലാവേതനം ലഭിച്ചവർ	43

8. സംസ്ക്കാരം

സാംസ്കാരിക പൈതൃകം

നൂറ്റാണ്ടുകളോളം പഴക്കമുള്ള ദേശമംഗലം മന (AKTKM) യുടെതായിരുന്നു ഈ പഞ്ചായത്തിലെ ഭൂസ്വത്തുക്കളധികം. കല്പിങ്ങാട്ടുമന, മുണ്ടയൂർ മന, തിരുമിറ്റക്കോട് തിച്ചൂർ ദേവസ്വങ്ങൾ എന്നിവർക്കും ചില്ലറ അവകാശമുണ്ടായിരുന്നു. കൊച്ചി രാജവംശവുമായി അടുത്ത ബന്ധമാണ്. AKTKM മനയ്ക്ക് ഉണ്ടായിരുന്നത്. മന ഈ പ്രദേശം അടക്കി വാഴുരകയും വികസന പ്രവർത്തനങ്ങൾക്ക് ചില സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ബ്രാഹ്മണ-സവർണ-ജന്മി വർഗ്ഗത്തിന്റെ മേധാവിത്വത്തിനെതിരെ കാര്യമായ എതിർ ശബ്ദമൊന്നും ഉണ്ടായിരുന്നില്ല. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയപ്പോഴാണ് സ്ഥിതിഗതികളിൽ മാറ്റം കണ്ടുതുടങ്ങിയത്. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1902ൽ ദേശമംഗലത്ത് സ്ഥാപിച്ച എലിമെന്ററി സ്കൂളായിരുന്നു. ഇതിന്റെ സ്ഥാപകൻ AKTKM നാരായണൻ നാരായണൻ നമ്പൂതിരിപ്പാടാണ്. ദേശമംഗലം സർവ്വീസ് സഹകരണ ബാങ്ക്, ഗവ.ആശുപത്രി, ഗ്രാമീണ വായനശാല, ഗവ.ഹൈസ്കൂൾ തുടങ്ങി മിക്കവാറും എല്ലാ പൊതു സ്ഥാപനങ്ങളും പ്രവർത്തനമാരംഭിച്ചത് മനയുടെ മേൽനോട്ടത്തിലാണ്. നിരനിരയായി നിലകൊള്ളുന്ന ഈ സ്ഥാപനങ്ങൾ കാണാൻ ഒരപൂർവ്വദൃശ്യമാണ്. മനയോടുള്ള സൗഹൃദത്തിന്റെ ചിഹ്നമായി അരംഭിച്ച ബസ് സർവ്വീസുകൾ വികസനത്തിന് ആക്കം കൂട്ടി.

മതസൗഹാർദ്ദം

14 ഹിന്ദു ക്ഷേത്രങ്ങളും, 6 മുസ്ലീം പള്ളികളും, 6 മുസ്ലിം നമസ്കാരപള്ളികളും നിലനിൽക്കുന്ന ഈ പഞ്ചായത്ത് മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കപ്പെട്ട പ്രദേശമാണ്. ജനങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. രണ്ടാം സ്ഥാനം, മുസ്ലീങ്ങൾക്കും മൂന്നാം സ്ഥാനം ക്രിസ്ത്യാനികൾക്കുമാണ്. ക്രിസ്ത്യൻ ദേവാലയങ്ങൾ ഇവിടെയില്ല. അവർ ഷൊർണൂർ തുടങ്ങിയ പ്രദേശങ്ങളിലെ ദേവാലയങ്ങൾ സന്ദർശിക്കുന്നു. വിവിധ മതവിഭാഗക്കാർ തമ്മിൽ തികഞ്ഞ സൗഹൃദവും, സഹകരണവും നിലനിൽക്കുന്നുണ്ട്.

ഉത്സവാഘോഷങ്ങൾ

ജനങ്ങളുടെ കൂട്ടായ്മയുടേയും ഐക്യത്തിന്റെയും സന്ദേശമായ ഉത്സവാഘോഷങ്ങൾ ഗ്രാമീണരുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നു. നാനാജാതിമത സ്ഥർ ഐക്യത്തോടെ ആഘോഷപരിപാടികളിൽ പങ്കെടുത്തു വരുന്നു.

വറവട്ടൂരിലെ നരസിംഹമൂർത്തീക്ഷേത്രത്തവും കാർത്ത്യായനീ ക്ഷേത്രവും (കാട്ടൂർ കാവ്) പ്രാദേശികമായി പ്രാധാന്യമർഹിക്കുന്നു. കാട്ടൂർ കാവിൽ പൂരം ആഘോഷിച്ചുവരുന്നു.

കൊണ്ടയൂർ സുബ്രഹ്മണ്യക്ഷേത്രത്തിലെ പ്രധാന ആഘോഷം പൂയ്യാഘോഷമാണ്. കൊടപ്പാറ ഭഗവതി ക്ഷേത്രത്തിൽ കെങ്കേമമായി പൂരം ആഘോഷിക്കുന്നുണ്ട്. പല്ലൂർ നരസിംഹ മൂർത്തീക്ഷേത്രത്തിൽ മണ്ഡലപൂജയാണ് പ്രധാനാഘോഷം. കറ്റുവട്ടൂരിൽ ഒരു ശിവ ക്ഷേത്രമുണ്ട്.

ദേശമംഗലത്തെ കാളകണ്ഠേശ്വര ക്ഷേത്രത്തിൽ ശിവനാണ് പ്രതിഷ്ഠ. വിരുട്ടാണം ആറാംകുളം പൂരം ആരംഭിക്കുന്നത്. ഇവിടെനിന്നാണ്. കോതപ്പുറത്തെ ശ്രീരാമക്ഷേത്രവും പ്രധാനപ്പെട്ട ദേവാലയമാണ്. ആറാംകുളം ഒരു വിഭാഗം പൂരം ഇവിടെനിന്നും ആരംഭിക്കുന്നു. മണിക്കുറ്റി ക്ഷേത്രത്തിലെ പ്രതിഷ്ഠ അഞ്ചുമൂർത്തിയാണ്.

ആറങ്ങോട്ടുകരയിലെ കാർത്ത്യായനീ ക്ഷേത്രത്തിലെ ആഘോഷം, നവരാത്രി ആഘോഷമാണ്. തൃക്കോവിൽ നരസിംഹ മൂർത്തീ ക്ഷേത്രത്തിൽ പുരാഘോഷങ്ങൾ നടത്തിവരുന്നു. കടുകശ്ശേരി എലവന്തിക്കൽ ക്ഷേത്രത്തിലെ പ്രതിഷ്ഠ ശിവനാണ്. കോളൂർ കാവിലെ കപ്ലിങ്ങാട്ട് ഭഗവതീ ക്ഷേത്രത്തിൽ ഭരണി വേലയാണ് പ്രധാനം. കൊറ്റമ്പത്തൂർ ഭഗവതി ക്ഷേത്രത്തിൽ പൂരം ആഘോഷിച്ചുവരുന്നു.

മുസ്ലീം ദേവാലയങ്ങളിൽ നബിദിനാഘോഷം ആർഭാടമായി നടത്താറുണ്ട്. ആറ്റുപുറം നേർച്ചയും തോരക്കുന്നത്ത് നേർച്ചയും മറ്റാഘോഷങ്ങളാണ്. 1939ൽ സ്ഥാപിച്ച ദേശമംഗദലം ഗ്രാമീണ വായനശാലയാണ് ഇവിടത്തെ ആദ്യത്തെ സാംസ്കാരിക സ്ഥാപനം. ദേശമംഗലം മന വകയായി ദേശമംഗലം സഹകരണ ബാങ്ക് കെട്ടിടത്തിലാണ്. വായനശാല പ്രവർത്തനമാരംഭിച്ചത്. പിന്നീട് ഇപ്പോഴത്തെ സ്ഥലത്തേക്ക് മാറ്റി. കൊണ്ടയൂരിൽ ഉണ്ണിയാട്ടിൽ ഇട്ടിച്ചിരി അമ്മ സ്മാരക വായനശാലയും പ്രവർത്തിച്ചുവരുന്നു. പിന്നീട് നിലവിൽവന്ന നിരവധി ക്ലബുകൾ, സ്പോർട്ട്സ് സംഘടനകൾ എന്നിവ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവയുടെ ആഭിമുഖ്യത്തിൽ കയ്യെഴുത്തു മാസികകൾ, പ്രസിദ്ധീകരിച്ചിരുന്നു.

മാതൃഭൂമി, മലയാള മനോരമ ദേശാഭിമാനി, മാധ്യമം എക്സ്പ്രസ്, ഇന്ത്യൻ എക്സ്പ്രസ് എന്നിവയാണ് ഇവിടെ പ്രചാരത്തിലുള്ള പത്രങ്ങൾ.

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ കലാകായിക സംഘടനകൾ

1. കവിതാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൊണ്ടയൂർ
2. ഡയമണ്ട് സ്പോർട്സ് ക്ലബ്ബ് തലശ്ശേരി
3. പ്രഭാ ആർട്സ് ക്ലബ്ബ് തലശ്ശേരി
4. ബോബി സ്പോർട്സ് ക്ലബ്ബ്, കൊണ്ടയൂർ
5. യുണൈറ്റ് ക്ലബ്ബ്, ദേശമംഗലം
6. കസാക്, ദേശമംഗലം
7. ബ്ലൂഡയമണ്ട് ആർട്സ് &സ്പേർട്സ് ക്ലബ്ബ്, ആറ്റുപുറം
8. സർഗ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ആറ്റുപുറം
9. നിള ആർട്സ് ക്ലബ്ബ് കുന്നിൻപുറം
10. ദിഗ്രൂപ്പ്, ദേശമംഗലം
11. കിംഗ് ക്ലബ്ബ് ദേശമംഗലം
12. കൈരളീ സ്പോർട്സ് ക്ലബ്ബ് പല്ലൂർ
13. പ്രിയദർശിനി ആർട്സ്& സ്പോർട്സ് ക്ലബ്ബ്, ദേശമംഗലം

മറ്റു സംഘടനകൾ

ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യ സംഘം

ഗ്രന്ഥശാലകൾ

1. ദേശമംഗലം ഗ്രാമീണ വായനശാല
2. ഉണ്ണിയാട്ടിൽ ഇട്ടിച്ചിരി അമ്മ സ്മാരക വായനശാല കൊണ്ടയൂർ
3. M.I.C ഗവേഷണ ഗ്രന്ഥശാല

നാടൻ കലാരൂപങ്ങൾ

കോൽക്കളി, തിരുവാതിരക്കളി, കൈകൊട്ടിക്കളി, കാളക്കളി എന്നീകളികളിലും, ഞാറ്റുപാട്ട്, പുള്ളുവൻപാട്ട്, മാരിയമ്മൻ പാട്ട്, പാണപ്പാട്ട്, നാഗക്കളപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, തുയിലുണർത്തുപാട്ട്, ഭൂതക്കളപ്പാട്ട്, പാനപ്പാട്ട്, തേക്കുപാട്ട്, നാടൻപാട്ട്, ഉടുക്ക്പാട്ട് എന്നീപാട്ടുകളും, അറവനമുട്ട്, ദഫ്മുട്ട്, ഒപ്പന, ചോഴിക്കളി, ആട്ട്, കോലമെഴുത്ത്, എന്നിവയും ഈ ഗ്രാമത്തിലുണ്ടായിരുന്നു.

ഈ കലാരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്.

കായികരംഗം

നാടൻ കായികവിനോദങ്ങൾ പണ്ടുമുതലേ ഇവിടെ നിലവിലുണ്ട്. കളരിപയറ്റ്, കാരകളി, കല്ലുകളി, ഓണപ്പന്തുകളി, ഗോട്ടികളി, ചൊട്ടയും മണിയുംകളി, കശുവണ്ടികളി, ചതുരംഗകളി, പകിടകളി, മെയ്യഭ്യാസം, കണ്ണുകെട്ടികളി, പുള്ളിയാൻ കുത്തുകളി, ചീട്ടുകളി, തലപ്പന്തുകളി, എന്നിവയിൽ മിക്കതും ഓർമ്മയിൽ മാത്രമായി ചുരുങ്ങി.

ക്രിക്കറ്റി, കരാട്ടേ, കങ്ഫൂ എന്നിവയിലാണ് യുവാക്കൾക്ക് കൂടുതൽ താല്പര്യം

പഞ്ചായത്ത് യുവജനമേളയിൽ പങ്കാളിത്തം വളരെ കുറവാണ്. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ, പ്രത്യേകിച്ചും കൊണ്ടയൂരിൽ, ഫുട്ബോൾ മത്സരങ്ങൾ നടത്തിവരുന്നുണ്ട്. ക്രിക്കറ്റ് ജ്വരം യുവാക്കളിൽ പടർന്നു പിടിച്ചിരിക്കുന്നു. എന്നാൽ സ്കൂൾ തല സ്പോർട്സ് മത്സരങ്ങളിൽ പങ്കാളിത്തം കുറഞ്ഞുവരികയാണ്. കൂടുതൽ ജനങ്ങൾ ഇഷ്ടപ്പെടുന്ന വിനോദം ഫുട്ബോൾ തന്നെ. അതു കഴിഞ്ഞാൽ ക്രിക്കറ്റ്. ക്ലബ്ബുകളുടെ നേതൃത്വത്തിൽ രക്തദാനം, രക്തഗ്രൂപ്പ് നിർണ്ണയം, നേതൃത്വചികിത്സാ ക്യാമ്പ്, ത്വക് രോഗ ചികിത്സാ ക്യാമ്പ്, സൗജന്യ മെഡിക്കൽ ക്യാമ്പ് എന്നിവ നടത്താറുണ്ട്.

പ്രശ്നങ്ങൾ സാധ്യതകൾ

പഞ്ചായത്തിൽ സാംസ്കാരിക രംഗം സജീവമല്ല. യുവാക്കളിൽ നിരാശാ ബോധവും, ഉണർവ്വില്ലായ്മയും പ്രകടമാണ്. പഞ്ചായത്തു വക കളിസ്ഥലം കടുകശ്ശേരിയിൽ സ്ഥിതിചെയ്യുന്നു. കായികതാരങ്ങൾക്ക് വേണ്ടത്ര പരിശീലന സൗകര്യങ്ങളില്ല. വിദ്യാർത്ഥികളല്ലാത്തവർക്ക് പരിശീലനത്തിന് വേദിയില്ല. ശരിയായ കായികാവബോധം വളർത്തിയെടുക്കാൻ കഴിഞ്ഞില്ല. അവധിക്കാലം ശരിയായി വിനിയോഗിക്കാൻ കഴിയുന്നില്ല. 4,5,6 വാർഡുകളിൽ ഗ്രന്ഥശാലകളില്ല. നാടൻ കലാരൂപങ്ങൾ നിലനിർത്താൻ കഴിയുന്നില്ല. സംഗീതം, നൃത്തം, ചിത്രംവര, നാടകം തുടങ്ങിയവ അഭ്യസിപ്പിക്കാൻ അവസരങ്ങളില്ല.

കൊണ്ടയൂർ വായനശാല ഒറ്റപ്പെട്ട പ്രദേശത്തുനിന്ന് കൊണ്ടയൂർ സെന്ററിലേക്ക് മാറ്റി സ്ഥാപിക്കുക. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക. കലാകായിക പരിശീലനത്തിന് കേന്ദ്രങ്ങൾ സ്ഥാപിക്കുക. 4,5,6 വാർഡുകളിൽ ഗ്രന്ഥശാല സ്ഥാപിക്കുക. പൊതുസ്ഥലങ്ങളിൽ പണം വെച്ചുള്ള ചീട്ടുകളി, മദ്യപാനം എന്നിവ അവസാനിപ്പിക്കാൻ നടപടിയെടുക്കുക. പഞ്ചായത്ത് തല യുവജനമേള കൂടുതൽ ചിട്ടയോടെ, ആസൂത്രണം ചെയ്ത് സംഘടിപ്പിക്കുക, കോളനികളിൽ പൊതു ടെലിവിഷൻ സ്ഥാപിക്കുക. പഞ്ചായത്ത് തല സ്പോർട്സ് കൗൺസിൽ രൂപീകരിക്കുക, നാടൻ കലാരൂപങ്ങൾ പരിശീലിപ്പിക്കാൻ സംഘങ്ങളെ സജ്ജമാക്കുക, സംഗീതം, നൃത്തം, ചിത്രംവരം, നാടകം തുടങ്ങിയവ പരിശീലിപ്പിക്കാൻ ഏർപ്പാടാക്കുക, ഗ്രന്ഥശാലകൾക്ക് ഗ്രാമപഞ്ചായത്ത് വക സാമ്പത്തിക സഹായം ഉറപ്പുവരുത്തുക, യോഗാപരിശീലനം, ജീംനേഷ്യവും, കരാട്ടേ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക, അവധികാല കായിക പരിശീലന ക്യാമ്പ് നടത്തുക



9. വനിത

സാമൂഹ്യ പുരോഗതിയ്ക്ക് പുരുഷനു തുല്യമായ പങ്ക് സ്ത്രീക്കും ഉണ്ട്. പുരോഗതിയുടെ ഏതു തലത്തിലായാലും സ്ത്രീയുടെ പങ്കാളിത്തം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. സ്ത്രീ അബലയും ചപലയുമായിരുന്ന കാലഘട്ടം കഴിഞ്ഞുപോയിരിക്കുന്നു. അല്ലെങ്കിൽ അങ്ങനെയൊരു കാലഘട്ടം ഉണ്ടായിട്ടേയില്ല. പുരോഗതിയുടെ വിവിധ തുറകളിൽ അവളുടെ പങ്കാളിത്തം കുറഞ്ഞുപോവുകയാണ് ചെയ്തത്. ഇതിനുകാരണം മുഖ്യമായും പുരുഷന്റെ സ്വേച്ഛാധിപത്യവും, സമുദായങ്ങൾ സ്ത്രീക്കു കല്പിയ്ക്കുന്ന പ്രവർത്തന പരിമിതിയാണ്. ഇന്ത്യയുടെ പ്രധാന മന്ത്രിപദം വരെ അലങ്കരിച്ച ശ്രീമതി ഇന്ദിരാഗാന്ധിയും, വിമാനം പറപ്പിച്ചും തീവണ്ടിയോടിച്ചും ധൈര്യവും കഴിവും കാണിച്ച സ്ത്രീകളും, തങ്ങൾക്കു കഴിയാത്തതായി ഒന്നും തന്നെ ഇല്ല എന്ന് ലോകത്തിന് തെളിയിച്ചുകൊടുത്തുകഴിഞ്ഞിരിക്കുന്നു.

ദേശമംഗലം പഞ്ചായത്തിലെ ജനസംഖ്യ 18237 ആണ്. ഇതിൽ 9421 പേർ സ്ത്രീകളാണ്. അതിൽ 1588 സ്ത്രീകൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെടുന്നവരാണ്. ഇവരിൽ 75% പേർ അഭ്യസ്തവിദ്യരുമാണ്. കാർഷിക വ്യാവസായിക മേഖലയിൽ പ്രവർത്തിക്കുന്നവർ ഏകദേശഖം 25% വരും.

വനിതകളെ ബോധവൽക്കരിച്ച് പ്രാപ്തരാക്കുന്നതിലേക്കായി ഇവിടെ ഒരു വൻമുന്നേറ്റം തന്നെ ആവശ്യമാണ്. സാമ്പത്തിക പരാശ്രയത്വം അവസാനിപ്പിച്ചാൽ മാത്രമേ സാമൂഹ്യ രംഗങ്ങളിൽ സ്ത്രീകളെ കർമ്മനിരതരാക്കാൻ കഴിയൂ പുതിയ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നതോടെ പൊതുപ്രവർത്തനത്തിനിറങ്ങുന്ന സ്ത്രീകളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ മുൻനിരയിലേക്ക് വളരെ കുറച്ചുപേരെ എത്തിയിട്ടുള്ളൂ. ഈ നില മാറ്റിയെടുക്കുന്നതിലേക്കായി ശക്തമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്.

പുരുഷനോടൊപ്പം കായികബലം ഉപയോഗപ്പെടുത്തി. അവന്റത്രതന്നെ സമയം ജോലിചെയ്താലും സ്ത്രീയ്ക്ക് കിട്ടുന്ന വേതനം കുറവാണ്. ഇതിനുകാരണം പുരുഷനുള്ള ആരോഗ്യം സ്ത്രീയ്ക്കില്ലെന്നും അതിനാൽ അവൾ പുരുഷനൊപ്പം വേല ചെയ്യുന്നില്ല എന്നുമുള്ള സമൂഹത്തിന്റെ തെറ്റായ ധാരണയാണ്. 125 രൂപ വേതനം വാങ്ങുന്ന പുരുഷനോടൊപ്പം ജോലി ചെയ്യുന്ന സ്ത്രീയ്ക്കു ലഭിക്കുന്ന വേതനം 60-70രൂപമാത്രമാണ്. കാർഷിക വ്യാവസായിക മേഖലകൾ ഇക്കാര്യത്തിൽ വ്യത്യസ്തമല്ല.

വളരെകുറച്ചു സ്ത്രീകൾ മാത്രമേ കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നുള്ളൂ. കൃഷിപ്പണിചെയ്തിരുന്ന സ്ത്രീകളിൽ നല്ലൊരു പങ്ക് തൊഴിൽ മാന്യതയ്ക്കു ഉയർന്ന വേതനത്തിനും കെട്ടിടനിർമ്മാണം, റോഡുപണി, പാറമടയിലെ പണി, ഇഷ്ടികച്ചൂളയിലെ പണി എന്നിവയിലേക്ക് തിരിഞ്ഞു. റോഡുപണി, ഇഷ്ടികച്ചൂളയിലെ പണി എന്നവ കാലാവസ്ഥയെ ആശ്രയിക്കുന്നതിനാൽ കൂടുതൽ പേരും പട്ടണ പ്രദേശങ്ങളിലേക്ക് ജോലി തേടി പോകുന്നു. അടുത്ത പട്ടണമായ ഷൊർണ്ണൂരിലേക്കും മറ്റും തൊഴിൽ തേടി പോകുന്ന സ്ത്രീകളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചുവരുന്നുണ്ട്. ആദ്യദേശങ്ങളിൽ ജോലി തേടി പോകുന്ന സ്ത്രീകളുടെ കായികവും ബൗദ്ധികവുമായ ശക്തി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ പഞ്ചായത്തിന് അതൊരു മുതൽകൂട്ടായിരിക്കും.

അന്യദേശങ്ങളിൽ ജോലിക്കുപോകുന്ന സ്ത്രീകൾക്ക്, അദ്ധ്വാനത്തിന് അനുസൃതമായി വേതനം ലഭ്യമാക്കുവാനുതകുന്ന തൊഴിൽ സംരംഭങ്ങൾ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കണം. സെമിനാറുകളും, ബോധവത്കരണക്ലാസ്സുകളും, പരിശീലനക്ലാസുകളും നടത്തി

ഏതു തൊഴിലും മാന്യമായതാണെന്നും, സമൂഹത്തിന് അതുകൊണ്ട് ഗുണങ്ങളുണ്ടെന്നും സ്ത്രീകളെ മനസ്സിലാക്കിക്കണം. വരുമാനം എന്നതിലപ്പുറം അവരുടെ കഴിവുകൾ സമൂഹത്തിന് എങ്ങനെ ഗുണം ചെയ്യുന്നു എന്നു കൂടി മനസ്സിലാക്കാൻ സ്ത്രീകൾ പ്രാപ്തരാകുന്നതോടെ അവരുടെ കഴിവുകൾ മുഴുവനായും ഉപയോഗപ്പെടുത്താൻ കഴിയും.

കാർഷിക മേഖലയിലെ സ്ത്രീ പങ്കാളിത്തം കണക്കാക്കി സന്നദ്ധരായ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യാനാവും. പച്ചക്കറി, ഔഷധസസ്യങ്ങൾ, പുഷ്പങ്ങൾഎന്നിവയുടെ കൃഷി പഞ്ചായത്തിൽ കാര്യക്ഷമമായി നടത്തികൊണ്ടു പോകാനാവും, ഇവയ്ക്കെല്ലാം സഹകരണാടിസ്ഥാനത്തിൽ വിപണന സാധ്യതകളും അത്യാവശ്യമാണ്. സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കായി നടത്താവുന്ന മറ്റു ചെറുകിട കുടിൽ വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.

1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
2. മെഴുകിതിരി കൊതുകുതിരി നൂൽതിരി ഇവയുടെ നിർമ്മാണം
3. ചിപ്സ് നിർമ്മാണം (കായ, ചക്ക, മരച്ചീനി, ഉരുളക്കിഴങ്ങ്)
4. കറിപൗഡർ നിർമ്മാണം
5. അച്ചാർനിർമ്മാണം
6. പഴ സംസ്കരണം
7. തീപ്പെട്ടി നിർമ്മാണം
8. പ്ലാസ്റ്റിക് കസേര, കുട്ട എന്നിവയുടെ നിർമ്മാണം
9. പശു ആടി കോഴി എന്നിവയെ വളർത്തൽ
10. കൊണ്ടാട്ട നിർമ്മാണം
11. കുട്ട നിർമ്മാണം
12. സോപ്പ് സോപ്പുപൊടി നിർമ്മാണം
13. പാൽസൊസൈറ്റി രൂപികരണം.
14. കൂൺകൃഷി
15. പുഷ്പകൃഷി
16. ബുക് ബൈൻഡിങ്ങ്
17. ചിരട്ട, ചകിരി, വാഴനാര് ഇവകൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം
18. നൂൽനൂൽപ്പും, തുണിനെയ്ത്തും.

മേല്പറഞ്ഞ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ കാര്യക്ഷമമായി നടത്താൻ കഴിയുന്നവയാണ്. സഹകരണാടിസ്ഥാനത്തിൽ തന്നെ ഇവയ്ക്കെല്ലാം വിപണന സാധ്യതകളും അത്യാവശ്യമാണ്. അല്ലെങ്കിൽ മദ്ധ്യവർത്തികളുടെ ഇടപെടൽ കാരണം അധ്വാനിക്കുന്ന വ്യക്തിക്കോ പഞ്ചായത്തിന്റെ പുരോഗതിക്കോ അധ്വാനം ഫലിക്കാതെ പോകും. അസംസ്കൃത സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കാനുള്ള ഏർപ്പാടും ചെയ്യേണ്ടതാണ്.

സ്ത്രീയെ ചൂഷണം ചെയ്ത് കാശുണ്ടാക്കുന്ന ചിലർ ഏതു സമൂഹത്തിന്റെയും പുഴുക്കുത്തുകളാണ്. തനിക്കെതിരെയുള്ള ചൂഷണത്തിൽ സ്വയം അകപ്പെടാതിരിക്കാനും, അശ്ലീല പോസ്റ്ററുകളും സിനിമകളും പ്രദർശിപ്പിക്കുന്നതിനെതിരെ രംഗത്തിറങ്ങാനും പഞ്ചായത്തിലെ സ്ത്രീകൾക്ക് ബോധവത്കരണം അത്യാവശ്യമാണ്. കുടുംബത്തിലെ പുരുഷന്റെ മദ്യപാനം മൂലം കഷ്ടപ്പെടുന്ന അനവധി സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയാലേ ഇതിൽനിന്നും പഞ്ചായത്തിലെ സ്ത്രീകൾക്ക് രക്ഷയുള്ളൂ. വ്യാജവാറ്റ് കർശനമായി നിരോധിക്കുകയും അത്തരക്കാരെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം. തങ്ങൾക്കുനേരെയുള്ള അസമത്തങ്ങൾക്കും പീഢനങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ സംഘടിപ്പിക്കാൻ സ്ത്രീ ശക്തിയെ സജ്ജമാക്കേണ്ടത് പഞ്ചായത്തിലെ വനിതാക്ഷേമത്തിന് അവശ്യം ആവശ്യമായ സംഗതിയാണ്.

സ്ത്രീധനം നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇതിപ്പോഴും നിലനിൽക്കുന്നു., നിയമം ലംഘിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള സംവിധാനമുണ്ടാകേണ്ടിയിരിക്കുന്നു.

മഹിളാ സമാജങ്ങൾ പേരിനേ ഈ പഞ്ചായത്തിലുള്ളൂ. 1-ാം വാർഡിലെ കസ്തൂർബാ മഹിളാ സമാജം

തന്നെ ഉദാഹരണം. ഇവിടെ പേരിനു മാത്രമാണ് സാമാജം. സെക്രട്ടറിയും പ്രസിഡണ്ടും ഖജാൻജിയും ഒക്കെയുണ്ടെങ്കിലും യാതൊരു വിധ പ്രവർത്തനവും നടക്കുന്നില്ല. വാർഡുതോറും മഹിളാ സംഘങ്ങൾ രൂപീകരിച്ച്, വനിതാക്ഷേമപരമായ സെമിനാറുകളും പരിശീലനക്ലാസുകളും ബോധവൽക്കരണ ക്ലാസുകളും നടത്തി സ്ത്രീകളുടെ കായികവും ബൗദ്ധികവുമായ കഴിവുകൾ ഉപയോഗപ്പെടുത്തുക ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ സംഘാംഗങ്ങൾ ഒത്തുകൂടി വികസന പ്രവർത്തനങ്ങൾക്കായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യണം. പരിസരശുചിത്വം, ആരോഗ്യ പരിപാലനം, അടുക്കളത്തോട്ട നിർമ്മാണം, സമ്പാദ്യശീലം, പോഷകാഹാരങ്ങൾ ഇവയെക്കുറിച്ചൊക്കെ ബോധവതികളാവാൻ ഇത്തരക്ലാസുകളും സെമിനാറുകളും വനിതകളെ സഹായിക്കും. അംഗൻവാടികളിൽ വരുന്ന കുട്ടികളുടെ അമ്മമാർ മാസത്തിലൊരിക്കലെങ്കിലും ഒത്തുകൂടുന്നതിനുള്ള സൗകര്യം അംഗൻവാടികളിൽ ഉണ്ടാകണം. ഇത്തരം സന്ദർഭങ്ങൾ വികസനോന്മുഖമായ ചർച്ചകൾക്ക് വിനിയോഗിക്കാം. സ്ത്രീ ശക്തിയേയും ബുദ്ധിയേയും മെച്ചപ്പെടുത്തിയെടുക്കുന്നതിലൂടെ പഞ്ചായത്തിന് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയും. സംരംഭങ്ങൾക്ക് അത്യന്താപേക്ഷിതമായ വായ്പാ പദ്ധതികളെക്കുറിച്ച് അവരെ ബോധവതികളാക്കുകയും ധനകാര്യസ്ഥാപനങ്ങൾ വായ്പ കൊടുക്കുന്നകാര്യത്തിൽ കുറച്ചുകൂടി ഉദാരമാവുകയും ചെയ്താൽ കൂടുതൽ വനിതാ സംരംഭകരെ മുൻപോട്ടു കൊണ്ടുവരുന്നതിന് പഞ്ചായത്തിനു കഴിയും. അതോടെ സഹകരണാടിസ്ഥാനത്തിലും സ്വയം തൊഴിൽ പദ്ധതിയിലും കൂടുതൽ സ്ത്രീശക്തി ഉപയോഗപ്പെടുത്തുന്നതിനും സ്വയം പര്യാപ്തമായ ഒരു സ്ത്രീ സമൂഹത്തെ വാർത്തെടുക്കുന്നതിനും പഞ്ചായത്തിനു കഴിയും.



അംഗൻ വാടികളിലെ മത്സര വിജയികൾക്ക് പഞ്ചായത്ത് പ്രസിഡന്റ് സമ്മാനം നൽകുന്നു.

10. സഹകരണ മേഖല

കൊല്ലവർഷം1100-ാം മാണ്ട് ചിങ്ങമാസം 5-ാം തിയ്യതി ദേശമംഗലത്തെ എ.കെ.ടി,കെ.യം മനയുടെ നേതൃത്വത്തിൽ 134-ാം നമ്പർ ആയി റജിസ്റ്റർ ചെയ്ത്, ഏഴ് അംഗങ്ങൾ മാത്രമായി അരംഭിച്ച ദേശമംഗലം സർവ്വീസ് സഹകരണബാങ്ക് ഇന്ന് ദേശമംഗലത്തെ സഹകരണ മേഖലയിലെ മഹത്തായ ഏകസ്ഥാപനമായി വളർന്നിരിക്കുന്നു. എന്നിരുന്നാലും സഹകരണരംഗത്തെ ദേശമംഗലം പഞ്ചായത്തിന്റെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് തക്ക വളർച്ച ഈ സ്ഥാപനത്തിന് ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ .18237 പേരിൽ 6588 പേർ ഈ സഹകരണ സ്ഥാപനത്തിലെ അംഗങ്ങളാണ്. (36.12%) ഇതിന്റെ ഓഹരി സംഖ്യ ബാക്കി നില്പ് 14, 89,990 രൂപയാണ്. നിക്ഷേപങ്ങൾ ബാക്കി നില്പ് 3,24,13,904 രൂപയും മൊത്തം വായ്പാ വിതരണം 2,91, 86, 794 രൂപയും ആണ്. ഈ സഹകരണ ബാ ങ്കിന്റെ പ്രവർത്തന മൂലധനം 3 ,76,85, 573 രൂപയും വിവിധ ഇനങ്ങളിലായുള്ള വിറ്റുവരവുകൾ 13,43,863 രൂപയുമാണ്. വിവിധയിനങ്ങളിലായി കൊടുത്ത വായ്പകളിൽ കാലാവുധി കഴിഞ്ഞ് കിട്ടാനുള്ളത് 13,60,180 രൂപയുമാണ്.

ഈ സഹകരണ സംഘം ഗ്രാമ പഞ്ചായത്തിലെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതിയിൽ വായ്പകൾ കൊടുത്ത് ഇവിടത്തെ തൊഴിലില്ലായ്മ പ്രശ്നത്തിന് ചെറിയ അളവിലെങ്കിലും പരിഹാരമുണ്ടാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഓണചന്തയും മാവേലി സ്റ്റോറുകളും നടത്തുകയും കർഷകരുടെ നാണ്യവിളകളായ കശുവണ്ടി, കൊപ്ര മുതലായവ സംഭരിക്കുവാനുള്ള ശ്രമങ്ങൾ ചെറിയ തോതിലെങ്കിലും നടത്തുകയും ചെയ്യുന്നുണ്ട്.

ഈ പഞ്ചായത്തിലെ കർഷകരും തൊഴിൽ രഹിതരും വ്യവസായ സംരംഭകരും നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി വളരെയധികം അടുത്തറിയാവുന്ന ഈ സൊസൈറ്റിക്കു പോലും ഈ പ്രശ്നങ്ങളിൽ പൂർണ്ണമായ പരിഹാരം കണ്ടെത്താൻ കഴിയാതിരിക്കുന്നത് മൂലധനക്കുറവും മേൽത്തട്ടിൽനിന്നുള്ള അനാവശ്യമായിട്ടുള്ള ഇടപെടലുകളുംകൊണ്ടാണ്

ഈ പഞ്ചായത്തിലെ കർഷകർ നേരിടുന്ന പല പ്രശ്നങ്ങൾക്കും ഒരു പരിധിവരെ സഹകരണാടിസ്ഥാനത്തിലുള്ള കൃഷിരീതി പരിഹാരമായേക്കും

ദേശമംഗലം പഞ്ചായത്തതിർത്തിയിൽപെട്ട തലശ്ശേരിയിൽ സഹകരണാടിസ്ഥാനത്തിൽ വനിതകൾ പൊന്നരിസംഘമെന്ന പേരിൽ ഒരു സ്ഥാപനം തൃപ്തികരമായ നിലയിൽ നടത്തുന്നുണ്ട്. കൊണ്ടയൂരിൽ സൗഗന്ധികം അഗർബത്തീസ് എന്ന പേരിൽ വനിതകൾ തന്നെ, സഹകരണാടിസ്ഥാനത്തിൽ ഒരു സ്ഥാപനം നടത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1. സഹകരണപ്രസ്ഥാനത്തിന്റെ പ്രസക്തിയേയും അതുകൊണ്ടുണ്ടാവുന്ന നേട്ടങ്ങളെപ്പറ്റിയും ജനങ്ങൾക്കുള്ള അറിവ് പരിമിതമാണ്. ഇത് സഹകരണാടിസ്ഥാനത്തിൽ കൂടുതൽ സ്ഥാപനങ്ങൾ തുടങ്ങാനുള്ള ശ്രമങ്ങൾ ജനങ്ങളുടെ ഭാഗത്തുനിന്ന് ഇല്ലാതാക്കുന്നു.

2. ദേശമംഗലം പഞ്ചായത്തിലെ ഏക കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായ ദേശമംഗലം സഹകരണസംഘത്തിന്റെ വിപുലീകരണത്തിന്റെ ആവശ്യകതയെപ്പറ്റിയോ പ്രസ്തുതസ്ഥാപനം നിലനില്ക്കേണ്ടതിന്റെ പ്രസക്തിയെപ്പറ്റിയോ, അതിന്റെ ജനപങ്കാളിത്തത്തെപ്പറ്റിയോ ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല.

3. സഹകരണസ്ഥാപനങ്ങളിൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്കുള്ള അംഗത്വം താരതമ്യേന കുറവാണ്.

പരിഹാരങ്ങൾ

1. ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുകയും സെമിനാറുകളും ചർച്ചകളും നടത്തി ജനങ്ങളെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തിയേയും അതുകൊണ്ട് അവർക്കുണ്ടാവുന്ന നേട്ടത്തെപ്പറ്റിയും ബോധവാന്മാരാക്കണം ഇതുമൂലം കൂടുതൽ സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ തുടങ്ങുവാൻ സാധിയ്ക്കും

2. പഞ്ചായത്തിലെ വാർഡുകൾതോറും ദേശമംഗലം സർവ്വീസ് സൊസൈറ്റിയുടെ മൂലധനവിപുലീകരണത്തിന്നുവേണ്ടി സ്ഥലത്തെ കഴിയുന്നത്ര ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ വിളിച്ചുകൂട്ടുകയും കഴിയുന്നത്ര മൂലധന സമാഹരണം നടത്തുകയും വേണം.

3. കൂടുതൽ ആളുകൾക്ക് അംഗത്വം നല്കി കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക

4. കാർഷിക മേഖലയിലും വിഭവസമാഹരണമേഖലയിലും കൂടുതൽ സഹകരണസ്ഥാപനങ്ങൾ സ്ഥാപിച്ച് കർഷകനും ഉൽപാദകനും അവരുടെ ഉൽപന്നങ്ങൾക്ക് ശരിയായ വില ലഭ്യമാക്കുക

5. കൂടുതൽ സഹകരണസൊസൈറ്റികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങുകയോ അല്ലെങ്കിൽ ഇപ്പോഴുള്ള ദേശമംഗലം സൊസൈറ്റിയുടെ ശാഖകൾ കൂടുതൽ തുടങ്ങുകയോ വേണം

6. പുതിയതായി തുടങ്ങുന്ന സഹകരണസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന്നുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിൽനിന്ന് കാലതാമസം കൂടാതെ ലഭ്യമാക്കുക

നിർദ്ദേശങ്ങൾ

1. ദിവസപിരിവ് നടത്തി ജനങ്ങളുടെ സമ്പാദ്യശീലത്തെ വളർത്തി അതിലൂടെ സൊസൈറ്റിയുടെ മൂലധനത്തെ വർദ്ധിപ്പിക്കാവുന്നതാണ്.

2. സഹകരണാടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ തുടങ്ങി ഈ പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തുകയും, അവരുടെ ഉല്പന്നങ്ങൾക്ക് ശരിയായ വില കിട്ടാനിടയാക്കുകയും വേണം ഇത് മദ്ധ്യവർത്തികളുടെ അനാവശ്യമായ ഇടപെടലുകളും, ചൂഷണവും ഒഴിവാക്കും

3. പഞ്ചായത്ത് തലത്തിലോ ജില്ലാതലത്തിലോ സഹകരണാടിസ്ഥാനത്തിൽ സ്ഥാപനം തുടങ്ങി, കൂടിൽ വ്യവാസായ ഉല്പന്നങ്ങളെ ഒരേ Brand (ബ്രാന്റ്) നെയ്മിൽ മാർക്കറ്റിലിറക്കുക. ഇതുമൂലം മാർക്കറ്റിൽ ഇന്നനുഭവപ്പെടുന്ന, ഈ ഉല്പന്നങ്ങളുടെ അനാരോഗ്യപരമായ മത്സരം ഒഴിവാക്കാം.

4. കാർഷികമേഖലയിൽ കൂടുതൽ സഹകരണാടിസ്ഥാനത്തിൽ കൃഷി തുടങ്ങുകയാണെങ്കിൽ ഈ രംഗത്ത് ആശാവഹമായ പുരോഗതിക്ക് വകയുണ്ട്. ഇതിന് കർഷകരിൽ കൂടുതൽ ബോധവൽക്കരണം നടത്തുക.

5. വീട്ടമ്മമാർക്ക് അവരുടെ ഒഴിവുസമയത്ത് ചെയ്യാവുന്ന തൊഴിലുകൾക്ക് പ്രോത്സാഹനം നൽകുകയും (ഉദാ:-കയർ, മെഴുകുതിരി, ചന്ദനതിരി) ഈ ഉല്പന്നങ്ങളെ സഹകരണാടിസ്ഥാനത്തിൽ സമാഹരിക്കുകയും, വിപ്ലന നടത്തുകയും വേണം.

6. വായ്പാ സമ്പ്രദായം കൂടുതൽ ഉദാരമാക്കി കൃഷിയോടൊപ്പം വ്യവസായത്തിനും, പ്രാധാന്യം നൽകുക

7. ദേശമംഗലം കോ ഓപ്പറേറ്റീവ് ബാങ്കിന്റെ കൊടുത്ത വായ്പകൾ യഥാസമയം തിരിച്ചടപ്പിക്കാനുള്ള നടപടിക്രമങ്ങൾ ശക്തമാക്കുക

8.സഹകരണാടിസ്ഥാനത്തിൽ കൂടുതൽ വ്യവസായങ്ങൾ തുടങ്ങി. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

9. അടിയന്തിരമായി ഒരു മിൽക്ക് സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ജനങ്ങൾക്ക് നല്ലയിനം പശുക്കളെ വാങ്ങുന്നതിനും സബ്സിഡൈസ്ഡ് ലോൺ അനുവദിക്കുകയും വേണം.

10. ഖാദി ഗ്രാമവ്യവസായസ്ഥാപനങ്ങളുടെ സഹായ

ത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികളെ പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക

11. കുടനിർമ്മാണം ഫർണീച്ചർ നിർമ്മാണം, ആഭരണ നിർമ്മാണം, പാൽ ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ എന്നിവക്ക് സഹകരണാടിസ്ഥനത്തിൽ സ്ഥാപനഹ്ങൾ ആരംഭിക്കുക

12. വനിത സൊസൈറ്റി രൂപികരിച്ച് വസ്ത്ര നിർമ്മാണം, അച്ചാർ കൊണ്ടാട്ടം, ചെരുപ്പ്, കുട, ബാഗ്, ഇലക്ട്രോണിക്സ് വസ്തുക്കൾ എന്നിവ ഉല്പാദിപ്പിക്കാം.

13. നിലവിലുള്ള സൊസൈറ്റിക്ക് സ്ഥിരമായ ഒരു മാവേലി സ്റ്റോർ സംവിധാനം ഉണ്ടാക്കുക

ഒരു സമൂഹത്തിന്റെ സാമ്പത്തിക ഉന്നതിക്ക് അവശ്യം ആവശ്യമായ ഒന്നാണ് പരസ്പര സഹകരണം. ഇതിനെ പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പരസ്പര സഹകരണം കൊണ്ട് സമൂഹം പുരോഗതി പ്രാപിക്കുന്നതോടൊപ്പം വ്യക്തിയുടെയും അവന്റെ ചുറ്റുപാടുകളുടെയും, നിലവാരം ഉയരുന്നു. ഇത് മാനസികവും കായികവുമായി ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കും.

ദേശമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ ക്രമാനുഗതമായ വളർച്ച

	30-6-92	30-6-93	30-6-94	30-6-95	30-6-96
മെമ്പർമാരുടെ (എണ്ണം)	5397	5922	6152	6396	6588
ഓഹരി സംഖ്യ (ബാക്കി നില്പ്)	7,01,330	8,07,260	8,91,760	12,83,400	14,89,990
നിക്ഷേപങ്ങൾ (ബാക്കി നില്പ്)	1,92,52,291	2,03,90,857	2,61,71,625	3,03,74,386	3,24,13,904
മൊത്തം വായ്പാ വിതരണം	1,59,45,007	1,66,24,526	1,93,83,198	2,93,19,467	2,91,86,794
(ഇതിൽ കാർഷിക വായ്പ)	5,64,925	8,96,030	9,66,185	13,73,321	18,30,850
വിറ്റുവരവുകൾ (വളം, പലചരക്ക്, തുണി, കീടനാശിനി,മാവേലി etc.	12,59,938	13, 90,461	13,50,724	12,90.027	13,44,863
പ്രവർത്തനമൂലധനം	2,05,60,322	2,16,60,142	2,82,99,051	3,35,67,919	3,76,85,563

11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 18237 പേരിൽ 3104 പട്ടികജാതി ക്കാരാണുള്ളത്. ഇതിൽ 1716 പുരുഷന്മാരും 1388 സ്ത്രീകളുമാണുള്ളത്. മൊത്തം ജന സംഖ്യയുടെ 15% ത്തോളം വരുന്ന ഈ ന്യൂനപക്ഷത്തെ സമൂഹത്തിന്റെ മുഖ്യ ധാരയുമായി ബന്ധപ്പെടുത്തേണ്ടത് ഇക്കൂട്ടരുടെ ഉന്നതിക്കും സർവ്വോപരി സമൂഹത്തിന്റെ നന്മയ്ക്കും അത്യന്താപേക്ഷിതമാണ്. യാതനയും വേദ നയും വേണ്ടത്ര അനുഭവിച്ചുകഴിഞ്ഞ ഇവരെ കൈപി ടിച്ച് ഉയർത്തേണ്ടത് ഓരോ ഉത്തമപൗരന്റേയും കടമ യാണ്.

ദേശമംഗലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികജാ തിക്കാരുടെയും 26 കോളനികളും ഒറ്റപ്പെട്ട് കിടക്കുന്ന വീടുകളുമായി ആകെ 533 വീടുകളാണ് ഉള്ളത്. ഇതിൽ പകുതിയോളം ഓലയുംപൈക്കോലും പനം പട്ടയും ഉപ യോഗിച്ച് മേഞ്ഞ വീടുകളാണ്.

പഞ്ചായത്ത് JRY, ഉപാധിരഹിത ഫണ്ട്, ബ്ലോക്ക് JRY, IAY എന്നീ സ്കീമുകളിലൂടെ ഇതുവരെ നൂറോളം കുടും ബങ്ങൾക്ക് വീടുകളും കക്കൂസുകളും കോളനികളി ലേയ്ക്ക് റോഡുകളും നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഇപ്പോഴും വളരെയധികം പട്ടികജാതി കുടും ബങ്ങൾക്കും സ്വന്തമായി പാർപ്പിടമോ അവരുടെ കോള നികളിലേയ്ക്ക് ഗതാഗതയോഗ്യമായ റോഡുകളൊ ഇല്ല.

ഈ പഞ്ചായത്തിൽപ്പെട്ട പട്ടികജാതിക്കാരുടെ കോള നികളായ പാലപ്പറമ്പ് കോളനിയും കളളിക്കുന്ന് കോള നിയും യഥാക്രമം IHDP കോളനിയായും അംബേദ്കർ കോളനിയായും പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇനിയും വളരെ യധികം പ്രവർത്തനങ്ങൾ പുരോഗതിയ്ക്ക് വേണ്ടി ഇവിടെ ചെയ്യേണ്ടതായിട്ടുണ്ട്.

ഗവൺമെന്റ് തലത്തിലും പഞ്ചായത്ത് തലത്തിലും പല ബോധവൽക്കരണ പരിപാടികൾ നടന്നിട്ടുണ്ടെ ങ്കിലും ഇപ്പോഴും സാമൂഹിക, സാംസ്കാരിക, പൊതു പ്രവർത്തനരംഗത്ത് വരുന്നതിൽ ഇവർ ഒരു പരിധിവരെ വിമുഖരാണ്. സാമ്പത്തികമായി വളരെ പിന്നിൽനിൽക്കുന്ന ഇവരെ ഉയർത്തികൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. ഇവരിൽ യുവജനങ്ങൾ പ്രത്യേ കിച്ചും കാർഷികതൊഴിലിനോടും പരമ്പരാഗത തൊഴി ലുകളോടും പൊതുവെ വിമുഖത കാണിക്കുന്നു. വേത നകുറവും തൊഴിൽ ഭദ്രത ഇല്ലായ്മയുമാണ് ഇതിന്റെ പ്രധാനകാരണങ്ങൾ

വിദ്യാഭ്യാസ പരമായി താഴ്ന്ന നിലവാരമാണ് ഈ വർഗ്ഗക്കാർ പുലർത്തുന്നതെങ്കിലും ഇവരിൽ ചെറിയ ഒരു വിഭാഗക്കാർക്ക് ഈ അവസ്ഥയെ അതിജീവിക്കുവാനും സർക്കാർ ജോലികളും സ്വകാര്യ സ്ഥാപനങ്ങളിലെ ജോലികളും സമ്പാദിക്കുവാനും ഉയർന്ന ജീവിത നില വാരം പുലർത്തുവാനും കഴിഞ്ഞിട്ടുണ്ട്.

പ്രശ്നങ്ങൾ

1. പട്ടികജാതിക്കാരുടെ കോളനികളിൽ പ്രാഥമികാ വശ്യങ്ങൾക്കുവേണ്ട സൗകര്യങ്ങൾ വളരെക്കുറവാണ്.

2. അധികവും ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതിചെ യ്യുന്ന ഈ കോളനികളിൽ വാഹനങ്ങൾ വരുന്നതിനും പോവുന്നതിനും വേണ്ട സൗകര്യങ്ങളോ അവശ്യം ആവ ശ്യമായ കുടിവെള്ളത്തിന്റെ ലഭ്യതയോ ഇല്ല.

3. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം

വളരെ താഴ്ന്നതാണ്.

4. ഇവരുടെ ഉന്നതിക്കായിട്ടുള്ള സ്കീമുകൾക്കനുവദിച്ചിട്ടുള്ളവ ഫണ്ടുകളുടെ അപര്യാപ്തത

5. സ്വന്തമായി വീടില്ലാത്തവർ ഇപ്പോഴും വളരെ കൂടുതലാണ്.

6. തൊഴിലവസരങ്ങളുടെയും തൊഴിൽ പരിജ്ഞാനത്തിന്റെയും കുറവ്

7. പൊതുരംഗത്തും, സാമ്പത്തികരംഗത്തും, സാങ്കേതികരംഗത്തും, ഉണ്ടായികൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി ഇക്കൂട്ടർക്കുള്ള അജ്ഞത

8. പരിസരമലിനീകരണം ഈ കോളനികളിൽ ഉയർത്തുന്ന ഭീഷണി

9. ഇവരിൽ വളരെയധികം ആളുകൾ ഇപ്പോഴും താമസിക്കുന്നത് മൺകട്ടകൾകൊണ്ട് നിർമ്മിച്ചിട്ടുള്ള വീടുകളിലായതിനാൽ, ഭൂകമ്പ ഭീഷണി ഉയർത്തുന്ന പ്രശ്നങ്ങൾ.

10. സാമ്പത്തികമായി ഇവർ ഇപ്പോഴും വളരെ പിന്നോക്കാവസ്ഥയിലാണ്.

11. പട്ടികജാതിക്കാരുടെ പകുതിയിലധികംപേരുടെയും വീടുകളിൽ വൈദ്യുതി ഇല്ല.

12. പരമ്പരാഗത തൊഴിലിനോട് ഇവർ കാണിക്കുന്ന വൈമുഖ്യം

പരിഹാരങ്ങൾ

1. വിവധസ്കീമുകളിലായി സൗജന്യമായി, പട്ടികജാതിക്കാരുടെ കോളനികളിൽ പ്രാഥമികാവശ്യങ്ങൾക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുക

2. ഇവരുടെ കോളനികളിൽ കുഴൽകിണറുകളും പൊതുകിണറുകളും നിർമ്മിക്കുക, ഉയർന്ന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന കോളനികളിലെ നിവാസികൾക്ക് കുടിവെള്ളം യഥേഷ്ടം ലഭിക്കുന്നതിനുവേണ്ടി ഓവർ ഹെഡ് ടാങ്കുകളോ അണ്ടർ ഗ്രൗണ്ട് ടാങ്കുകളോ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുക

3. റോഡുകൾ ഇല്ലാത്ത കോളനികളിലേയ്ക്ക് ഗതാഗതയോഗ്യമായ റോഡുകൾ പണികഴിപ്പിക്കണം. ഉള്ള റോഡുകളുടെ അറ്റകുറ്റപണികൾ കാലാകാലം നടത്തണം.

4. പല കോളനികളും സ്ഥിതി ചെയ്യുന്നത് സ്കൂളുകളിൽ നിന്ന് 4 ഉം, 5 ഉം കിലോമീറ്റർ അകലെയാണ്. സ്കൂളുകളിൽപോയി വരുന്നതിനുള്ള ബുദ്ധിമുട്ട് പ്രൈമറി വിദ്യാഭ്യാസത്തോടെ ഇവർ പഠിപ്പു നിർത്തുന്നതിനുള്ള പ്രധാന കാരണമാണ്. പുതിയ സ്കൂളുകൾ സ്ഥാപിക്കുമ്പോൾ ഈ പ്രശ്നം മനസ്സിൽ കണ്ട്. കോളനികളിൽനിന്ന് അധികം ദൂരമില്ലാത്ത സ്ഥലത്തുവേണം ഇവ സ്ഥാപിക്കാൻ. ഇപ്പോഴത്തെ അവസ്ഥയെ തരണം ചെയ്യാൻ പട്ടികജാതിക്കാർക്ക് സൗജന്യയാത്രാസൗകര്യം സ്കൂളുകളിലേയ്ക്ക് പോകുവാൻ ഏർപ്പെടുത്തണം. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ പറ്റി തീവ്രമായ ബോധവൽക്കരണം ഇവരുടെ ഇടയിൽ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

5. പട്ടികജാതിക്കാരുടെ ഉന്നതിക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്കീമുകൾക്ക് കൂടതൽ ഫണ്ടുകൾ അനുവദിച്ച് പ്രസ്തുത സ്കീമുകൾ വിജയകരമാക്കി തീർക്കുക

6. എല്ലാ പട്ടിക ജാതി കുടുംബങ്ങൾക്കും സൗജന്യമായി പാർപ്പിട സൗകര്യം നടപ്പിലാക്കുക

7. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഇവർക്കുവേണ്ടി തൊഴിൽ പരിശീലനക്യാമ്പുകൾ കൂടുതൽ നടത്തുകയും വേണം. സ്വയം തൊഴിൽ കണ്ടെത്താനുള്ള വായ്പാ സൗകര്യം ഇവർക്ക് കൂടുതൽ ഉദാരമാക്കുക

8. കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിച്ച് അവയിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുകയും വേണം. ഇങ്ങിനെ നാടിന്റെ പൊതുരംഗത്തും, സാമ്പത്തികരംഗത്തും, സാങ്കേതികരംഗത്തും, നടക്കുന്ന ദൈനം ദിന കാര്യങ്ങളെപറ്റി ഇവരെ ബോധവാൻമാരാക്കാവുന്നതാണ്.

9. പരിസരശുചീകരണത്തിന്റെ ആവശ്യകതയെ പറ്റിയുള്ള ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു ഈ മേഖലയിലുള്ള ഇവരുടെ അജ്ഞത മാറ്റാവുന്നതാണ്.

10. തൊഴിലവസരങ്ങളുടെ വളർച്ചയും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങളുടെ വർദ്ധനവും ഇവരെ സാമ്പത്തികമായി ഉയർന്ന നിലയിലെ

ത്തിക്കും

11. ഭൂകമ്പ ഭീഷണിയുള്ള ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ മൺകട്ട ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള വീടുകൾക്കുപകരം ഈ ഭീഷണിയെ അതിജീവിക്കാൻ ഉതകുന്ന തരത്തിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പുതിയ വീടുകൾ സൗജന്യമായി നിർമ്മിച്ചു നൽകുക

12. പട്ടികജാതിക്കാരുടെ വീടുകൾക്ക് മുൻഗണനാടിസ്ഥാനത്തിലും സൗജന്യനിരക്കിലും വൈദ്യുതി നൽകുക

13. പരമ്പരാഗത തൊഴിലുകളോട് ഇവർ വൈമുഖ്യം കാണിക്കുന്നതിനു കാരണം-വേതന ക്കുറവും, ആ തൊഴിലിനോട് അവർക്കുള്ള മാന്യതക്കുറവുമാണ്. വേതന വർദ്ധനവും, ബോധവൽക്കരണ പരിപാടികളും മൂലമെ ഇതു മാറ്റിയെടുക്കാനാവൂ.

ഗ്രാമസഭകളിൽ നിന്നുള്ള പൊതുനിർദ്ദേശങ്ങൾ

1. എല്ലാ പട്ടികജാതിക്കാർക്കും സൗജന്യനിരക്കിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി പാർപ്പിടങ്ങൾ നിർമ്മിച്ചു നൽകുക

2. പട്ടികജാതിക്കാരുടെ വീടുകളിൽ കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും ലഭ്യത ഉറപ്പുവരുത്തുക

3. പട്ടികജാതിക്കാരുടെ കോളനികളിൽ വായനശാലകൾ സ്ഥാപിക്കുക. ടെലിവിഷൻ സെറ്റുകൾ സൗജന്യമായി കോളനികളിൽ സ്ഥാപിക്കുകയും ഇതു ഇരുന്നു കാണുന്നതിനുള്ള സൗകര്യങ്ങൽ ഏർപ്പെടുത്തുകയും ചെയ്യുക

4. ജാതീയ ഉച്ചനീചത്വങ്ങൾ ഒഴിവാക്കാനായി മിശ്രവിവാഹത്തെയും മിശ്രഭോജനത്തേയും പ്രോത്സാഹിപ്പിക്കുക

5. വിദ്യാഭ്യാസം നിർബന്ധിതമാക്കുക

6. കോളനികളിൽ വൈദ്യുത കാര്യക്ഷമതക്കുവേണ്ടി ട്രാൻസ്ഫോർമറുകൽ സ്ഥാപിക്കുക

7, പരിസര മലിനീകരണം നിമിത്തം രോഗങ്ങൾ പരക്കുന്നതിനെതിരെ കാലാകാലം കോളനികളിൽ മരുന്നു തളി നിർബന്ധമാക്കുകയും ബോധവൽക്കരണ നടപടികൾ സ്വീകരിക്കുകയും വേണം.

8. വൈദ്യുതി കണക്ഷനുവേണ്ടി CD അടച്ചുകഴിഞ്ഞവർക്ക് കണക്ഷൻ ഉടൻ ലഭ്യമാക്കുക

9. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടു ജീവിക്കുന്നവർക്ക് അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുക

10. പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽ അംഗൻവാടികളും സഹകരണാടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങളും തുടങ്ങുക

11. പട്ടികജാതിക്കാരിൽ പലരും പഴയകാല നാടൻ കലാരൂപങ്ങളായ പൂതൻ. തിറ, കാളകളി ആണ്ടികളീ, ശങ്കരനായാടിക്കളി തുടങ്ങിയവയിൽ പ്രവീണരാണ്. നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കലാരൂപങ്ങളുടെ പുനരുദ്ധാരണത്തിന് വേണ്ട സഹായസൗകര്യങ്ങളും ഈ കലാകാരൻമാർക്ക് അവശകലാകാരന്മാർക്കുള്ള പെൻഷൻ നല്കണം.

12. മദ്യപാനശീലംകൊണ്ട് സംഭവിക്കുന്ന സാമ്പത്തിക നഷ്ടത്തെക്കുറിച്ചും ശാരീരിക വിപത്തുകളെ കുറിച്ചും ഇക്കൂട്ടരെ ബോധവാന്മാരാക്കണം. ഇതിന് വേണ്ടി ഇടയ്ക്കിടെ ബോധവൽക്കരണ സെമിനാറുകൽ കോളനികൾ തോറും നടത്തേണ്ടതാണ്.

13. പട്ടികജാതിക്കാർക്കായുള്ള വായ്പാ സൗകര്യങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്.



ദേശമംഗലം പഞ്ചായത്തിലെ പട്ടികജാതികോളനികളുടെ ലിസ്റ്റ്

വാർഡ് നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
I	പാലപ്പറമ്പ് ഹരിജൻകോളനി	67
I &IX	പല്ലൂർ ഹരിജൻകോളനി	35
	നരിപറ്റകുന് കോളനി	30
	കാഞ്ഞിരക്കോട് കോളനി	12
II	കൊല്ലീരിപടി കോളനി	25
	ചെറുകാട് ഹരിജൻ കോളനി	10
	ചോലപ്പള്ളിഞ്ഞാലിൽകോളനി	10
	കൊടക്കാട്ട് കുന്ന് കോളനി	11
III	തച്ചക്കുന്ന കോളനി	11
	മണ്ണേങ്ങോട്ട് കോളനി	20
	അംബേദ്ക്കർ കള്ളിക്കുന്ന കോളനി	52
	ഉണ്ണിക്കുന്ന് കോളനി	60
IV	ഓടുപാറക്കുന്ന കോളനി	11
V	പണ്ടാരത്തിൽ പടി കോളനി	20
	പല്ലൂർ സാമ്പവ കോളനി	12
	കളവർക്കോട് കോളനി	15
	അമ്പാട്ട് കുന്ന് കോളനി	15
VI	കൊറ്റമ്പത്തൂർ കോളനി	31
	കോളൂർ ക്കാവ് കോളനി	10
VII & IX	ലക്ഷം വീട് കോളനി	12
	പാണൻകോളനി	14
VIII	കപ്പാരത്ത് കോളനി	20
	വാളേരി കോളനി	15
	പൊറശ്ശേരിപടി കോളനി	11
	എളേതുപടി കോളനി	11
IX	പരതമേൽ കോളനി	11

12. വിഭവസമാഹരണം

പഞ്ചായത്ത് നിയമമനുസരിച്ച് ചുമത്തി പിരിക്കുന്ന വീടുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവയാണ് പഞ്ചായത്തിന് നേരിട്ടുലഭിക്കുന്ന സ്ഥിര വരുമാനം.

മണൽ ലേലത്തിലൂടെ ലഭിക്കുന്ന സംഖ്യയാണ് മറ്റൊരു പ്രധാന വരുമാന മാർഗ്ഗം. കഴിഞ്ഞ മൂന്നു വർഷമായാണ് മണൽ ലേലത്തിൽനിന്ന് കാര്യമായ വരുമാനം ലഭിക്കുന്നത്. ഈ വരുമാനം ഇതേ തോതിൽ തുടർന്നു ലഭിക്കുമെന്ന് പ്രതീക്ഷിച്ചു കൂടാ. ഭാരതപ്പുഴയിൽ നിർമ്മിക്കണമെന്ന് നാം ആവശ്യപ്പെട്ടിരിക്കുന്ന തടയണ വന്നു കഴിഞ്ഞാൽ ഇന്നത്തെ തോതിൽ മണൽ വാരൽ തുടരാൻ സാധിയ്ക്കില്ല. ജലസേചനത്തിനും മറ്റും നിർമ്മിക്കുന്ന ടാങ്കുകൾക്കും മറ്റു നിർമ്മിതികൾക്കും സമീപവും, മണൽ വാരുന്നത് നിയന്ത്രിക്കേണ്ടത് ആവശ്യമായതിനാൽ അത്തരം നിർമ്മാണങ്ങൾ വരുന്നതോടെ മണലിൽനിന്നുള്ള വരുമാനം ചുരുങ്ങാൻ സാധ്യതയുണ്ട്.

നേരിട്ടല്ലാതെ കേന്ദ്ര-കേരള സർക്കാരുകൾ മുഖേന ലഭിക്കുന്ന വരുമാന മാർഗ്ഗങ്ങളാണ് ബേസിക് ടാക്സ് ഗ്രാന്റ് സ്റ്റാമ്പ് ഡ്യൂട്ടി, വാഹന നികുതി നഷ്ടപരിഹാരം (vehicle tax compensation V.T.C) ഗ്രാമീണ നിരത്ത് കേടുപാട് തീർക്കൽ (village Road Maintenance) ഗ്രാന്റ് ഉപാധിരഹിത ഫണ്ട്, മൈനർ ഇറിഗേഷൻ ഗ്രാന്റ് തുടങ്ങിയവ കേന്ദ്രസർക്കാരിൽനിന്നും നേരിട്ടു ലഭിക്കുന്ന ജവഹർ റോസ് ഗാർ യോജന (J.R.Y) പദ്ധതിയിലെ വരുമാനം അതതുകൊല്ലം തീരുമാനിക്കപ്പെടുന്ന നയത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.

ഇവയ്ക്കുപുറമെ പഞ്ചായത്ത് രാജ് നിയമപ്രകാരം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ബജറ്റിൽ വകയിരുത്തുന്ന തുകയുടെ വിഹിതം യഥാസമയം ലഭിക്കുന്നു.

പഞ്ചായത്തിനു സ്വന്തം ആസ്തികളിൽനിന്നുലഭിക്കുന്ന വരുമാനമാണ് മറ്റൊന്ന്. പഞ്ചായത്ത് ബസ്റ്റാന്റും അതോടനുബന്ധിച്ചു നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്, താഴെ പ്രത്യേകമായി ഉപാധിരഹിത ഫണ്ട് പദ്ധതിയിൽ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയിൽ നിന്നുള്ള വരുമാനങ്ങളാണിവ. എന്നാൽ ബസ് സ്റ്റാന്റിലേക്ക് വാഹനങ്ങൾ വന്നു പോകുന്നതിനുള്ള ബുദ്ധിമുട്ട് കാരണം സ്റ്റാന്റിന്റെ പ്രയോജനം വേണ്ടവിധം ലഭ്യമായിട്ടില്ല. അതുകൊണ്ടു തന്നെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നു ഇതുവരെയുള്ള വരുമാനം നാമമാത്രമായിരുന്നു. റൂറൽ ഡവലപ്പ്മെന്റ് ബോർഡിൽനിന്നും വാങ്ങിയ വായ്പ തിരിച്ചടച്ചിരിക്കുന്നതിനാൽ അറ്റകുറ്റപ്പണികൾക്ക് വേണ്ടിവരുന്ന ചിലവ് കഴിച്ച് ബാക്കി ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് ഒരു മുതൽകൂട്ടായിരിക്കും. മെയിൻ റോഡിനു സമാന്തരമായി മനവളപ്പിൽ നിന്നു തുടങ്ങി കാളകണ്ഠേശ്വരം ക്ഷേത്രത്തിനു സമീപം വീണ്ടും മെയിൻ റോഡിൽ ചേരുന്ന റോഡ് വികസിപ്പിച്ച് ടാർ ചെയ്ത് വൺവെ ട്രാഫിക് നടപ്പിലാക്കി എല്ലാ ബസ്സുകളും നിർബന്ധമായും സ്റ്റാന്റിൽ വന്നു പോകേണ്ട സംവിധാനം ഉണ്ടാക്കിയാൽ ഷോപ്പിംഗ് കോംപ്ലക്സ് സജീവമാകുന്നതും തന്മൂലം അതിൽനിന്നു പഞ്ചായത്തിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതുമാണ്.

ചെറുകിട സമ്പാദ്യപദ്ധതി പ്രകാരമുള്ള വിവിധ സ്കീമുകൾ പ്രയോജനപ്പെടുത്തി ഉണ്ടാക്കാവുന്ന വരുമാനമാണ് ഇനിയൊന്ന്. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തി വരുമാനമുണ്ടാക്കാൻ എല്ലാ വാർഡുകളിൽ നിന്നുംനിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. R.D. സേവിംഗ്സ് ബാങ്ക്, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, ഇന്ദിരാ വികാസ് പത്ര എന്നിവയിലൂടെ സമാഹരിക്കപ്പെടുന്ന ഫണ്ടിന്റെ ഒരു വിഹിതം പഞ്ചായത്തിനു ലഭിക്കുന്നതാണ്. പഞ്ചായത്തിലെ എല്ലാ വീട്ടുകരെയും റിക്കറിംഗ്

ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ ചേർക്കാൻ ഒരു തീവ്ര ശ്രമം നടത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാനത്തിൽ ഒരു മുഖ്യ പങ്കുവഹിക്കുന്ന ഭാരതപ്പുഴയിലെ മണലിൽ നിന്നുള്ള വരുമാനം ഒരേ തോതിൽ തുടർന്നും ലഭിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനത്തെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. ഇപ്പോഴത്തെ ലേല സംവിധാനം പ്രകാരം ലേലത്തിൽ പങ്കുകൊള്ളുവാൻ വരുന്നവർ ഒത്തുചേർന്നാൽ മനഃപൂർവ്വം ലേലസംഖ്യ കുറയ്ക്കുവാൻ സാധിക്കുമെന്നതു തെളിഞ്ഞതാണ്. 1994-95ൽ 28 ലക്ഷം രൂപയ്ക്ക് വിളിച്ചുപോയ അത്രയും സ്ഥലത്തെ മണൽ 1995-96ൽ ലേലം വിളിച്ചപ്പോൾ 16 ലക്ഷം രൂപ മാത്രമാണ് കിട്ടിയത്. ഭീമമായ ഈ അന്തരം കുറയ്ക്കുവാൻ ആവശ്യമായ സംവിധാനത്തെപറ്റി ചിന്തിക്കാവുന്നതാണ്. മണൽവാരിപ്പോകുന്ന ലോറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചുരുങ്ങിയ തുക കണക്കാക്കി പിരിയ്ക്കാവുന്ന എന്തെങ്കിലും സംവിധാനത്തെപ്പറ്റി ചിന്തിയ്ക്കാവുന്നതുമാണ്.

ഗ്രാമീണ കടം

അര നൂറ്റാണ്ടിലേറെ കാലമായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സർവ്വീസ് സഹകരണ ബാങ്കും, നേടുങ്ങാടി ബാങ്കിന്റെ ഒരു ശാഖയും തളിയിൽ പ്രവർത്തിക്കുന്നതും ഈ പഞ്ചായത്തിന്റെ ഏതാനും ഭാഗം പ്രവർത്തന മേഖലയായിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ശാഖയും ഈ പഞ്ചായത്തിൽ പണമിടപാട് നടത്തുന്നുണ്ടെങ്കിലും പാവപ്പെട്ടവരും താഴ്ന്ന വരുമാനക്കാരുമായ നല്ലൊരു ഭാഗം ജനങ്ങൾ ഇന്നും സ്വകാര്യ പണമിടപാടുകാരുടെ നീരാളിപ്പിടുത്തത്തിലാണ്. വ്യക്തികൾ ഒറ്റയ്ക്കോ കൂട്ടായോ നടത്തുന്ന ഇത്തരം ഇടപാടുകാരെ സമീപിക്കാൻ സാധാരണക്കാരെ നിർബന്ധിക്കുന്നത് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കടം ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധി മുട്ടുകളാണ്. സ്വകാര്യ വ്യക്തികൾക്ക് തീരുമാനമെടുക്കുന്നതിന് മറ്റാരോടും അന്വേഷിക്കേണ്ടതില്ല, പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, "പിടിച്ചെടുക്കാൻ" കയ്യൂക്കുണ്ടെന്ന് കടക്കാരനെ ബോദ്ധ്യപ്പെടുത്തുകയേ വേണ്ടൂ. മൊത്തമായി വാങ്ങുന്ന സംഖ്യ എത്ര ചെറിയ തുകയായും തിരിച്ചുകൊടുക്കാനുള്ള സൗകര്യമുണ്ട്. ഈ മെച്ചമാണ് സ്വയം കടക്കെണിയിലേക്ക് കഴുത്തു നീട്ടികൊടുക്കാൻ സാധാരണക്കാരെ പ്രേരിപ്പിക്കുന്നത്. ജാമ്യവ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുകയും തിരിച്ചടവിന് ദിവസപ്പിരിവോ ആഴ്ചപ്പിരിവോ നടത്താനുള്ള സംവിധാനം ധനകാര്യസ്ഥാപനങ്ങൾ ഉണ്ടാക്കുകയും ചെയ്താൽ ഈ സ്ഥിതിയിൽ വളരെ മാറ്റം വരുന്നതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന ഇനങ്ങളും വരുമാനങ്ങളും അവലംബം Yearly DCB '95-'96

1. കെട്ടിടനികുതി	102373.00
2. ഗ്രന്ഥശാലാവരി	5310.20
3. തൊഴിൽനികുതി	55235.00
4. പ്രദർശനനികുതി	1818.00
5. വിനോദനികുതി	14296.00
6. 75% ഡ്യൂട്ടി	81254.00
7. പി.എഫ് .എ.	408.00
8. ഷോപ്പിംഗ് സെന്റർ കറന്റ് ചാർജ്ജ്	2260.00
9. കെട്ടിടവാടക	17033.00
10. 25% ഡ്യൂട്ടി	40000.00
11. ബസ് സ്റ്റാന്റ് ലേലവരവ്	4260.00
12. മണൽ ലേലം	2825000.00
13. പാറ വില	6900.00
14. D &O licence	2202.00
15. സിനിമ ലൈസൻസ്	520.00
16. Basic tax grant	31,130.00
17. Untied fund	3,51,940.00
18. V.R.M.grant	24715.00
19. M.I.grant	5050.00
20. പ്രദർശന നികുതി സർ ചാർജ്ജ്	459.00
21. അധികവിനോദനികുതി	8666.00

മറ്റിനങ്ങൾ അടക്കം ആകെ പഞ്ചായത്തിന്റെ 95-96ലെ വരുമാനം Rs. 3718574.10

Expenditure 1996–97

1. പ്രസിഡന്റെനും അംഗങ്ങൽക്കും ഉള്ള സിറ്റിങ്ങ് ഫീ, യാത്രാപടി Etc.	57189.00
2. ജീവനക്കാരുടെ ശമ്പളവും പെൻഷൻ തുടങ്ങിയവ	306627.00
3. കാര്യനിർവ്വഹണാധികാരസ്ഥന്റെ ശമ്പളം പെൻഷൻ യാത്രാപ്പടി Etc.	79128.00
4. പൊതുമരാമത്തു പണികൾ	1287966.00
5. വിദ്യാഭ്യാസം	17194.00
6. ജലം	50,000.00
7. തെരുവുവിളക്ക്	49937.00
8. പലവകചെലവുകൾ	86139.00
ആകെ	1934180.00

